©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപത്തിയൊൻപതാമത് റിപ്പോർട്ട്

**(2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 - നഗര തദ്ദേശ സ്ഥാപനങ്ങളിലെ പരിസ്ഥിതി ശുചിത്വ പരിപാലനം-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപത്തിയൊൻപതാമത് റിപ്പോർട്ട്
(2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 - നഗര തദ്ദേശ സ്ഥാപനങ്ങളിലെ പരിസ്ഥിതി ശുചിത്വ പരിപാലനം-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

226/2021.

# <u>ഉള്ളടക്കം</u>

*പേജ്*

| | | |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | I |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : | 49 |
| അനുബന്ധം - II | | |
| സർക്കാർ മറുപടി | : | 56 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)
## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി.ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

**ശ്രീ. കെ. വി. വിജയദാസ്

***ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ. ജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി., അണ്ടർ സെക്രട്ടറി.

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി.

** 2021 ജനുവരി മാസം 18-ാം തീയതി നിര്യാതനായി.

*** 2020 മാർച്ച് മാസം 8-ാം തീയതി നിര്യാതനായി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 69-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2-നഗര തദ്ദേശ സ്ഥാപനങ്ങളിലെ പരിസ്ഥിതി ശുചിത്വ പരിപാലനം-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021, ജനുവരി 21.

# റിപ്പോർട്ട്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 - നഗര തദ്ദേശ സ്ഥാപനങ്ങളിലെ പരിസ്ഥിതി ശുചിത്വ പരിപാലനം-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

ഓഡിറ്റ് ഖണ്ഡിക

### 3.2 നഗര തദ്ദേശസ്ഥാപനങ്ങളുടെ പരിസ്ഥിതി ശുചിത്വ പരിപാലനം

### 3.2.1 ആമുഖം

ശുദ്ധമല്ലാത്ത കുടിവെള്ളത്തിന്റെ ഉപയോഗം, മനുഷ്യ വിസർജ്ജ്യങ്ങളുടെ അനുചിതമായ നിർമ്മാർജ്ജനം, വൃത്തിഹീനമായ മാലിന്യ സംസ്കരണം, അനുചിതമായ പരിസ്ഥിതി ശുചീകരണം, വ്യക്തി ശുചിത്വത്തിന്റെയും ഭക്ഷണ ശുചിത്വത്തിന്റെയും അഭാവം എന്നിവയാണ് പല രോഗങ്ങളുടെയും പ്രധാന കാരണം. ഇത് ജനജീവിതത്തിന്റെ ഗുണമേന്മയെ മോശമായി ബാധിക്കുകയും ഉയർന്ന ചികിത്സാചെലവ് വരുത്തിവെക്കുകയും ചെയ്യും.

പരിസ്ഥിതി ശുചിത്വം നിലനിർത്തുക എന്നത് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൻ കീഴിൽ നഗര തദ്ദേശസ്ഥാപനങ്ങളുടെ നിയമപരമായ ചുമതലയാകുന്നു. ഓടകളുടെ നിർമ്മാണം, പരിപാലനം, വൃത്തിയാക്കൽ; മാലിന്യങ്ങൾ, ചപ്പുചവറുകൾ, വെറുപ്പുളവാക്കുന്ന മറ്റു സാധനങ്ങൾ എന്നിവയുടെ നീക്കം ചെയ്യലും നിർമ്മാർജ്ജനവും; മുനിസിപ്പാലിറ്റി ചന്തകളുടെയും അറവുശാലകളുടെയും, പൊതുവീഥികളുടെയും ശൗചാലയങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളുടെയും നിർമ്മാണവും നിയന്ത്രണവും; അഴുക്കുചാൽ പദ്ധതിയുടെ നടപ്പാക്കൽ എന്നിവയും കേരള മുനിസിപ്പാലിറ്റി നിയമത്തിൻ കീഴിൽ നഗര തദ്ദേശസ്ഥാപനങ്ങൾ നടപ്പാക്കേണ്ട പരിസ്ഥിതി ശുചിത്വവുമായി ബന്ധപ്പെട്ട നിയമപരമായ പ്രവൃത്തികളാകുന്നു.

നഗര തദ്ദേശ സ്ഥാപനങ്ങൾ, നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പരിസ്ഥിതി ശുചിത്വവുമായി ബന്ധപ്പെട്ട ഇത്തരം പരിപാടികളും പദ്ധതികളും രൂപകൽപ്പന ചെയ്ത് നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയായിരുന്നു ഓഡിറ്റിന്റെ ലക്ഷ്യം. ഓഡിറ്റ് മാനദണ്ഡങ്ങളുടെ പ്രധാന സ്രോതസ്സുകൾ കേരള മുനിസിപ്പാലിറ്റി നിയമം, 2000-ലെ മുനിസിപ്പാലിറ്റി ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ, പരിസ്ഥിതി ശുചിത്വവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയായിരുന്നു. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി,

ഹെൽത്ത് ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ, വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റി, സാനിറ്റേഷൻ വർക്കർമാർ എന്നിവരാണ് നഗര തദ്ദേശ സ്ഥാപനങ്ങളിൽ പരിസ്ഥിതി ശുചിത്വം നിലനിർത്തുന്നതിനായുള്ള പ്രധാന ഭാരവാഹികൾ/ഗ്രൂപ്പുകൾ. 2010-11 മുതൽ 2014-15 വരെയുള്ള കാലയളവ് ഉൾപ്പെടുത്തിക്കൊണ്ട് പ്രോബബിലിറ്റി പ്രോപ്പോർഷണൽ ടു സൈസ് വിത്ത് റീപ്ളേയ്സ്മെന്റ് എന്ന സാമ്പിളിംഗ് രീതി ഉപയോഗിച്ചുകൊണ്ട് തെരഞ്ഞെടുത്ത 15 മുനിസിപ്പാലിറ്റികളിലും[14] രണ്ട് കോർപ്പറേഷനുകളിലും[15] പരിസ്ഥിതി ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ച് ഓഡിറ്റ് ഒരു വിലയിരുത്തൽ നടത്തി.

**ഓഡിറ്റ് കണ്ടെത്തലുകൾ**

പരിശോധന നടത്തിയ നഗര തദ്ദേശ സ്ഥാപനങ്ങളിൽ പരിസ്ഥിതി ശുചിത്വവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ തുടർന്നുള്ള ഖണ്ഡികകളിൽ കൊടുത്തിരിക്കുന്നു.

## 3.2.2.1 ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം, മുനിസിപ്പൽ കൗൺസിൽ അംഗീകാരത്തിനും നടപ്പിലാക്കലിനും പരിഗണിക്കുന്നതിന് മുമ്പ് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ പ്രശ്നങ്ങൾ വിശകലനം ചെയ്യുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. പൊതുജനാരോഗ്യം/ആരോഗ്യ സേവനങ്ങൾ, ശുചീകരണം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രമേയങ്ങൾ ഉണ്ടാക്കുവാൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികളെ അധികാരപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസ്സാക്കിയ എല്ലാ തീരുമാനങ്ങളും മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. ആവശ്യമെങ്കിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഒരു പ്രത്യേക മീറ്റിംഗ് വിളിച്ചുചേർത്ത് കൗൺസിലിന് ഈ തീരുമാനങ്ങളിൽ ഭേദഗതി വരുത്താവുന്നതാണ്. 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഓഡിറ്റ് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്നവ വെളിവാക്കപ്പെട്ടു.

(i) കേരള മുനിസിപ്പാലിറ്റി നിയമപ്രകാരം ആരോഗ്യ-ശുചിത്വ പരിപാടികളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും ഒരു പ്രാവശ്യം കൂടേണ്ടതാണ്. പതിനേഴ് നഗര തദ്ദേശ സ്ഥാപനങ്ങളിൽ

14 മുനിസിപ്പാലിറ്റികൾ: നെടുമങ്ങാട്, ആറ്റിങ്ങൽ, അടൂർ, കോട്ടയം, തൃപ്പൂണിത്തുറ, തൃക്കാക്കര, ഏലൂർ, കളമശ്ശേരി, കോതമംഗലം, വടക്കൻ പറവൂർ, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ഒറ്റപ്പാലം, കൊയിലാണ്ടി, കൂത്തുപറമ്പ്.

15 കോർപ്പറേഷനുകൾ: കൊല്ലം, കോഴിക്കോട്

ആറെണ്ണത്തിൽ[16] നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ കൂടിയിരുന്നില്ല. 2010-11 മുതൽ 2014-15 വരെയുള്ള അഞ്ചു വർഷ കാലയളവിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ വിളിച്ചു ചേർക്കുന്നതിൽ രണ്ടുമാസം മുതൽ ഒമ്പതു മാസം വീഴ്ചയുണ്ടായിട്ടുണ്ട്.

ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളില്ലാതിരുന്ന മാസങ്ങളിലാണ് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ കൂടാതിരുന്നതെന്ന് അടൂർ മുനിസിപ്പാലിറ്റി മറുപടി പറഞ്ഞു. മറ്റു നഗര തദ്ദേശ സ്ഥാപനങ്ങൾ ഒരു മറുപടിയും നൽകിയിട്ടില്ല.

കച്ചവട സ്ഥലങ്ങൾ, അറവുശാലകൾ, പൊതുശൗചാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലെ ശുചിത്വ സ്ഥിതി നഗര തദ്ദേശ സ്ഥാപനങ്ങളിലെ ആരോഗ്യകാര്യ ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് സംയുക്ത സ്ഥല പരിശോധന നടത്തിയപ്പോൾ ചന്തകളിൽ നിന്നും ചപ്പുചവറുകൾ പതിവായി നീക്കം ചെയ്യാതിരിക്കുക, ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കാതിരിക്കുക, പൊതു ശൗചാലയങ്ങൾ പ്രവർത്തിക്കാതിരിക്കുക, ജനവാസസ്ഥലങ്ങളിൽ കക്കൂസ് മാലിന്യങ്ങൾ ഉപേക്ഷിക്കുക തുടങ്ങിയ ആരോഗ്യ/ ശുചിത്വപ്രശ്നങ്ങൾ ഈ നഗര തദ്ദേശ സ്ഥാപനങ്ങളിൽ നിലനിന്നിരുന്നുവെന്നും കാണപ്പെട്ടു. ഇത് ഓഡിറ്റ് അന്വേഷിച്ചപ്പോൾ തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ ഈ പ്രശ്നങ്ങൾ കഴിഞ്ഞ രണ്ടു മുതൽ നാലു വർഷങ്ങളായി നിലനിന്നിരുന്നു എന്ന് നഗര തദ്ദേശ സ്ഥാപനങ്ങൾ മറുപടി പറഞ്ഞു. ഇത്തരം പ്രശ്നങ്ങൾ നഗര തദ്ദേശ സ്ഥപനങ്ങളിൽ പരിഹരിക്കപ്പെടാതെ കിടക്കുമ്പോഴും, ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് ചർച്ച ചെയ്യുന്നതിനായി നിയമത്തിൽ നിഷ്കർഷിച്ചിരുന്നതുപോലെ എല്ലാ മാസവും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ കൂടിയിരുന്നില്ല.

(ii) ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസ്സാക്കിയ തീരുമാനങ്ങളുടെ മേൽ ശരിയായ രീതിയിലുള്ള തുടർ നടപടികളുണ്ടായിരുന്നില്ല. മുൻ മീറ്റിംഗുകളിൽ പാസ്സാക്കിയിരുന്ന തീരുമാനങ്ങളുടെ മേൽ എടുത്ത നടപടികളെ കുറിച്ചുള്ള പുനരവലോകനം നടത്തുക എന്ന രീതി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികളിലുണ്ടായിരുന്നില്ല. ആശുപത്രികളും/വ്യവസായ ശാലകളും വാണിജ്യ സ്ഥാപനങ്ങളും ശുദ്ധീകരിക്കാത്ത ദ്രവമാലിന്യങ്ങൾ പുറത്തുവിടുന്നത് കാരണം ജലാശയങ്ങൾ മലിനപ്പെടുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കമ്മിറ്റികൾ ചർച്ച ചെയ്തിരുന്നെങ്കിലും ലാക്ഷണിക പരിശോധന നടത്തിയ എല്ലാ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യത്തിലും ആരോഗ്യ ശുചിത്വ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഉചിതവും, സമയബന്ധിതവുമായ നടപടികൾ എടുക്കുന്നതിലുള്ള അലംഭാവംമൂലം പ്രശ്നങ്ങൾ പരിഹരിക്കപ്പെടാനാവാതെ കിടക്കുന്നതായി ഓഡിറ്റ് കണ്ടെത്തി. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസ്സാക്കിയ തീരുമാനങ്ങൾ നടപ്പാക്കുന്നത് പുനരവലോകനം ചെയ്യുന്നതിനുള്ള സംവിധാനമൊന്നും നിലവിലില്ലാത്തതിനാൽ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ നടപടികൾ ഉറപ്പാക്കാൻ സാധിച്ചിരുന്നില്ല.

---

16 അടൂർ, കൊല്ലം, കോട്ടയം, തൃക്കാക്കര, കളമശ്ശേരി, ഏലൂർ

## 3.2.2.2 പരിസ്ഥിതി ശുചിത്വം നിലനിർത്തുന്നതിനുവേണ്ടിയുള്ള കർമ്മപദ്ധതി തയ്യാറാക്കൽ

### വാർഡ് ആരോഗ്യ ശുചിത്വ കമ്മിറ്റിയുടെ പ്രവർത്തനം

ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ (എൻആർഎച്ച്എം) കീഴിൽ സർക്കാർ പുറത്തിറക്കിയ (2007 ഫെബ്രുവരി) മാർഗ്ഗ നിർദ്ദേശങ്ങളിൽ വാർഡ് തലത്തിൽ വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ (ഡബ്ള്യു.എച്ച്.എസ്.സി.) രൂപീകരിക്കണമെന്ന് നിഷ്കർഷിക്കുന്നു. വാർഡ് തല ആരോഗ്യ ശുചിത്വ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ വാർഡിലെ തെരഞ്ഞെടുത്ത പ്രതിനിധിയാകുന്നു. വാർഡ് ആരോഗ്യ ശുചിത്വ കമ്മിറ്റിയുടെ കൺവീനർ ആകുന്നത് നഗര തദ്ദേശ സ്ഥാപനത്തിലെ/ആരോഗ്യ വകുപ്പിലെ ജൂനിയർ പ്രൈമറി ഹെൽത്ത് നേഴ്സ് (ജെപിഎച്ച്എൻ)/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ജെഎച്ച്ഐ)/ ഹെൽത്ത് ഇൻസ്പെക്ടർ (എച്ച്ഐ) എന്നിവരാണ്. കമ്മിറ്റിയിലെ അംഗങ്ങൾ അംഗീകൃത ഡോക്ടർമാർ, സ്കൂൾ അദ്ധ്യാപകർ, റസിഡന്റ്സ് അസോസിയേഷനുകളുടെ പ്രതിനിധികൾ, പട്ടിക വർഗ്ഗ പ്രതിനിധികൾ തുടങ്ങിയവരാകുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് (2010 മേയ്) അമിതമായി മാലിന്യം കുമിഞ്ഞു കൂടുന്നതുകൊണ്ട് വൃത്തിഹീനമായ ഇടങ്ങൾ, അഴുക്കുചാലുകളുടെ വൃത്തിഹീനമായ അവസ്ഥ, പ്ലാസ്റ്റിക് അലക്ഷ്യമായി വലിച്ചെറിയുന്ന സ്ഥലങ്ങൾ, സാംക്രമിക രോഗവാഹികൾ പെരുകുന്നതിന് സാധ്യതയുള്ള സ്ഥലങ്ങൾ തുടങ്ങിയവ കണ്ടുപിടിക്കുന്നതിനായി വാർഡ് ഹെൽത്ത് ശുചിത്വ കമ്മിറ്റികൾ ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. ഇങ്ങനെ കണ്ടുപിടിച്ച സ്ഥലങ്ങളുടെ മാപ്പിംഗ് നടത്തുകയും ശുചിത്വ പദ്ധതി തയ്യാറാക്കുന്നതിന് വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റികളെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റികളുടെയും ശുചിത്വ സ്ക്വാഡുകളുടെയും പ്രവർത്തനം ഓഡിറ്റ് വിലയിരുത്തിയപ്പോൾ താഴെപറയുന്നവ ശ്രദ്ധയിൽപ്പെട്ടു:

- കൊല്ലം കോർപ്പറേഷനിൽ ഒഴികെ, ലാക്ഷണിക പരിശോധന നടത്തിയ മറ്റ് നഗര തദ്ദേശ സ്ഥാപനങ്ങളിലെല്ലാം വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ രൂപീകരിച്ചത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിരുന്നില്ല. വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റികളിലെ അംഗങ്ങൾ കുടുംബശ്രീ/ ആശാവർക്കർമാരായിരുന്നു. അംഗീകാരമുള്ള ഡോക്ടർമാർ/സ്കൂൾ അദ്ധ്യാപകർ/ റസിഡന്റ്സ് അസോസിയേഷൻ/പട്ടിക വർഗ്ഗ പ്രതിനിധികൾ ആരുമില്ലായിരുന്നു. ഇത് എൻ.ആർ.എച്ച്.എം. മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായിരുന്നില്ല. കൊടുങ്ങല്ലൂർ, നെടുമങ്ങാട്, അടൂർ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികളിലെ ചില വാർഡുകളിലെ കമ്മിറ്റികൾ ചില വർഷങ്ങളിൽ[17] പരിസ്ഥിതി ശുചിത്വവുമായി

---

17 കൊടുങ്ങല്ലൂർ 2010-11-ൽ 8 വാർഡുകളും 2014-15-ൽ 6 വാർഡുകളും, നെടുമങ്ങാട് - 2010-11-ൽ 3 വാർഡുകളും, അടൂർ 2010-11 മുതൽ 2014-15 വരെ ഒരു വാർഡും; ആറ്റിങ്ങൽ 2010-11-ൽ 25 വാർഡുകളും 2011-12-ൽ 17 വാർഡുകളും 2012-13-ൽ 18 വാർഡുകളും 2013-14-ൽ 12 വാർഡുകളും.

ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വിളിച്ചു ചേർത്തിരുന്നില്ല. അംഗങ്ങളുടെ സഹകരണമില്ലാതിരുന്നതിനാൽ നിർദ്ദേശിച്ചിരുന്ന മീറ്റിംഗുകൾ വിളിച്ചുചേർക്കാൻ കഴിഞ്ഞിട്ടില്ലെന്ന് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി മറുപടി നൽകി. മീറ്റിംഗുകൾ വിളിച്ചുചേർത്തിരുന്നെങ്കിലും ചില മാസങ്ങളിൽ മിനിറ്റ്സുകൾ രേഖപ്പെടുത്തി യിരുന്നില്ലെന്ന് നെടുമങ്ങാട് മുനിസിപ്പാലിറ്റി മറുപടി നൽകി. ഭാവിയിൽ ഈ മീറ്റിംഗുകൾ വിളിച്ചുചേർക്കുമെന്ന് അടൂർ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികൾ മറുപടി നൽകി.

- സാംക്രമിക രോഗവാഹികളിലൂടെ പകരുന്ന രോഗങ്ങൾ തടയുക, നിയന്ത്രിക്കുക എന്ന ഉദ്ദേശ്യത്തോടെ നഗര തദ്ദേശ സ്ഥാപനങ്ങൾ അവരേറ്റെടുത്ത് നടത്തുന്ന ആരോഗ്യ, ശുചിത്വ പരിപാടികൾ ചർച്ച ചെയ്യുന്നതിന് വർഷകാലത്തിനുമുമ്പ് വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റികളുടെ മീറ്റിംഗ് ആഴ്ചതോറും വിളിച്ചു ചേർക്കണമെന്ന് 2010 മേയിൽ സർക്കാർ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. എന്നാൽ ഒരു വാർഡ് കമ്മിറ്റിയും ഇത് നടപ്പാക്കിയില്ല. നിർദ്ദിഷ്ട ആഴ്ചതോറുമുള്ള മീറ്റിംഗിന് പകരം മൂന്ന് മാസത്തിലൊരിക്കൽ മാത്രമാണ് കമ്മിറ്റി കൂടിയത്. ലാക്ഷണിക പരിശോധന നടത്തിയപ്പോൾ കൊല്ലം ഒഴിച്ചുള്ള നഗര തദ്ദേശ സ്ഥാപനങ്ങളിൽ മാലിന്യം അമിതമായി കുമിഞ്ഞുകൂടിയതുകാരണം മലിനമായിത്തീർന്ന സ്ഥലങ്ങൾ, സാംക്രമിക രോഗങ്ങളുള്ള സ്ഥലങ്ങൾ തുടങ്ങിയവ തിരിച്ചറിയുന്നതിനു വേണ്ടി ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കുന്നതിൽ വാർഡ് ഹെൽത്ത് ശുചിത്വ കമ്മിറ്റികൾ പരാജയപ്പെട്ടു. ആയതിനാൽ, മലിനമായ സ്ഥലങ്ങളുടെയും മാലിന്യ പ്രശ്നങ്ങളുടെയും മാപ്പിംഗ് നടന്നില്ല. ഇത് ഈ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനുവേണ്ടി കർമ്മ പദ്ധതി തയ്യാറാക്കാതിരിക്കുന്നതിനുള്ള കാരണമായിത്തീരുകയും ചെയ്തു. അങ്ങനെ, വാർഡ് ഹെൽത്ത് ശുചിത്വ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും നഗര തദ്ദേശ സ്ഥാപനങ്ങൾ പരാജയപ്പെട്ടു.

- കോഴിക്കോട് കോർപ്പറേഷൻ 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ എക്കൽ/ചെളി നീക്കം ചെയ്യുന്നതിനായി തനതു ഫണ്ടിൽ നിന്നും വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റിയുടെ കൺവീനർക്ക് മുൻകൂറായി നൽകിയ ₹1.85 കോടിയിൽ ₹1.14 കോടി (62 ശതമാനം) കമ്മിറ്റിയുടെ/കൗൺസിലിന്റെ അംഗീകാരമില്ലാത്തതിനാൽ തീർപ്പാക്കാതെ നിൽക്കുന്നു (2015 ഡിസംബർ). നടപ്പാക്കിയ പരിപാടികൾക്ക് ഹെൽത്ത് ഓഫീസർ മേൽനോട്ടം വഹിച്ചിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. മേൽനോട്ട ജോലികൾ ബന്ധപ്പെട്ട ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകിയിരിക്കുകയാണെന്ന് കോഴിക്കോട് ഹെൽത്ത് ഓഫീസർ പ്രസ്താവിച്ചു. മേൽനോട്ട നിരീക്ഷണ പ്രവർത്തനങ്ങൾ താഴെ തലങ്ങളിലേയ്ക്ക് ചുമതലപ്പെടുത്തി നൽകിയ കമ്മിറ്റിയുടെ നടപടി ശരിയല്ലാത്തതിനാൽ ഈ മറുപടി നിലനിൽക്കുന്നതല്ല.

### 3.2.2.3 പൊതുജനോപകാരപ്രദമായ കേന്ദ്രങ്ങളിലേയും ആശുപത്രികളിലേയും പരിസ്ഥിതി ശുചിത്വപരിപാലനം

പൊതു ശൗചാലയങ്ങൾ, അറവുശാലകൾ, ആശുപത്രികൾ, ചന്തകൾ, ജലാശയങ്ങൾ തുടങ്ങിയവയുടെ പരിപാലനം പരിസ്ഥിതി ശുചിത്വവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. ഇത്തരം സ്ഥലങ്ങളിൽ ശുചിത്വം നിലനിർത്തുന്നതിന്റെ നിലവിലെ സ്ഥിതി ഓഡിറ്റ് അവലോകനം ചെയ്യുകയും താഴെ പറയുന്നവ നിരീക്ഷിക്കുകയും ചെയ്തു.

**പൊതുശൗചാലയങ്ങളുടെ പരിപാലനം**

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 320-ാം വകുപ്പനുസരിച്ച് ഒരു മുനിസിപ്പാലിറ്റി അനുയോജ്യവും സൗകര്യപ്രദവുമായ സ്ഥലങ്ങളിൽ ആവശ്യത്തിന് പൊതുശൗചാലയങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുകയും അത് ദിവസവും വൃത്തിയാക്കി ശരിയായ രീതിയിൽ നിലനിർത്തുകയും വേണം. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഭാഗം 325 അനുസരിച്ച്, എല്ലാ പൊതുകക്കൂസുകളും നിർമ്മിക്കേണ്ടത് അവ ഉപയോഗിക്കുന്ന ആളുകളെയും അവിടെ ഉണ്ടാകുന്ന മാലിന്യത്തെയും ആ വഴി കടന്നുപോകുന്നവരോ സമീപത്ത് താമസിക്കുന്നവരോ ആയ ആളുകൾ കാണാതിരിക്കത്തക്കവണ്ണമാണ്. കക്കൂസിന് വാട്ടർ ക്ലോസറ്റ്, അതിൽ അടപ്പോടുകൂടി മലിനജലം ശേഖരിക്കുന്നതിനുള്ള കുഴിയോ അല്ലെങ്കിൽ സെപ്റ്റിക് ടാങ്കോ അല്ലെങ്കിൽ ഡ്രെയിനേജ് സംവിധാനമോ, വല ഉപയോഗിച്ച് കെട്ടിയിട്ടുള്ള മലിനവായു പുറന്തള്ളൽ സംവിധാനം തുടങ്ങിയവ ഉണ്ടായിരിക്കണം.

i. ലാക്ഷണിക പരിശോധന നടത്തിയ 17 നഗര തദ്ദേശ സ്ഥാപനങ്ങൾ നൽകിയ സ്ഥിതിവിവര കണക്കുകൾ പ്രകാരം 17 നഗര തദ്ദേശ സ്ഥാപനങ്ങളിൽ നിർമ്മിച്ച 61 പൊതുശൗചാലയങ്ങളിൽ[18] 11 എണ്ണം അറ്റകുറ്റപ്പണി ആവശ്യമുള്ളതിനാലും, വെള്ളം ലഭ്യമല്ലാത്തിനാലും, സെപ്റ്റിക് ടാങ്ക് നിർമ്മിക്കാത്തതിനാലും പ്രവർത്തനരഹിതമാണ്. ഈ ശൗചാലയങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി നഗര തദ്ദേശ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ഒരു നടപടിയുമുണ്ടായില്ല. ബാക്കിയുള്ള 50 ശൗചാലയങ്ങളുടെ ശുചിത്വ സ്ഥിതി ഓഡിറ്റ് വിലയിരുത്തുകയും താഴെ പരാമർശിക്കുന്ന ചില ശൗചാലയങ്ങൾ ശരിയായ രീതിയിൽ പരിപാലിക്കപ്പെട്ടിരുന്നില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു.

- കരാറുകാർ മുഖേനയോ അല്ലെങ്കിൽ സ്വന്തം ജീവനക്കാരും അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിച്ചോ ആണ് നഗര തദ്ദേശ സ്ഥാപനങ്ങൾ ശൗചാലയങ്ങളുടെ പ്രവർത്തനം നടത്തികൊണ്ടിരുന്നത്. ശുചിത്വ സ്ഥിതി വിലയിരുത്തുന്നതിലും ലഭ്യമാക്കിയ സൗകര്യങ്ങൾ പൊതുജനത്തിന് ഗുണം ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിലും

---

18 നിരവധി ശൗചാലയങ്ങൾ ഉൾപ്പെട്ട യൂണിറ്റ്

നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് ഒരു പങ്കുണ്ട്. ശൗചാലയങ്ങളുടെ അറ്റകുറ്റപ്പണികളും പരിപാലനവും നഗര തദ്ദേശസ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ, മുനിസിപ്പൽ ബസ്സ് സ്റ്റാന്റിനോട് ചേർന്നുള്ള പൊതുശൗചാലയം വൃത്തിഹീനമായാണ് പ്രവർത്തിച്ചിരുന്നതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ശൗചാലയങ്ങൾ ഉണ്ടെങ്കിലും പ്രത്യേകം എൻക്ലോഷർ ഒരുക്കാത്തതിനാലും, മലിനവും ഉപയോഗശൂന്യവുമായ സാധനങ്ങൾ കൂട്ടിയിട്ടിരുന്നതിനാലും സ്ത്രീകളുടെ ശൗചാലയം ഉപയോഗിക്കാവുന്ന നിലയിലായിരുന്നില്ല. പുതിയ ബസ്സ്റ്റാന്റിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ ഈ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് ഒറ്റപ്പാലം മുനിസിപ്പാലിറ്റി മറുപടി നൽകി.

- വെള്ളത്തിന്റെ ചോർച്ചയും ക്ലോസെറ്റിൽ മാലിന്യം നിറഞ്ഞ് തടസ്സപ്പെട്ട് കിടക്കുന്നതും കാരണം കൂത്തുപറമ്പ് മുനിസിപ്പാറ്റിയിലെ മുനിസിപ്പൽ കോംപ്ലക്സിലെ ശൗചാലയങ്ങൾ വൃത്തിഹീനമായ രീതിയിലാണ് പ്രവർത്തിച്ചിരുന്നത്. മുനിസിപ്പൽ കോംപ്ലക്സിലെ ശൗചാലയങ്ങൾ മുനിസിപ്പൽ സ്റ്റാഫ് പതിവായി വൃത്തിയാക്കിയിരുന്നുവെന്നും എന്നാൽ രാത്രി കാലങ്ങളിൽ ശൗചാലയങ്ങൾ പൂട്ടിയിടാത്തതിനാൽ ജനങ്ങൾ അവയെ ദുരുപയോഗം ചെയ്തിരുന്നുവെന്നും മുനിസിപ്പാലിറ്റി പ്രസ്താവിച്ചു. മാലിന്യ ടാങ്ക് നിറഞ്ഞു കവിഞ്ഞൊഴുകുന്നതിനാലും ഡ്രെയിനേജിന് മതിയായ സംഭരണ ശേഷി ഇല്ലാത്തതിനാലും കൂത്തുപറമ്പ് മുനിസിപ്പൽ ബസ്സ്റ്റാന്റിലെ പൊതുശൗചാലയവും വൃത്തിഹീനമായ ചുറ്റുപാടിലാണ് പ്രവർത്തിച്ചിരുന്നത്. ഭൂമിലഭ്യത ഇല്ലാത്തതിനാലും ഫണ്ടിന്റെ അപര്യാപ്തത കാരണവും മതിയായ സംഭരണശേഷിയുള്ള പുതിയ മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ മുനിസിപ്പാലിറ്റിക്ക് സാധിച്ചില്ലെന്ന് മറുപടി നൽകി.

- കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ സെപ്റ്റിക് ടാങ്കിന്റെ തെറ്റായ നിർമ്മാണം കാരണം ബസ്സ് സ്റ്റാൻഡിലെ പൊതു ശൗചാലയം വൃത്തിഹീനമായ നിലയിലാണ് പ്രവർത്തിച്ചുവന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വച്ഛ് ഭാരത് അഭിയാനിന്റെ കീഴിൽ സെപ്റ്റിക് ടാങ്ക് നന്നാക്കുന്നതിനുള്ള പുതിയ നിർദ്ദേശം മുനിസിപ്പൽ കൗൺസിലിൽ സമർപ്പിക്കുന്നുണ്ടെന്ന് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി മറുപടി നൽകി. പൊതു ശൗചാലയങ്ങളുടെ പ്രവർത്തനത്തേയും ശുചിത്വത്തേയും കുറിച്ച് സമയാസമയങ്ങളിലുള്ള പരിശോധന നടത്താത്തതിനാൽ നഗര തദ്ദേശസ്ഥാപനങ്ങൾ നൽകിയ മറുപടികൾ നിലനിൽക്കുന്നതല്ല.

ii. ലാക്ഷണിക പരിശോധന നടത്തിയ നഗര തദ്ദേശ സ്ഥാപനങ്ങൾ പാർക്കുകൾ, ചന്തകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ ശൗചാലയങ്ങളുടെ ആവശ്യകതയെ കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വാരാന്ത്യങ്ങളിൽ വളരെ ഉയർന്ന തോതിൽ ആളുകൾ സംഗമിക്കുന്ന ഒരു സ്ഥലമാണ് കോഴിക്കോട്

കോർപ്പറേഷനിലെ മാനാഞ്ചിറ പാർക്ക്. അതുപോലെ കോർപ്പറേഷനിലെ സെൻട്രൽ ഫിഷ് മാർക്കറ്റിൽ ദിവസവും 1500-ഓളം ആളുകൾ സന്ദർശിക്കുന്നു. ഈ രണ്ട് സ്ഥലങ്ങളിലും പൊതുജനങ്ങളുടെ ഉപയോഗത്തിനായി ശൗചാലയങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. മാനാഞ്ചിറ പാർക്കിന്റെ അടുത്തുള്ള കെട്ടിടങ്ങളിലെ ശൗചാലയങ്ങൾ ജനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നും സെൻട്രൽ മാർക്കറ്റിന്റെ കാര്യത്തിൽ, കോർപ്പറേഷൻ കിണറ്റിൽനിന്നും വെള്ളം പമ്പുചെയ്യുന്നതിനുവേണ്ടി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതോടെ അവിടുത്തെ പ്രശ്നം പരിഹരിക്കപ്പെടുമെന്നും കോർപ്പറേഷൻ പ്രസ്താവിച്ചു. അടുത്തുള്ളത് സ്വകാര്യ കെട്ടിടങ്ങളായതിനാലും ഈ കെട്ടിടങ്ങളിലെ ശൗചാലയങ്ങളിൽ പൊതുജനത്തിന്റെ പ്രവേശനം നിയന്ത്രിക്കപ്പെട്ടിരിക്കുന്നു എന്നതിനാലും കോർപ്പറേഷന്റെ മറുപടി നിലനിൽക്കുന്നതല്ല.

iii. വടക്കൻ പറവൂർ മുനിസിപ്പാലിറ്റിയിലെ മാർക്കറ്റ് കോംപ്ലക്സിൽ പൊതു ശൗചാലയത്തിന്റെ കുറവുണ്ടായിരുന്നതു കാരണം എറണാകുളം സീനിയർ ടൗൺ പ്ലാനർ നാല് ക്ലോസറ്റുകളും അഞ്ച് മൂത്രപ്പുരകളും നിർമ്മിക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും (2011 ജൂലൈ) നാല് വർഷത്തിൽ കൂടുതൽ കാലതാമസം വന്നിട്ടും 2015 നവംബർ വരെ മുനിസിപ്പാലിറ്റി ഈ വിഷയത്തിൽ നടപടിയൊന്നും എടുത്തിട്ടില്ല.

iv. തൃക്കാക്കര, ഏലൂർ മുനിസിപ്പാലിറ്റികളിൽ യഥാക്രമം ഇരുപത്തിമൂന്നും, അഞ്ചും പൊതുസ്ഥലങ്ങൾ പൊതുശൗചാലയങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടി കണ്ടെത്തിയെങ്കിലും ഈ നഗര തദ്ദേശ സ്ഥാപനങ്ങൾ ഓരോന്നിലും ഒരു പൊതു ശൗചാലയം മാത്രമാണ് പ്രവർത്തിക്കുന്നത്. ഭൂമി ലഭ്യമല്ലാത്തതിനാലാണ് മതിയായ എണ്ണം പൊതുശൗചാലയങ്ങൾ നിർമ്മിക്കാത്തതെന്ന് തൃക്കാക്കര മുനിസിപ്പാലിറ്റി മറുപടി നൽകി. മുനിസിപ്പാലിറ്റിയിൽ ആവശ്യത്തിന് ശൗചാലയങ്ങൾ ഉണ്ടെന്ന് ഏലൂർ മുനിസിപ്പാലിറ്റി മറുപടി നൽകി. മുനിസിപ്പാലിറ്റിയിൽ ഒരു ശൗചാലയം മാത്രമുള്ളതിനാലും പൊതുജനത്തിന്റെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട പൊതുശൗചാലയങ്ങളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് സർവ്വേ ഒന്നും നടത്താത്തതിനാലും ഈ മറുപടി നിലനിൽക്കുന്നതല്ല.

v. 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ ₹82.66 ലക്ഷം ചെലവിൽ കോഴിക്കോട്, കൊല്ലം കോർപ്പറേഷനുകളിലും കോട്ടയം മുനിസിപ്പാലിറ്റിയിലും നിർമ്മിച്ച 20 ഇ-ടോയ്‌ലെറ്റുകളിൽ[19] 12 എണ്ണവും, ജലം, വൈദ്യുതി വിതരണം തുടങ്ങിയവയുടെ അഭാവത്തിൽ കഴിഞ്ഞ രണ്ടു മുതൽ മൂന്നുവർഷം വരെയായി പ്രവർത്തിക്കുന്നില്ല. കേടുവന്ന ഇ-ടോയ്‌ലെറ്റുകൾ പ്രവർത്തനക്ഷമമാക്കി പൊതുജനത്തിന് ഉപയോഗപ്രദമാക്കാൻ ബന്ധപ്പെട്ട നഗര തദ്ദേശ സ്ഥാപനങ്ങൾ ഒരു നടപടിയും എടുത്തിട്ടില്ല.

19 ഇ-ടോയ്‌ലെറ്റ് എന്നത് മനുഷ്യ നിയന്ത്രണമാവശ്യമില്ലാത്ത ഇലക്ട്രോണിക് പബ്ലിക് ടോയ്‌ലെറ്റ് ആകുന്നു. ഇത് ഒരിടത്തു നിന്ന് മറ്റൊരിടത്തേയ്ക്ക് മാറ്റാവുന്നതും, പരിസ്ഥിതി സൗഹൃദവും, ശുചിയായി സൂക്ഷിക്കാവുന്നതും, ജി.പി.ആർ.എസ്. സഹായസംവിധാനത്തോടെ ശൗചാലയത്തിന്റെ മേൽനോട്ടം സാധിക്കുന്നതുമാണ്.

**അറവുശാലകളുടെ നടത്തിപ്പിലും പരിപാലനത്തിലുമുള്ള വീഴ്ച**

ഓരോ മുനിസിപ്പാലിറ്റിയും, കശാപ്പുശാലകളായി ഉപയോഗിക്കുന്നതിന് വേണ്ടത്ര സ്ഥലങ്ങൾ ഏർപ്പെടുത്തികൊടുക്കണമെന്നും അവ ആരോഗ്യകരമായി പരിപാലിക്കുന്നതിനും മാലിന്യങ്ങൾ മറവുചെയ്യുന്നതിനും മുനിസിപ്പാലിറ്റി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്നും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 452(1)-ഉം (3)-ഉം 453-ഉം വകുപ്പുകൾ നിഷ്കർഷിക്കുന്നു. അറവുശാലകളുടെ നടത്തിപ്പിനും പരിപാലനത്തിനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറത്തിറക്കിയിട്ടുണ്ട് (2010 ജനുവരി).

1974-ലെ ജല (മലിനീകരണ നിരോധനവും നിയന്ത്രണവും) നിയമത്തിലെ 17-ാം വകുപ്പ് അനുസരിച്ച് സംസ്ഥാനത്തെ അരുവികളും കിണറുകളും മലിനപ്പെടുന്നത് തടയുന്നതിനോ നിയന്ത്രിക്കുന്നതിനോ അല്ലെങ്കിൽ കുറയ്ക്കുന്നതിനോ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സമഗ്രമായ ഒരു പരിപാടി ആസൂത്രണം ചെയ്യുകയും അത് നടപ്പിലാക്കുന്നു എന്നത് ഉറപ്പാക്കുകയും ചെയ്യണം. ബോർഡ് മലിനജലമോ അല്ലെങ്കിൽ വ്യവസായ പുറന്തള്ളലോ പരിശോധിക്കുകയും, മലിനജലവും വ്യവസായ പുറന്തള്ളലും സംസ്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും പ്ലാന്റുകളും പരിശോധിക്കുകയും, പ്ലാനുകളും നിർദ്ദേശങ്ങളും മറ്റ് വിവരങ്ങളും അവലോകനം ചെയ്യുകയും ചെയ്യണം. കൂടാതെ, ഏതെങ്കിലുമൊരു അരുവിയിലേയ്ക്ക് പുറന്തള്ളേണ്ട മലിനജലത്തിന്റെയും വ്യവസായിക മാലിന്യത്തിന്റെയും സംസ്കരണത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അരുവികളിലേയ്ക്കോ കിണറുകളിലേയ്ക്കോ മാലിന്യങ്ങൾ തള്ളുന്നത് തടയുന്നതിനോ, നിയന്ത്രിക്കുന്നതിനോ അല്ലെങ്കിൽ കുറയ്ക്കുന്നതിനോ വേണ്ടിയുള്ള ഉത്തരവുകൾ ഇറക്കുന്നതിനും മാറ്റം വരുത്തുന്നതിനും പിൻവലിക്കുന്നതിനുമുള്ള അധികാരം മലിനീകരണ നിയന്ത്രണ ബോർഡിന് ഉണ്ടായിരിക്കും.

1974-ലെ ജല (മലിനീകരണ നിരോധനവും നിയന്ത്രണവും) നിയമത്തിലെ 25-ാം വകുപ്പ് അനുസരിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ ഒരാളും അരുവിയിലേയ്ക്കോ, കിണറിലേയ്ക്കോ, ഓടയിലേയ്ക്കോ, ഭൂമിയിലേയ്ക്കോ മലിനജലം ഒഴുക്കിവിടാൻ സാധ്യതയുള്ള വ്യവസായമോ, പ്രവർത്തനമോ അല്ലെങ്കിൽ സംസ്കരണ നിർമ്മാർജ്ജന സംവിധാനമോ ആരംഭിക്കുകയോ അല്ലെങ്കിൽ അവയുടെ വിപുലീകരണമോ സംയോജനമോ നടത്താനുള്ള നടപടി കൈക്കൊള്ളുകയോ അരുത്.

ശുചിത്വമിഷന്റെ സാങ്കേതിക സഹായത്തോടെ 32 തെരഞ്ഞെടുത്ത നഗര തദ്ദേശ സ്ഥാപനങ്ങളിൽ അറവുശാലകൾ നിർമ്മിക്കുന്നതിന്/നവീകരിക്കുന്നതിന് 2010 സെപ്റ്റംബറിൽ സംസ്ഥാന സർക്കാർ ഉത്തരവുകളിറക്കി.

ലാക്ഷണിക പരിശോധന നടത്തിയ 17 നഗര തദ്ദേശ സ്ഥാപനങ്ങളിൽ 11 എണ്ണത്തിലും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അറവുശാലകളൊന്നും സ്ഥാപിച്ചിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അറവുശാലകൾ നിർമ്മിക്കുന്നതിനുവേണ്ടി നാല്[20] നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ ₹ 1.84 കോടി നൽകിയിരുന്നു. കുത്തുപറമ്പ് മുനിസിപ്പാലിറ്റി അറവുശാലയുടെ പ്രാരംഭജോലികൾക്കായി ₹ 4.68 ലക്ഷം ചെലവാക്കിയെങ്കിലും പിന്നീട് ഉപേക്ഷിക്കുകയായിരുന്നു. ലാക്ഷണിക പരിശോധന നടത്തിയ നാല് നഗര തദ്ദേശ സ്ഥാപനങ്ങളിലെ ബാക്കി തുകയായ ₹ 1.79 കോടി ഉപയോഗിക്കാതെ നഗര തദ്ദേശ സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ കിടക്കുകയാണ്. പൊതുജനങ്ങളുടെ പ്രതിഷേധം, ആവശ്യമായ ഭൂമിയുടെ ലഭ്യതക്കുറവ് തുടങ്ങിയവയാണ് ഫണ്ട് ഉപയോഗിക്കാതിരുന്നതിന് കാരണമായി നഗര തദ്ദേശ സ്ഥാപനങ്ങൾ ചൂണ്ടിക്കാട്ടിയത്. എന്നാൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് അറവുശാലകൾ നിർമ്മിച്ചില്ലാ എന്ന വസ്തുത നിലനിൽക്കുന്നു.

1974-ലെ ജല (മലിനീകരണ നിരോധനവും നിയന്ത്രണവും) നിയമത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് അറവുശാലകൾ പ്രവർത്തിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നിർബന്ധമാണ്. നഗര തദ്ദേശ സ്ഥാപനങ്ങൾ നിർമ്മിച്ച ആറ്[21] അറവുശാലകൾ പ്രവർത്തിച്ചിരുന്നത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെയായിരുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഈ ആറ് അറവുശാലകളുടെ പ്രവർത്തനം ഓഡിറ്റ് വിലയിരുത്തുകയും താഴെ പറയുന്നവ നിരീക്ഷിക്കുകയും ചെയ്തു.

* എല്ലാ അറവുശാലകളിലും ശരിയായ ഡ്രെയിനേജ് സംവിധാനം, ബയോഗ്യാസ് പ്ലാന്റ്, സോക്ക് പിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടിയെടുക്കുവാൻ എല്ലാ തദ്ദേശസ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും 2009 ഏപ്രിലിൽ സർക്കാർ നിർദ്ദേശം നൽകി. ഖര/ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സൗകര്യം ഒരു അറവുശാലയിൽ പോലും സ്ഥാപിച്ചിട്ടില്ലെന്നും ഇത് ചുറ്റുമുള്ള സ്ഥലങ്ങളുടെ പരിസ്ഥിതി മലിനീകരണത്തിന് കാരണമായെന്നും ഓഡിറ്റ് നിരീക്ഷിച്ചു. മൃഗങ്ങളെ കശാപ്പുചെയ്യുമ്പോഴുണ്ടാകുന്ന അവശിഷ്ടങ്ങൾ കോട്ടയം, വടക്കൻ പറവൂർ മുനിസിപ്പാലിറ്റികളുടെ അറവുശാലകളുടെ പരിസരത്ത് ചിതറിക്കിടക്കുകയായിരുന്നു. സംസ്കരിക്കാത്ത മലിനജലം മൃഗങ്ങളുടെ ചോരയുമായി കലർന്ന് പൊതു ഓടയിലൂടെ ഒഴുകി അടുത്തുള്ള ജലസ്രോതസ്സുകളെ മലിനപ്പെടുത്തിയിരുന്നു.

---

20 കൊല്ലം കോർപ്പറേഷൻ (₹0.39 കോടി), കുത്തുപറമ്പ് മുനിസിപ്പാലിറ്റി (₹0.55 കോടി), കോഴിക്കോട് കോർപ്പറേഷൻ (₹0.50 കോടി), നെടുമങ്ങാട് മുനിസിപ്പാലിറ്റി (₹0.40 കോടി)

21 കൊല്ലം, നെടുമങ്ങാട്, കോട്ടയം, തൃപ്പൂണിത്തുറ, ആറ്റിങ്ങൽ, വടക്കൻ പറവൂർ

അറവുശാലകൾ പ്രവർത്തിക്കുന്നതിന് ബയോഗ്യാസ് സൗകര്യങ്ങൾ നിർബന്ധമായിരുന്നു. ആറ്റിങ്ങൽ ഒഴികെയുള്ള അറവുശാലകളിലെല്ലാം സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതമായിരുന്നു. മാംസോച്ഛിഷ്ടവും മറ്റ് അവശിഷ്ടങ്ങളും പ്രവർത്തനരഹിതമായ ബയോഗ്യാസ് പ്ലാന്റുകൾക്കുള്ളിൽ തള്ളിയിരുന്നതിനാൽ അന്തരീക്ഷത്തിൽ ദുർഗന്ധം നിറഞ്ഞിരുന്നു. ഓഡിറ്റിന്റെ നിരീക്ഷണം വടക്കൻ പറവൂർ മുനിസിപ്പാലിറ്റി അംഗീകരിച്ചെങ്കിലും ഇക്കാര്യത്തിൽ തിരുത്തൽ നടപടിയൊന്നും എടുത്തിട്ടില്ല. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിലുള്ള പരാജയം കൊല്ലം കോർപ്പറേഷൻ സമ്മതിച്ചു.

* ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി നിർമ്മിച്ച അറവുശാലയ്ക്ക് (2006 സെപ്റ്റംബർ) ദ്രവമാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനമൊഴിച്ച് ബാക്കിയെല്ലാ അടിസ്ഥാന സൗകര്യങ്ങളുമുണ്ടായിരുന്നു. ഇത് മലിനജലം അറവുശാലയുടെ ചുറ്റുമുള്ള പ്രദേശങ്ങളിൽ പരന്നുകിടക്കുന്നതിനും മലിനജലം ചുറ്റുമതിലിനുസമീപം കെട്ടിക്കിടക്കുന്നതിനും കാരണമായി. അനാരോഗ്യകരമല്ലാത്ത സ്ഥിതിയിൽ അറവുശാല പ്രവർത്തിക്കുന്നതിനെതിരെ പൊതുജന പ്രക്ഷോഭമുണ്ടായതിനാൽ 2012 ഏപ്രിലിൽ മുനിസിപ്പാലിറ്റി അറവുശാല പൂട്ടി. 2014 മാർച്ചിൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി അറവുശാലയിൽ മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ തീരുമാനമെടുത്തെങ്കിലും ഇതുവരെ തുടർ നടപടികളൊന്നും ആരംഭിച്ചിട്ടില്ല. ഒരു ആധുനിക അറവുശാലയ്ക്കുള്ള ബൃഹത്തായ പദ്ധതി ആസൂത്രണം ചെയ്തുവരികയാണെന്ന് മുനിസിപ്പാലിറ്റി മറുപടി നൽകി.

* കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ, ഇറച്ചിക്കടകളിലാണ് മൃഗങ്ങളെ കശാപ്പ് ചെയ്തുകൊണ്ടിരുന്നത്. മൃഗങ്ങളുടെ ആന്തരികഭാഗങ്ങളും മാംസോച്ഛിഷ്ടങ്ങളും കടകളിൽത്തന്നെയാണ് കൂട്ടിയിട്ടിരുന്നത്. ഇറച്ചിക്കടകളിൽനിന്നുണ്ടാകുന്ന ദ്രവമാലിന്യം അടുത്തുള്ള ഡ്രെയിനേജിലൂടെ ഒഴുക്കികളയുകയും ഇത് സംസ്കരണമൊന്നും കൂടാതെ ജനവാസമുള്ള സ്ഥലങ്ങളിലൂടെ ഒഴുകി ഒടുവിൽ കടലിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഓഡിറ്റ് നിരീക്ഷണങ്ങൾ നഗര തദ്ദേശ സ്ഥാപനങ്ങൾ അംഗീകരിച്ചെങ്കിലും അനാരോഗ്യകരമായ പ്രവൃത്തി തടയുന്നതിന് പരിഹാരമാർഗ്ഗമൊന്നും എടുത്തില്ല.

1974-ലെ ജല (മലിനീകരണ നിരോധനവും നിയന്ത്രണവും) നിയമത്തിലെയും, 1981-ലെ വായു (മലിനീകരണ നിരോധനവും നിയന്ത്രണവും) നിയമത്തിലെയും വ്യവസ്ഥകൾ ലംഘിച്ചതിനാൽ കൊല്ലം കോർപ്പറേഷനിലെയും കോട്ടയം, വടക്കൻ പറവൂർ മുനിസിപ്പാലിറ്റികളിലെയും അറവുശാലകൾ അടച്ചുപൂട്ടുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടീസ് നൽകിയിരുന്നെങ്കിലും ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ നഗര തദ്ദേശ സ്ഥാപനങ്ങൾ എടുത്തിട്ടില്ല. അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ചതിനുശേഷവും തുടർ നടപടികളൊന്നും എടുക്കാതെ ബന്ധപ്പെട്ട നഗര തദ്ദേശസ്ഥാപനങ്ങൾ അറവുശാലകളെ പ്രവർത്തിക്കാൻ അനുവദിച്ചു.

### 3.2.2.4 പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലുമുള്ള ശുചിത്വ പരിപാലനം

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 340 എ(i) വകുപ്പനുസരിച്ച് മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ ഒരു പൊതു ജലമാർഗ്ഗത്തിലോ ജലാശയത്തിലോ അപ്രകാരമുള്ള ഏതെങ്കിലും ജലസ്രോതസ്സിലോ ഏതൊരാളും ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ നിക്ഷേപിക്കുകയോ അതിലേയ്ക്ക് മലിനജലം ഒഴുക്കുകയോ മറ്റേതെങ്കിലും വിധത്തിൽ ജലം ദൂഷിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. ഈ വകുപ്പിന്റെ കീഴിലുള്ള ഏതൊരു കുറ്റവും കോഗ്നൈസബിളും, ജാമ്യമില്ലാത്തതും, ₹10,000 യിൽ കുറയാത്തതും ₹25,000-യിൽ അധികമല്ലാത്തതുമായ പിഴ ചുമത്താവുന്നതും ആറ് മാസത്തിൽ കുറയാത്തതും ഒരു വർഷം വരെയുള്ള തടവിനും വിധേയമാക്കാവുന്നതുമാണ്. കേന്ദ്ര/സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ കുടിക്കാനും, കുളിക്കാനും, ജലസേചന ആവശ്യങ്ങൾക്കുമുള്ള വിവിധ നദീജല ഗുണനിലവാരങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്ര/സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ, ജലസ്രോതസ്സുകളുടെ വികസനത്തിനും പരിപാലനത്തിനുമുള്ള കേന്ദ്രം, തുടങ്ങിയവയുടെ പഠന റിപ്പോർട്ടുകൾ, അവ നടത്തിയ വിശകലനം എന്നിവയിൽ നിന്നും ലാക്ഷണിക പരിശോധന നടത്തിയ നഗര തദ്ദേശ സ്ഥാപനങ്ങളിലെ ജലാശയങ്ങൾ വളരെയധികം മലിനപ്പെട്ടതാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. മലിനീകരണ നിയന്ത്രണ ബോർഡുകൾ, കോതമംഗലം എം.എ. കോളേജിലെ മൈക്രോബയോളജി ലബോറട്ടറികൾ എന്നിവിടങ്ങളിൽ ജലാശയങ്ങളിൽ നിന്ന് ശേഖരിച്ച കുടിവെള്ള സാമ്പിളുകൾ വിശകലനം ചെയ്തപ്പോൾ ആകെ കോളിഫോം/ഫീക്കൽ കോളിഫോമിന്റെ അളവ് അനുവദനീയമായ പരിധിയിൽ നിന്നും വളരെ കൂടുതലായിരുന്നു. വിശദവിവരങ്ങൾ പട്ടിക 3.7-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3.7 : ജലസ്രോതസ്സുകളുടെ മലിനീകരണ സ്ഥിതി

| ജലസ്രോതസ്സിന്റെ/ മുനിസിപ്പാലിറ്റിയുടെ പേര് | മലിനീകരണത്തിന്റെ തോത് | മലിനീകരണത്തിനുള്ള കാരണം | തദ്ദേശ സ്ഥാപനത്തിന്റെ മറുപടി | ഓഡിറ്റ് നിരീക്ഷണങ്ങൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| പെണ്ണാർതോട്/ കോട്ടയം മുനിസിപ്പാലിറ്റി | കോളിഫോമിന്റെയും ഫീക്കൽ കോളിഫോമിന്റെയും ആകെ എണ്ണം യഥാക്രമം 100 മി. ലിറ്ററിൽ 4200 എം.പി.എൻ.ഉം[22] | കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും സംസ്കരിക്കാത്ത ദ്രവ/സെപ്റ്റിക് മാലിന്യങ്ങൾ | ആർപ്പൂക്കര പഞ്ചായത്ത് പ്രദേശത്താണ് സർക്കാർ മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത്. | ആശുപത്രി നിർമ്മിച്ച രണ്ട് മാലിന്യ സംസ്കരണ പ്ലാന്റുകൾ (പഴയതും പുതിയതും) |

22 ഇന്ത്യൻ നിലവാര പ്രകാരം സംസ്കരിക്കുന്നതിന് മുമ്പുമുള്ള 100 മി.ലി. സാമ്പിൾ കുടിവെള്ളത്തിലെ ആകെ കോളിഫോം ബാക്ടീരിയയുടെ അനുവദനീയമായ പരിധി 50 മോസ്റ്റ് പ്രോബബിൾ നമ്പറോ (എം.പി.എൻ.) അതിൽ കുറവോ എന്നതും കുളിക്കുന്ന വെള്ളത്തിലേത് 500 എം.പി.എനോ അതിൽ കുറവോ ആണ്. ഫീക്കൽ കോളിഫോം ബാക്ടീരിയയുടെ അനുവദനീയമായ പരിധി 100 മി.ലിറ്ററിന് 500 എം.പി.എൻ. ആണ്.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | 1600 എം. പി.എൻ. ഉം ആയിരുന്നു. | തുറസ്സായ ഓടകൾ വഴി പെണ്ണാർ തോടിലേക്ക് ഒഴുകുന്നു. അത് മീനച്ചിലാറിൽ എത്തിച്ചേരുന്നു. | പെണ്ണാർ തോടിന്റെയും മീനച്ചിലാറിന്റെയും മലിനീകരണത്തിന് ഒരു സ്ഥായിയായ പരിഹാരം നിർദ്ദേശിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. | ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. സംസ്കരിക്കാത്ത വെള്ളം തുറന്ന ഓടകളിലൂടെ പെണ്ണാർതോടിലേക്ക് ഒഴുകുന്നു. തോടും അടുത്തുള്ള കുടിവെള്ള കിണറുകളും മലിനമാകുന്നു. |
| കുരൂർ തോട്/ കോതമംഗലം മുനിസിപ്പാലിറ്റി | കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അനുവദനീയമായ തലത്തിനേക്കാൾ ഉയർന്നതാണ്. കുരൂർ തോടിലെ 14 വിവിധ സ്ഥലങ്ങളിൽ കോളിഫോം ബാക്ടീരിയയുടെ സൂചിക 100 മി.ലിറ്റർ വെള്ളത്തിൽ 1400 എം. പി.എൻ.നേക്കാൾ കൂടുതലായിരുന്നു | ആശുപത്രികൾ, ഫ്ളാറ്റുകൾ, വീടുകൾ, ഹോട്ടലുകൾ തുടങ്ങിയവയിൽ നിന്ന് ദ്രവമാലിന്യം കുരൂർ തോടിലേക്ക് ഒഴുകുന്നു. കൂടാതെ ഇരുണ്ട നിറത്തിലുള്ള മലിനജലം സംസ്കരണം കൂടാതെ തോടിലേക്ക് ഒഴുകുന്നു. | സംസ്കരണ സൗകര്യങ്ങൾ ഒരുക്കാത്തതിനും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി തേടാത്തതിനും മലിനീകരണം നടത്തുന്നവർക്കെതിരെ നടപടി എടുത്തു വരികയാണ്. | നഗരതദ്ദേശ സ്ഥാപനം ജലമലിനീകരണം തടയുന്നതിന് സ്ഥായിയായ പരിഹാരം ഇതുവരെ ഉണ്ടാക്കിയിട്ടില്ല. |
| കാവിൽകടവ്/ കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | രൂക്ഷമായ ദുർഗന്ധം, വെള്ളം കൊതുകുകൾക്ക് മുട്ടയിട്ട് പെരുകുന്നതിനുള്ള പ്രജനന സ്രോതസ്സായി മാറി. | ആശുപത്രികൾ, കടകൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ പുറന്തള്ളൽ. | വാണിജ്യ സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. പുറത്തേക്ക് | നഗര തദ്ദേശ സ്ഥാപനങ്ങൾ വല്ലപ്പോഴും കുറ്റക്കാർക്കെതിരെ പിഴ ചുമത്തുന്നുണ്ടെങ്കിലും പ്രശ്നത്തിന് സ്ഥായിയായ |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | | | ഒഴുക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്ന പ്ലാന്റ് സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. | പരിഹാരം കാണുന്നതിനുള്ള നടപടിയൊന്നും എടുത്തിട്ടില്ല. |
| കനോലി കനാൽ/ കോഴിക്കോട് കോർപ്പറേഷൻ | കനാലിലെ അഞ്ച് വ്യത്യസ്ത സ്ഥലങ്ങളിൽ കോളിഫോം ബാക്ടീരിയയുടെ അളവ് 100 മി. ലിറ്ററിന് 3600 എം.പി.എൻ.-നും 52,000 എം.പി. എൻ.-നും ഫീക്കൽ കോളിഫോം 100 മി. ലിറ്ററിന് 2800 എം.പി.എൻ.-നും 45,000 എം.പി.എൻ.-നും ഇടയിലാണ്. | അടുത്തുള്ള ആശുപത്രികൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിന ജലം കനാലിലേക്ക് തുറന്നു വിട്ടിരുന്നു. | കനോലി കനാലിന്റെ മലിനീകരണം കോർപ്പറേഷൻ അധികാരികളുടെ ശ്രദ്ധയിൽ വന്നിരുന്നു. ഓഡിറ്റ് നിർദ്ദേശിച്ചതു പോലെ ഈ പ്രശ്നങ്ങൾ തുടർ നടപടിയ്ക്കായി ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുന്നിൽ കൊണ്ടു വരുന്നതാണ്. | നിരവധി പരാതികളും/ നിർദ്ദേശങ്ങളും കോർപ്പറേഷന് ലഭിച്ചിരുന്നെങ്കിലും കനാൽ മലിനീകരണ വിമുക്തമാക്കുന്നതിനുള്ള ശക്തമായ നടപടിയൊന്നും കോർപ്പറേഷൻ എടുത്തിരുന്നില്ല. 2015 ജൂണിൽ ജലവിഭവങ്ങളുടെ വികസനത്തിനും പരിപാലനത്തിനുമുള്ള കേന്ദ്രം (സി.ഡബ്ല്യു.ആർ. ഡി. എം.) നടത്തിയ പഠനത്തിലും ബാക്ടീരിയകളുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിരുന്നു. |
| കൊല്ലംതോട്/ കൊല്ലം കോർപ്പറേഷൻ | ആകെ കോളിഫോമിന്റെയും ഫീക്കൽ കോളിഫോമിന്റെയും യഥാക്രമം 100 മി. ലിറ്ററിൽ | ജില്ലാ ആശുപത്രി, ഗവൺമെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം | സംസ്കരിക്കാത്ത മലിനജലം പൊതു ഓടയിൽ എത്തുന്നതിനെതിരെ ബന്ധപ്പെട്ട ആശുപത്രികൾക്ക് | കൊല്ലം ജില്ലാ ആശുപത്രിക്കും ഗവൺമെന്റ് വിക്ടോറിയ ആശുപത്രിക്കും പൊതുവായൊരു |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | 2500 എം.പി.എൻ.ഉം 1200 എം.പി.എൻ.ഉം ആയിരുന്നു. | എന്നിവയിൽ നിന്നുള്ള സംസ്കരിക്കാത്ത ദ്രവ/സെപ്റ്റിക് മാലിന്യം പൊതു ഓടകളിലൂടെ കൊല്ലം തോടിലും പിന്നീട് അഷ്ടമുടി കായലിലും എത്തുന്നു. | നോട്ടീസ് നൽകിയിരുന്നു. തുടർ നടപടികൾ കൈക്കൊള്ളു ന്നതാണ്. | മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്ന തിനായി, കൊല്ലം ജില്ലാ പഞ്ചായത്തിന് പ്ലാൻ പദ്ധതിയിൻ കീഴിൽ ₹39 ലക്ഷം നൽകി യിരുന്നെങ്കിലും മലിനജല സംസ്കരണ പ്ലാന്റ് ഇതുവരെ (2015 സെപ്റ്റംബർ) നിർമ്മിച്ചിട്ടില്ല. |
| കുഴിക്കണ്ടം തോട്/ ഏലൂർ മുനിസിപ്പാലിറ്റി | ഘനലോഹങ്ങൾ, കീടനാശിനികൾ തുടങ്ങിയ ആപത്കരമായ മാലിന്യം | എച്ച്.ഐ.എൽ., എഫ്.എ.സി.റ്റി., മെർക്കെം തുടങ്ങിയവയിൽ നിന്നുള്ള സംസ്കരിക്കാത്ത വ്യവസായിക മാലിന്യം നേരിട്ട് കുഴിക്കണ്ടം തോടിലേക്ക് തള്ളുകയും അവിടെ നിന്നും അത് പെരിയാർ നദിയിലും എത്തുന്നു. | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശ മനുസരിച്ച് എച്ച്.ഐ.എൽ.-ന് നോട്ടീസ് നൽകിയിരുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ തുടർ നടപടികൾ കൈക്കൊള്ളുക യുള്ളൂ. | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും വളരെയധികം മലിനീകരണം നടത്തുന്ന വ്യവസായങ്ങൾ ക്കും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മലിനീകരണം നിയന്ത്രിക്കുന്ന തിനുള്ള നിർദ്ദേശങ്ങൾ നൽകിയിരു ന്നെങ്കിലും അത് ഇതുവരെയും (2016 ജനുവരി) പാലിക്കപ്പെട്ടിട്ടില്ല. |

നിയമത്തിൽ പ്രത്യേക വ്യവസ്ഥകൾ ഉണ്ടായിരുന്നിട്ടും നഗര തദ്ദേശസ്ഥാപനങ്ങൾ/ മലിനീകരണ നിയന്ത്രണ ബോർഡ് ജലാശയങ്ങൾ മലിനപ്പെടുത്തുന്നവർക്കെതിരെ ഫലപ്രദമായ നടപടിയെടുക്കുന്നതിൽ പരാജയപ്പെട്ടു. ആശുപത്രികളുടെയും, വ്യവസായശാല കളുടെയും കാര്യത്തിൽ നഗര തദ്ദേശസ്ഥാപനങ്ങൾ നോട്ടീസുകൾ നൽകുന്നുണ്ടെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ തുടർന്നുള്ള നടപടികൾ എടുക്കുകയുള്ളൂ എന്ന കാരണം പറഞ്ഞുകൊണ്ട് മറ്റ് നടപടികൾ കൈക്കൊള്ളാറില്ല. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 340 എ വകുപ്പിന്റെ കീഴിൽ നഗര തദ്ദേശസ്ഥാപനങ്ങളിൽ നിക്ഷിപ്തമായ അധികാരം, ജലസ്രോതസ്സുകൾ മലിനമാക്കുന്നതിന് കാരണക്കാരായ വ്യവസായശാല, ആശുപത്രി, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയ്ക്കെതിരെയൊന്നും നഗര തദ്ദേശസ്ഥാപനങ്ങൾ പ്രയോഗി ക്കാത്തതിനാൽ ഈ വാദം ശരിയല്ല.

### 3.2.2.5 മാർക്കറ്റുകളുടെ പരിസരത്തെ മാലിന്യ പരിപാലനം

ഖര-ദ്രവ മാലിന്യങ്ങൾ ഉത്പാദിക്കപ്പെടുന്ന പ്രധാന സ്രോതസ്സ് മാർക്കറ്റുകളാണ്. പുറംതള്ളപ്പെടുന്ന മാലിന്യങ്ങളുടെ സംസ്കരണം/നിർമ്മാർജ്ജനം, തറ കഴുകുന്നതിനുള്ള സൗകര്യം, ഡ്രെയിനേജ് തുടങ്ങിവയുള്ള അനുയോജ്യമായ സംവിധാനത്തെ ആശ്രയിച്ചിരിക്കുന്ന മാർക്കറ്റുകളിലെ ശുചിത്വം. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഒന്നാം ഷെഡ്യൂളിലെ (വകുപ്പ് 30 എ) 9-ാം ഇനമനുസരിച്ച് മാർക്കറ്റുകളിലെ ഉത്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളും, അഴുക്കും, ചെളിയും നീക്കം ചെയ്യേണ്ടത് നഗര തദ്ദേശ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്.

കോഴിക്കോട് കോർപ്പറേഷൻ, കൊല്ലം കോർപ്പറേഷൻ, വടക്കൻ പറവൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിലവിലുണ്ടായിരുന്ന ചന്തകളിലെ ശുചിത്വത്തെക്കുറിച്ച് ഓഡിറ്റ് വിലയിരുത്തുകയും താഴെപറയുന്ന നിരീക്ഷണങ്ങൾ നടത്തുകയും ചെയ്തു.

- ജല മലിനീകരണം നിയന്ത്രിക്കുന്നത് 1974-ലെ ജല (മലിനീകരണ നിരോധനവും നിയന്ത്രണവും) നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമാണ്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ നിശ്ചയിച്ചിരിക്കുന്ന അളവിലും കൂടുതൽ മാലിന്യങ്ങൾ അരുവികളിലേക്കും, കിണറുകളിലേക്കും, ഓടകളിലേക്കും മണ്ണിലേക്കും തള്ളുന്നത് നിയമം വിലക്കുന്നു. കോഴിക്കോട് സെൻട്രൽ ഫിഷ്മാർക്കറ്റിലും, വടക്കൻ പറവൂർ മത്സ്യചന്തയിലും ഖരദ്രവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സൗകര്യമില്ലായിരുന്നു. ഈ ചന്തകളിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ സംസ്കരണമൊന്നും കൂടാതെ തന്നെ തുറന്ന ഓടകളിലൂടെ അടുത്തുള്ള ജലാശങ്ങളിലേയ്ക്ക് തുറന്നു വിട്ടിരുന്നു.

₹ 19.84 ലക്ഷം ചെലവു ചെയ്ത് കോഴിക്കോട് മത്സ്യചന്തയിൽ ഖരമാലിന്യം സംസ്കരിക്കുന്നതിനുവേണ്ടി ഒരു ബയോഗ്യാസ് പ്ലാന്റ് പൂർത്തിയാക്കിയിരുന്നെങ്കിലും (2009 ഒക്ടോബർ) അറ്റകുറ്റപ്പണികൾ തീർക്കാൻ സാധിക്കാത്തതിനാൽ ആറു മാസത്തിനു ശേഷം പ്രവർത്തനരഹിതമായി. 2009-നു ശേഷം മലിനീകരണ നിയന്ത്രണ ബോർഡ് കോഴിക്കോട് സെൻട്രൽ മാർക്കറ്റ് പരിസരത്തെ ജല, വായു ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല. ഓഡിറ്റിന്റെ നിർദ്ദേശപ്രകാരം സെൻട്രൽ മാർക്കറ്റിലെ മലിന ജലത്തിന്റെ പരിശോധന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തുകയും (2015 ജൂലൈ) ദ്രവ മാലിന്യം അനുവദനീയ പരിധിക്കുമുകളിലാണ് പുറന്തള്ളുന്നതെന്ന് സ്ഥിരീകരിക്കുകയും ചെയ്തു. ഉചിതമല്ലാത്ത രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്നതുകൊണ്ട് കോർപ്പറേഷനെതിരെ നടപടിയെടുക്കുമെന്ന് മലിനീകരണ നിന്ത്രണ ബോർഡ് പ്രസ്താവിച്ചു (2015 നവംബർ).

- കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ (കെ.എസ്.യു.ഡി.പി.) ഭാഗമായി കൊല്ലം കോർപ്പറേഷനിലെ ആറു ചന്തകളിൽ[23] ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചതിൽ മൂന്നെണ്ണം കഴിഞ്ഞ രണ്ടു മുതൽ നാലു വർഷമായി പ്രവർത്തിക്കുന്നില്ല. കെ.എസ്.യു.ഡി.പി. ഈ ബയോഗ്യാസ് പ്ലാന്റുകളുടെ പരിപാലനം, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്/മെസ്സേഴ്സ് അജേഷ് റിന്യൂവബിൾ എനർജി സൊല്യൂഷൻസ് തുടങ്ങിയവയെ ഏൽപ്പിച്ചിരുന്നെങ്കിലും ഇതിൽ മൂന്നെണ്ണം[24] പ്രവർത്തിക്കുന്നില്ല. ഈ പ്രവർത്തിക്കാത്ത പ്ലാന്റുകളിൽ മാലിന്യം നിക്ഷേപിച്ചിരുന്നതിനാൽ പ്ലാന്റിൽ നിന്നും വന്നിരുന്ന ദുർഗന്ധവും ഊറിവന്നിരുന്ന മലിനജലവും പരിസരത്തിനെ മലിനമാക്കിയിരുന്നു. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ബയോഗ്യാസ് പ്ളാന്റിന്റെ പ്രവർത്തനം നിലച്ച കാര്യം അറിയിച്ചിരുന്നെങ്കിലും അവർ നടപടിയൊന്നും എടുത്തില്ലെന്ന് കോർപ്പറേഷൻ മറുപടി പറഞ്ഞു. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകാനുള്ള പ്രവർത്തനത്തിനും, പരിപാലനത്തിനുമുള്ള കരാറു തുക തടഞ്ഞുവയ്ക്കുന്നതിനും അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി എടുക്കുവാൻ കേരള സുസ്ഥിര നഗര വികസന പദ്ധതിയെ അറിയിച്ചിട്ടുണ്ടെന്നും, അടിയന്തരമായി പ്ലാന്റ് നന്നാക്കുവാൻ കേരള സുസ്ഥിര നഗര വികസന പദ്ധതിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പറഞ്ഞു. എന്നാൽ 2014 ഏപ്രിലിൽ പ്ലാന്റ് കോർപ്പറേഷനു കൈമാറിയിരുന്നെങ്കിലും പ്ലാന്റ് പ്രവർത്തിക്കുന്നില്ലെന്ന കാര്യം കേരള സുസ്ഥിര നഗരവികസന പദ്ധതിയെ 2015 ജൂണിൽ മാത്രമാണ് അറിയിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

---

23 ഇരവിപുരം, മൂന്നാംകുറ്റി, കാവനാട്, കടപ്പാക്കട, പള്ളിമുക്ക്, തേവള്ളി

24 ഇരവിപുരം, പള്ളിമുക്ക്, തേവള്ളി

- കൊല്ലം കോർപ്പറേഷനിലും അടൂർ മുനിസിപ്പാലിറ്റിയിലും ആറു ചന്തകളിൽ[25] ഡ്രെയിനേജ് സംവിധാനം സ്ഥാപിച്ചിരുന്നില്ല. ഡ്രെയിനേജ് സംവിധാനത്തിന്റെ അഭാവത്തിൽ വെള്ളക്കെട്ട്, ദുർഗന്ധം, മലിനമായ ചുറ്റുപാട് എന്നിവ ഈ ചന്തകളുടെ സ്ഥിരം സവിശേഷതകളായിരുന്നു. മൂന്ന് നഗര തദ്ദേശ സ്ഥാപനങ്ങളിലെ നാല് ചന്തകളിൽ[26] സ്ഥാപിച്ചിരുന്ന ഡ്രെയിനേജ്, മത്സ്യാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യം കൊണ്ട് തടസ്സപ്പെടുകയും മഴയത്ത് കവിഞ്ഞൊഴുകുന്നതുകൊണ്ട് പരിസരങ്ങൾ വൃത്തിഹീനമാകുന്നതിനും ദുർഗന്ധം ഉണ്ടാകുന്നതിനും കാരണമായി. നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സ്ഥലം സന്ദർശിച്ചപ്പോൾ ഇത് സ്ഥിരീകരിച്ചു. ചന്തകളിൽ ഡ്രെയിനേജ് സംവിധാനം സ്ഥാപിക്കുന്നതിന് നടപടി കൈക്കൊള്ളുമെന്ന് അടൂർ മുനിസിപ്പാലിറ്റി മറുപടി നൽകി. ഫണ്ടിന്റെ ലഭ്യത കുറവു കാരണം പോരായ്മകൾ പരിഹരിക്കാൻ സാധിച്ചില്ലെന്നും അടുത്ത വർഷം വേണ്ടത് ചെയ്യുമെന്നും ആറ്റിങ്ങൽ മുനിസിപ്പാലിറ്റി മറുപടി പറഞ്ഞു.

ചന്തകളിലെ തറ ദിവസവും കഴുകി വൃത്തിയാക്കുന്നത് ചന്തകളെ വൃത്തിയുള്ളതും ശുചിത്വകരവുമായി നിലനിർത്തുന്നതിന് അത്യാവശ്യമാണ്. ചന്തകളിൽ വെള്ളം ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം നഗര തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. മൂന്ന് നഗര തദ്ദേശ സ്ഥാപനങ്ങളിലെ ഏഴ ചന്തകളിൽ[27] പൈപ്പുവെള്ളം ലഭ്യമാക്കാതിരുന്നത് ചന്തകളിലെ ശുചിത്വകരമല്ലാത്ത സ്ഥിതിയ്ക്ക് കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കോഴിക്കോട് സെൻട്രൽ ഫിഷ് മാർക്കറ്റിൽ ടാങ്കറുകളിൽ നൽകിയിരുന്ന വെള്ളമുപയോഗിച്ച് ആഴ്ചയിൽ രണ്ടു പ്രാവശ്യം മാത്രമാണ് കടകൾ വൃത്തിയാക്കിയിരുന്നത്. ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ ചന്തകളിൽ വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമെന്ന് അടൂർ മുനിസിപ്പാലിറ്റിയും കൊല്ലം കോർപ്പറേഷനും മറുപടി നൽകി. എന്നാൽ ചന്തകൾ ശുചിത്വകരമായ സ്ഥിതിയിൽ നിലനിർത്തുന്നതിൽ നഗര തദ്ദേശ സ്ഥാപനങ്ങൾ പരാജയപ്പെട്ടു.

### 3.2.2.6 വിസർജ്ജ്യ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം

സെപ്റ്റിക് ടാങ്കിൽനിന്നും അവശിഷ്ട കുഴികളിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന സംസ്കരിക്കാത്തതും ഭാഗികമായി സംസ്കരിച്ചതുമായ ഖര മാലിന്യങ്ങൾ, മനുഷ്യന്റേതോ

---

25 കൊല്ലത്തെ മൂന്നാംകുറ്റി, കടപ്പാക്കട, ഇരവിപ്പുറം ചന്തകളും അടൂരിലെ പറക്കോട്, ശ്രീമൂലം, സെൻട്രൻ ടോൾ ചന്തകളും

26 ആറ്റിങ്ങലിലെ ആലംകോട് മത്സ്യ ചന്ത, നെടുമങ്ങാട്ടെ മുനിസിപ്പൽ ചന്ത, കൊല്ലത്തെ കാവനാട്, പള്ളിമുക്ക് ചന്തകൾ

27 കോഴിക്കോട് കോർപ്പറേഷനിലെ സെൻട്രൽ ഫിഷ് മാർക്കറ്റ്, കൊല്ലം കോർപ്പറേഷനിലെ മൂന്നാംകുറ്റി, കടപ്പാക്കട, തേവള്ളി, പള്ളിമുക്ക്, കാവനാട് ചന്തകൾ, അടൂർ മുനിസിപ്പാലിറ്റിയിലെ സെൻട്രൽ ടോൾ മാർക്കറ്റ്

ഗാർഹികമായതോ ആയ സ്രോതസ്സിൽ നിന്നുള്ള ദ്രാവകങ്ങൾ എന്നിവയുൾപ്പെട്ട ദ്രവ മിശ്രിതങ്ങളാണ് വിസർജ്ജ്യമാലിന്യങ്ങൾ. വിസർജ്ജ്യമാലിന്യങ്ങൾ രോഗജന്യമായ വൈറസുകളും, ബാക്ടീരിയകളും, പരോപജീവികളും വളരുന്നതിന് സഹായകരമാകുമെന്നതിനാൽ പൊതുജനാരോഗ്യവും പരിസ്ഥിതിയും സംരക്ഷിക്കുന്നതിന് മതിയായ സംസ്കരണ നിർമ്മാർജ്ജന സംവിധാനം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

2015 മാർച്ചിന് മുമ്പ് പൂർത്തിയാകത്തക്ക രീതിയിൽ സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും വിസർജ്ജ്യ മാലിന്യ സംസ്കരണ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈകൊള്ളുവാൻ സംസ്ഥാന സർക്കാരിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശം നൽകി (2011 ജനുവരി). ഇതനുസരിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും സംഘടിത വിസർജ്ജ്യ മാലിന്യ സംസ്കരണ പ്ളാന്റ് (പി.എസ്.ടി.പി.) സ്ഥാപിക്കുന്നതിനുള്ള ഉത്തരവിറക്കുകയും (2013 ജൂൺ) 2013-14 കാലയളവിൽ പി.എസ്.ടി.പി. നടപ്പിലാക്കുന്നതിന് വേണ്ടി ₹ 33.55 കോടി നീക്കിവയ്ക്കുകയും ചെയ്തു. ഇതിൽ നിന്നും കൊച്ചിയിലെ ബ്രഹ്മപുരത്തും വെല്ലിങ്ടൻ ഐലന്റിലും പി.എസ്.ടി.പി. സ്ഥാപിക്കുന്നതിനായി നോഡൽ ഏജൻസിയായ കേരള സുസ്ഥിര നഗര വികസന പദ്ധതിയ്ക്ക് 2014-15 കാലയളവിൽ ₹ 5.53 കോടി മാത്രം നൽകുകയുണ്ടായി. ഈ പദ്ധതികൾ ഇതുവരെ പൂർത്തിയാക്കിയിട്ടില്ല (2016 ജനുവരി). ലാക്ഷണിക പരിശോധന നടത്തിയ നഗര തദ്ദേശ സ്ഥാപനങ്ങളിലും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ല.

വിസർജ്ജ്യ മാലിന്യങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും കൊണ്ടുപോകുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും സംസ്ഥാനത്ത് നിയമ നിയന്ത്രണങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നിലനിൽക്കുന്നില്ലെന്ന് ജലസ്രോതസ്സുകളുടെ വികസനത്തിനും പരിപാലനത്തിനുമുള്ള കേന്ദ്രം ശുചിത്വ മിഷനു വേണ്ടി നടത്തിയ പഠനത്തിൽ (2013) നിന്നും വെളിവാകുന്നു. ആറ്റിങ്ങലും, നെടുമങ്ങാടും ഒഴിച്ചുള്ള മുനിസിപ്പാലിറ്റികളിലൊന്നും വിസർജ്ജ്യമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്ന സംവിധാനമില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനുമുള്ള സംവിധാനത്തിന്റെ അഭാവത്തിൽ, സ്വകാര്യ സെപ്റ്റിക് ടാങ്ക് ക്ലീനർമാർ ശേഖരിച്ച വിസർജ്ജ്യമാലിന്യങ്ങൾ ജലസ്രോതസ്സുകളിലും മനുഷ്യവാസമുള്ള മേഖലകളിലെ ഓടകളിലും ഒഴുക്കിക്കളയുകയും ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്കും പരിസ്ഥിതി മലിനീകരണത്തിനും കാരണമാകുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

(i) കോഴിക്കോട് കോർപ്പറേഷന് കുഴികളിൽ നിന്നും മനുഷ്യവിസർജ്ജ്യങ്ങൾ വലിച്ചെടുക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമുള്ള രണ്ടു യന്ത്രങ്ങൾ ഉണ്ടായിരുന്നു. വിസർജ്ജ്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ മതിയായ ഭൂമി ലഭ്യമല്ല എന്ന കാരണം

പറഞ്ഞുകൊണ്ട് ഈ യന്ത്രങ്ങൾ കൂടുതലും ഉപയോഗിക്കാതെ കിടന്നുവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. മുകളിൽപറഞ്ഞ സ്വകാര്യ ഏജൻസികളുടെ മേൽ കോർപ്പറേഷന് യാതൊരു നിയന്ത്രണവുമില്ലാതിരുന്നത് അവർ വിസർജ്ജ്യമാലിന്യങ്ങൾ മനുഷ്യവാസസ്ഥലങ്ങളിലും തോട്ടുകളിലും ജലപാതകളിലും തള്ളിവിടുന്നതിന് കാരണമായി. കക്കൂസ് മാലിന്യം നീക്കം ചെയ്യുന്ന ജോലി നടത്തുന്നതിന് കോർപ്പറേഷനു വൈമനസ്യമുള്ളതിനാൽ പൊതുജനം കക്കൂസ് മാലിന്യം നീക്കം ചെയ്യുന്നതിനായി സ്വകാര്യ ഏജൻസികളെ സമീപിക്കുന്നു.

കോഴിക്കോട് കോർപ്പറേഷനിലെയും തൃക്കാക്കര മുനിസിപ്പാലിറ്റിയിലെയും ആരോഗ്യ ഉദ്യോഗസ്ഥരുമായി നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ വിസർജ്ജ്യ മാലിന്യങ്ങൾ മനുഷ്യവാസ സ്ഥലങ്ങളുടെ സമീപം കൂട്ടിയിട്ടതായ സംഭവങ്ങൾ ഓഡിറ്റ് നിരീക്ഷിച്ചു. രാത്രി കാലങ്ങളിൽ സ്വകാര്യ ഏജൻസികൾ വിസർജ്ജ്യ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും ഉപേക്ഷിക്കുന്നുണ്ടെന്ന് തൃക്കാക്കര മുനിസിപ്പാലിറ്റി മറുപടി നൽകി. ഈ സ്വകാര്യ ഏജൻസികളെ നിയന്ത്രിക്കുന്നതിന് പോലീസിൽനിന്നും മുനിസിപ്പാലിറ്റി അധികാരികൾക്ക് ഒരു സഹായവും ലഭിക്കുന്നുണ്ടായിരുന്നില്ല. പൊതുസ്ഥലങ്ങളിൽ വിസർജ്ജ്യ മാലിന്യം ഉപേക്ഷിക്കുന്നത് നിയന്ത്രിക്കുന്നതിനായി ഒരു പരിഹാരവും മുനിസിപ്പാലിറ്റി രൂപപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

(ii) കോഴിക്കോട് കോർപ്പറേഷനിൽ മനുഷ്യ വിസർജ്ജ്യം സംസ്കരിക്കുന്നതിനു മൊഫ്യൂസിൽ ബസ്സ്റ്റാന്റിലും പാളയം ബസ്സ്റ്റാന്റിലുമായി രണ്ട് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്ന പണി കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകുകയും (2009 ഫെബ്രുവരി) കോർപ്പറേഷൻ ₹ 18 ലക്ഷം ചെലവാക്കുകയും ചെയ്തെങ്കിലും 2015 ഡിസംബർ വരെ ജോലി പൂർത്തിയാക്കിയിട്ടില്ല. പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ മൊഫ്യൂസിൽ ബസ്സ്റ്റാന്റിലെ പ്ലാന്റിലേക്കുള്ള അഴുക്കുചാൽ നിർമ്മാണം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നടത്തിയിട്ടില്ലെന്ന് കോർപ്പറേഷൻ മറുപടി നൽകി. പാളയം ബസ്സ്റ്റാന്റിന്റെ കാര്യത്തിൽ പരീക്ഷണ പ്രവർത്തന സമയത്ത് പ്ലാന്റിന്റെ വെള്ളക്കുഴി നിറഞ്ഞുകവിഞ്ഞതുകാരണം പണി നിർത്തിയിരിക്കുകയാണ്. ബയോഗ്യാസ് പ്ലാന്റ് മനുഷ്യവിസർജ്ജ്യങ്ങൾ മാത്രം സംസ്കരിക്കാനാണ് രൂപകല്പന നൽകിയതെന്നും കുളിമുറിയിൽനിന്നുള്ള ദ്രവമാലിന്യങ്ങൾക്കുവേണ്ടി യാതൊരു വ്യവസ്ഥയും കൊടുത്തിട്ടില്ലെന്നും കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അറിയിച്ചു (2011 ഏപ്രിൽ). ജല സംസ്കരണ പ്ലാന്റ് നിർമ്മിച്ചതിനുശേഷം മാത്രമേ വെള്ളക്കുഴി കവിഞ്ഞൊഴുകുന്നതിന് അന്തിമ പരിഹാരം കാണാൻ സാധിക്കൂ എന്നുകൂടി ആ സ്ഥാപനം അറിയിച്ചു. പോരായ്മയുള്ള പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ കോർപ്പറേഷൻ ഒരു നടപടിയും കൈക്കൊണ്ടില്ല. ഈ ബസ്സ്റ്റാന്റുകളിലെ കുഴികൾ നിറയുമ്പോൾ കരാറുകാർ മനുഷ്യസഹായത്താൽ വിസർജ്ജ്യമാലിന്യം നീക്കം ചെയ്യുകയാണെന്ന് കോർപ്പറേഷൻ മറുപടി നൽകി. എന്നാൽ ഈ വിസർജ്ജ്യമാലിന്യങ്ങൾ എവിടെയാണ് പുറംതള്ളുന്നത് എന്ന വിവരം കോർപ്പറേഷന് അറിയില്ല.

അങ്ങനെ വിസർജ്ജ്യമാലിന്യം നീക്കംചെയ്യുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും നഗര തദ്ദേശ സ്ഥാപനങ്ങൾ ഒരു പരിഹാരവും കണ്ടുപിടിച്ചിട്ടില്ല.

### 3.2.2.7 സംസ്കരിക്കുന്നതിലെ അപര്യാപ്തതകൊണ്ട് മലിന ജലം കൊതുകുകളുടെ പ്രജനന സ്ഥലമായി മാറി

1994 കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 337 അനുസരിച്ച് ഒരു പരിസരത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ, അങ്ങനെയുള്ള പരിസരങ്ങളിൽ നിന്ന് ഏതെങ്കിലും തൊട്ടിയിലോ ഓടയിലോ കക്കൂസിലോ തൊഴുത്തിലോ നിന്നുള്ള വെള്ളമോ മറ്റേതെങ്കിലും മാലിന്യമോ ഒരു അഴുക്കുചാലിലോ അഴുക്കുതൊട്ടിയിലോ ഒഴികെ ഒരു തെരുവിന്റെ ഏതെങ്കിലും ഭാഗത്തേക്ക് പുറത്തേക്ക് ഒഴുവാക്കുവാനോ അഥവാ ഒരു തെരുവിന്റെ ഭാഗമായ ഒരു അഴുക്കുചാലിന്റെ വശത്തുള്ള ഭിത്തിയോ തറയോ പ്രസ്തുത ജലമോ മാലിന്യമോ കാരണം കുതിർന്ന് ഒഴിവാക്കാമായിരുന്ന ശല്യം ഉണ്ടാകത്തക്ക വിധത്തിൽ ആ ജലമോ മാലിന്യമോ ആ പരിസരത്തിൽ നിന്നും പുറത്തേക്ക് ഒഴുക്കുവാനോ പാടുള്ളതല്ല. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിയമത്തിലെ ചട്ടം 26 എ മാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് വ്യവസ്ഥകൾ നിഷ്കർഷിക്കുന്നു.

1966-ൽ 500 കിടക്കകളുമായി പ്രവർത്തനം ആരംഭിച്ച കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി പിന്നീട് മാതൃ-ശിശു ആരോഗ്യ ഇൻസ്റ്റിറ്റ്യൂട്ട്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസസ് തുടങ്ങിയ വിവിധ ബ്ലോക്കുകളുടെ നിർമ്മാണത്തോടെ 3200 കിടക്കകളായി വർദ്ധിച്ചു. ആശുപത്രി സമുച്ചയത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മലിനജലം സംസ്കരിക്കുന്നതിനായി 50 വർഷം മുമ്പ് നിർമ്മിച്ച ഓക്സിഡേഷൻ പ്ലാന്റാണ് ഉപയോഗിക്കുന്നത്. ആശുപത്രി രേഖകളിൽ നിന്നും അവിടെ 3.2 എം.എൽ.ഡി[28] മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നുവെന്നും ഇത് സംസ്കരിക്കുന്നതിന് നിലവിലുള്ള ഓക്സിഡേഷൻ പ്ലാന്റ് പഴയതും അപര്യാപ്തവുമാണെന്നും ഓഡിറ്റ് നിരീക്ഷിച്ചു. 2010-ൽ പ്രതിദിനം നാലു ദശലക്ഷം ലിറ്റർ ജലം സംസ്കരിക്കാൻ കഴിവുള്ള പ്ലാന്റ് ആശുപത്രി സ്ഥാപിച്ചെങ്കിലും അത് പ്രവർത്തനരഹിതമാണ്. ഓക്സിഡേഷൻ പ്ലാന്റിന്റെ കുറഞ്ഞ പ്രാപ്തി കാരണം വളരെയധികം മലിനജലം സംസ്കരണമൊന്നും കൂടാതെ ജനവാസ മേഖലയിലെ തുറസ്സായ സ്ഥലങ്ങളിലേക്ക് ഒഴുക്കിവിടുന്നത്/പുറന്തള്ളുന്നത് മുകളിൽ പറഞ്ഞ നിയമങ്ങളുടെ ലംഘനമാണ്. മെഡിക്കൽ കോളേജ് അധികാരികളുമായി മായനാട് പ്രദേശത്ത് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ ആശുപത്രി പരിസരത്തുണ്ടാകുന്ന മലിനജലം ഒരു ടാങ്കിൽ ശേഖരിച്ചിട്ട് സംസ്കരിക്കാതെ തന്നെ സമീപത്തെ മായനാട്

28 പ്രതിദിനം ദശലക്ഷം ലിറ്റർ

പ്രദേശത്തേയ്ക്ക് ഓടകളിലൂടെ പമ്പ് ചെയ്തുവിടുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. മായനാട് പ്രദേശങ്ങളിൽ സംസ്കരിക്കാത്ത ദ്രവമാലിന്യം പമ്പ് ചെയ്യുന്നതിനെക്കുറിച്ച് സമീപ പ്രദേശങ്ങളിൽ വസിക്കുന്നവർ കോർപ്പറേഷന് പരാതി നൽകിയെങ്കിലും നാളിതുവരെ പരിഹാരമൊന്നുമുണ്ടായില്ല (2015 ഡിസംബർ). അങ്ങനെ മെഡിക്കൽ കോളേജിൽ ഉണ്ടാകുന്ന മാലിന്യം കൈകാര്യം ചെയ്യുന്നതിലുണ്ടായ ആസൂത്രണ വൈകല്യം ആശുപത്രിയുടെ മുഴുവൻ സമീപ പ്രദേശങ്ങളെയും വൃത്തിഹീനമായ നിലയിലാക്കുകയും അത് കൊതുകുകളുടെ പ്രജനനകേന്ദ്രമായി മാറുകയും ചെയ്തു. മാലിന്യ സംസ്കരണ പ്ലാന്റ് പൂർത്തിയാകാത്തതുകാരണം ഉണ്ടാകുന്ന മലിനജലം മായനാട് പ്രദേശത്ത് സംസ്കരിക്കാതെ പമ്പ് ചെയ്യുകയാണെന്ന് കോർപ്പറേഷൻ മറുപടി നൽകി (2015 നവംബർ).

തദ്ദേശവാസികളിൽ നിന്നും പരാതികൾ ലഭിച്ചതിനു ശേഷവും സംസ്കരിക്കാത്ത ദ്രവമാലിന്യം മെഡിക്കൽ കോളേജ് അധികൃതർ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് പമ്പു ചെയ്യുന്നതിനെതിരെ കോർപ്പറേഷൻ നടപടിയൊന്നും എടുത്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 3.2.3 സംഗ്രഹം

പരിസ്ഥിതി ശുചിത്വം നിലനിർത്തുന്നതിനു വേണ്ടി നിയമങ്ങളിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിൽ നഗര തദ്ദേശ സ്ഥാപനങ്ങൾ പരാജയപ്പെട്ടു. ശരിയായ പരിസ്ഥിതി ശുചിത്വം നിലനിർത്തുന്നതിനുവേണ്ടിയുള്ള നഗര തദ്ദേശ സ്ഥാപനങ്ങളുടെ പരിപാടികളും നടപടികളും അപര്യാപ്തമായിരുന്നു. വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റികളുടെയും, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനം പല രീതിയിലും പോരായ്മയുള്ളതായിരുന്നു. പൊതുശൗചാലയങ്ങൾ വൃത്തിയായും ആരോഗ്യകരവുമായ രീതിയിലുമാണ് പ്രവർത്തിക്കുന്നതെന്ന് നഗര തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പാക്കിയിരുന്നില്ല. കേടുപാടുകൾ തീർക്കാത്തതും, വെള്ളത്തിന്റെ ലഭ്യതക്കുറവും, സെപ്റ്റിക് ടാങ്ക് ശരിയായി പ്രവർത്തിക്കാത്തതും കാരണം ബസ്സ്റ്റാന്റ്, മാർക്കറ്റ് തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിച്ചിരുന്ന ഭൂരിഭാഗം പൊതുശൗചാലയങ്ങളും പ്രവർത്തനരഹിതമായിരുന്നു. ലാക്ഷണിക പരിശോധന നടത്തിയ നഗര തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ അറവുശാലകളും ചന്തകളും നിയമത്തിലും, ചട്ടങ്ങളിലും നിഷ്കർഷിച്ചിരുന്ന അവശ്യ സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. ഈ സ്ഥാപനങ്ങളിൽ നിന്നും പുറംതള്ളിയിരുന്ന മാലിന്യങ്ങൾ സംസ്കരണമൊന്നും കൂടാതെ ജലസ്രോതസ്സുകളിലേയ്ക്കും, തുറസ്സായ സ്ഥലങ്ങളിലേക്കും ഒഴുക്കിവിട്ടത് ഗുരുതരമായ പരിസ്ഥിതി മലിനീകരണത്തിന്

കാരണമായി. വ്യവസായശാലകൾ, ആശുപത്രികൾ, മറ്റു വാണിജ്യസ്ഥാപനങ്ങൾ എന്നിവയിൽനിന്നുള്ള മാലിന്യങ്ങളുടെ പുറംതള്ളലുകൾ കാരണം ലാക്ഷണിക പരിശോധന നടത്തിയ നഗര തദ്ദേശസ്ഥാപനങ്ങളിലെ ആറ് ജലാശയങ്ങൾ വളരെയധികം മലിനമായിരുന്നു. മനുഷ്യവാസമുള്ള സ്ഥലങ്ങൾക്കരികിലെ തുറന്ന സ്ഥലങ്ങളിൽ വിസർജ്ജ്യമാലിന്യങ്ങൾ തള്ളുന്നതിന് മേൽ യാതൊരു നിയന്ത്രണവുമില്ലായിരുന്നു.

(2015 മാർച്ചിൽ അവസാനിച്ച വർഷത്തെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൻ കീഴിൽ നഗര തദ്ദേശസ്ഥാപനങ്ങൾ നടപ്പാക്കേണ്ട പരിസ്ഥിതി ശുചിത്വവുമായി ബന്ധപ്പെട്ട നിയമപരമായ പ്രവൃത്തികളായ ഓടകളുടെ നിർമ്മാണം, പരിപാലനം, വൃത്തിയാക്കൽ, മാലിന്യങ്ങൾ, ചപ്പുചവറുകൾ, വെറുപ്പുളവാക്കുന്ന മറ്റ് സാധനങ്ങൾ എന്നിവയുടെ നീക്കം ചെയ്യലും നിർമ്മാർജ്ജനവും; മുനിസിപ്പാലിറ്റി ചന്തകളുടെയും അറവുശാലകളുടെയും പൊതുവീഥികളുടെയും ശൗചാലയങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളുടെ നിർമ്മാണവും നിയന്ത്രണവും; അഴുക്കുചാൽ പദ്ധതിയുടെ നടപ്പാക്കൽ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ പരിശോധിച്ച സമിതി പ്രസ്തുത ഓഡിറ്റ് നിരീക്ഷണങ്ങളിന്മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രശ്നങ്ങൾ എല്ലാം പരിഹരിച്ചിട്ടുണ്ട് എന്ന സർക്കാർ മറുപടിയിൽ വിയോജിപ്പ് പ്രകടിപ്പിക്കുകയും ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അഭിപ്രായം ആരായുകയും ചെയ്തു.

2. ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ട നഗര തദ്ദേശ സ്ഥാപനങ്ങൾ സർക്കാരിന് സമർപ്പിച്ച മറുപടി പരിശോധിച്ചതിൽ നിന്നും പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ടി നഗര തദ്ദേശസ്ഥാപനങ്ങൾ ഗൗരവമായി എടുത്തിട്ടില്ല എന്ന് സർക്കാരിന് മനസിലായിട്ടുള്ളതായും ടി വിഷയത്തിൽ സമഗ്രമായ വിചിന്തനം വിവിധ തലങ്ങളിൽ നടത്തുവാനും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നൽകുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മാലിന്യ നിക്ഷേപം കണ്ടെത്തിയ നഗരസഭകൾക്ക് വ്യക്തമായ പരിഹാര മാർഗ്ഗം കണ്ടെത്താൻ നിർദ്ദേശം നൽകുന്നതാണെന്നും കോഴിക്കോട് മെഡിക്കൽ കോളേജിലെ

മാലിന്യ നിർമ്മാർജ്ജനത്തിന് കോഴിക്കോട് കോർപ്പറേഷൻ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ അമൃത് (Atal Mission for Rejuvenation and Urban Transformation) പദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. കൂടാതെ നഗര തദ്ദേശസ്ഥാപനങ്ങളിലെ പരിസ്ഥിതി ശുചിത്വ പരിപാലനത്തിന്റെ ആദ്യപടി എന്ന നിലയിൽ നഗര തദ്ദേശ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാർ, സെക്രട്ടറിമാർ, ഹെൽത്ത് ഓഫീസർമാർ, മുനിസിപ്പൽ/ കോർപ്പറേഷൻ എഞ്ചിനീയർമാർ എന്നിവരുടെ ഒരു അവലോകന യോഗം അടിയന്തരമായി വിളിച്ചു ചേർക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് നഗര തദ്ദേശസ്ഥാപനങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

3. നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ വിളിച്ചു ചേർക്കുന്നതിൽ നഗര തദ്ദേശസ്ഥാപനങ്ങൾ രണ്ടു മുതൽ ഒൻപത് മാസം വരെ വീഴ്ച വരുത്തി എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൂടേണ്ടത് സംബന്ധിച്ച് കൃത്യമായ നിയമവും നിർദ്ദേശവും ഉള്ളപ്പോൾ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഇല്ലാത്തതുകൊണ്ടാണ് കമ്മിറ്റികൾ കൂടാതിരുന്നത് എന്ന സർക്കാർ മറുപടി അംഗീകരിക്കാനാവില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. നിലവിൽ ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായി കൂടാറുണ്ട് എന്ന നഗര തദ്ദേശസ്ഥാപനങ്ങളുടെ മറുപടി നിരുത്തരവാദപരമാണെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത മറുപടി ശരി വയ്ക്കുന്ന തരത്തിൽ സമിതിയിൽ സമർപ്പിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. സ്റ്റാൻഡിംഗ് കമ്മിറ്റികൾ വിളിച്ചു കൂട്ടേണ്ട ചുമതല ആർക്കാണെന്ന് സമിതി ആരായുകയും നിയമപ്രകാരം സ്റ്റാൻഡിംഗ് കമ്മിറ്റികൾ വിളിച്ചു കൂട്ടേണ്ട ഉത്തരവാദിത്വം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനാണെങ്കിലും നിയമപ്രകാരം കമ്മിറ്റി കൂടുന്നില്ലെങ്കിൽ ആയത് ചൂണ്ടിക്കാണിച്ച് കുറിപ്പ് കൊടുത്ത് കമ്മിറ്റി വിളിച്ചുകൂട്ടുന്നതിന് ആവശ്യപ്പെടാൻ നഗര തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ഉത്തരവാദിത്വം ഉണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. സ്റ്റാന്റിംഗ് കമ്മിറ്റി കൂടുന്നതു സംബന്ധിച്ച റിപ്പോർട്ട് നഗരതദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കാറുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് വാർഷിക റിപ്പോർട്ട് നൽകാറുണ്ടെന്നും അത് അവലോകനം ചെയ്ത് അവർക്ക് മറുപടി നൽകുകയും നിയമസഭയിൽ വയ്ക്കുകയും ചെയ്യാറുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. നഗര തദ്ദേശ സ്ഥാപനങ്ങളിൽ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായി കൂടാതിരിക്കുന്നതും കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ തുടർനടപടി സ്വീകരിക്കാതിരുന്നതും സർക്കാർ ഗൗരവമായി കാണുന്നുവെന്നും സ്റ്റാൻഡിംഗ്

കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ കൂടുന്നതിൽ നിരന്തരമായി വീഴ്ച വരുത്തുന്നതായും എന്നാൽ സർക്കാരും ഇക്കാര്യം പരിശോധിക്കാതിരിക്കുകയും റെക്ടിഫൈ ചെയ്യാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായും സമിതി നിരീക്ഷിക്കുകയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായി കൂടുന്നില്ലെന്ന് ഓഡിറ്റ് പരാമർശം ഉണ്ടായ സ്ഥിതിക്ക് ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായി കൂടാത്ത പക്ഷം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെയും അംഗങ്ങളുടെയും സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്വം നഷ്ടപ്പെടുമെന്നൊരു ഭേദഗതി ചട്ടങ്ങളിൽ വരുന്നതു സംബന്ധിച്ച് കമ്മിറ്റി ചർച്ച ചെയ്യുകയും അപ്രകാരം ഭേദഗതി റൂൾസിൽ വരുത്തുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

4. എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ സർക്കാർ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ വാർഡ് തല ആരോഗ്യശുചിത്വ കമ്മിറ്റികൾ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നതായും വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റികളുടെയും ശുചിത്വ സ്ക്വാഡുകളുടെയും പ്രവർത്തനം ഓഡിറ്റ് വിലയിരുത്തിയപ്പോൾ വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിരുന്നില്ലെന്നും മുനിസിപ്പാലിറ്റികൾ പരിസര ശുചിത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് കമ്മിറ്റികൾ വിളിച്ച് ചേർത്തിരുന്നില്ലെന്നും ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കുന്നതിൽ വാർഡ് ഹെൽത്ത് ശുചിത്വ കമ്മിറ്റികൾ പരാജയപ്പെട്ടുവെന്നും ശുചിത്വ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും നഗര തദ്ദേശ സ്ഥാപനങ്ങൾ പരാജയപ്പെട്ടുവെന്നും സമിതി നിരീക്ഷിച്ചു.

5. വാർഡിലെ ജനങ്ങളുടെ പങ്കാളിത്തത്തോടെ വാർഡ്തല ആരോഗ്യ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്ന നഗര തദ്ദേശസ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ സമിതി ആരാഞ്ഞതിന് എല്ലാ വാർഡിലും വാർഡ് തല ശുചിത്വ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും ഡോക്ടർമാർ ഉള്ള സ്ഥലങ്ങളിൽ അവരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

6. ആശാ വർക്കർമാർ അടക്കം നിരവധി ആരോഗ്യ പ്രവർത്തകർ ഉണ്ടായിട്ടും ആരോഗ്യരംഗത്ത് നേട്ടം കൈവരിക്കാൻ കഴിയാത്തത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗത്തുള്ള വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെട്ടു. നഗര തദ്ദേശ സ്ഥാപനങ്ങളിൽ എൻ.ആർ.എച്ച്.എം. മാർഗ്ഗനിർദ്ദേശമനുസരിച്ചുള്ള വാർഡ് തല ശുചിത്വ കമ്മിറ്റികൾ രൂപീകരിക്കാനും അമിതമായി മാലിന്യം പെരുകി സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാൻ സാധ്യതയുള്ള മേഖലകളിൽ ശുചിത്വ സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുവാനും സമിതി നിർദ്ദേശിച്ചു.

7. കോഴിക്കോട് നഗരസഭയിൽ വാർഡ് സാനിട്ടേഷൻ കമ്മിറ്റി കൺവീനർമാർക്ക് അഡ്വാൻസായി നൽകിയിരുന്നതും ക്രമവൽക്കരിക്കപ്പെടാതിരുന്നതുമായ ₹1.85 കോടി മുഴുവൻ ക്രമീകരിച്ചിട്ടുണ്ട് എന്ന സർക്കാർ മറുപടി പരിഗണിച്ച സമിതി അത് അക്കൗണ്ടന്റ് ജനറലിനെ ബോദ്ധ്യപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

8. പൊതു ശൗചാലയങ്ങളുടെ പരിപാലനം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ സമിതി പരിശോധിച്ചു. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ മുനിസിപ്പൽ ബസ്സ്റ്റാൻഡിനോട് ചേർന്നുള്ള പൊതു ശൗചാലയം വൃത്തിഹീനമായാണ് പ്രവർത്തിച്ചിരുന്നത് എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള സർക്കാർ മറുപടി പരിശോധിച്ച സമിതി, പുതിയ ബസ്സ്റ്റാൻഡ് നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ടി പ്രശ്നം പരിഹരിക്കപ്പെടും എന്ന് ഓഡിറ്റിന് നൽകിയ മറുപടിയിന്മേൽ സ്വീകരിച്ച വിശദാംശങ്ങൾ സംബന്ധിച്ച് ആരാഞ്ഞതിന് പുതിയ ബസ്സ്റ്റാന്റ് തുറന്നുകൊടുക്കുന്നതിന് മൂന്നു മാസത്തെ സമയം എടുക്കുമെന്നും വൃത്തിഹീനമായ ടോയ്‌ലെറ്റുകൾ ശരിയാക്കിയിട്ടുണ്ടെന്നും മുനിസിപ്പാലിറ്റി സമിതിയെ അറിയിച്ചു. എന്നാൽ ടോയ്‌ലെറ്റുകൾ ശരിയാക്കിയിട്ടുണ്ടെന്ന മറുപടി അംഗീകരിക്കാനാവില്ലെന്നും ഇക്കാര്യത്തിൽ അടിയന്തരമായി തുടർ നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. തുടർന്ന് ഓഡിറ്റ് പരാമർശം സംബന്ധിച്ച് മറ്റ് നഗര തദ്ദേശ സ്ഥാപനങ്ങൾ സമർപ്പിച്ച മറുപടി പരിഗണിച്ച സമിതി പൊതു ശൗചാലയങ്ങളുടെ പരിപാലനം സംബന്ധിച്ച് നഗര തദ്ദേശസ്ഥാപനങ്ങൾ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെടുകയും പൊതു ശൗചാലയങ്ങൾ വൃത്തിയായി പരിപാലിക്കണമെന്നും അവ ശരിയായ രീതിയിൽ നിലനിർത്തുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ അനധികൃത ഹോസ്റ്റലുകൾ, തൃക്കാക്കര മുനിസിപ്പാലിറ്റി യിലുൾപ്പെടെ ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകൾ എന്നിവിടങ്ങളിൽ കർശന പരിശോധന നടത്തി ശൗചാലയങ്ങളുടെ സ്ഥിതി വിലയിരുത്തി തുടർനടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

9. മിക്ക നഗരസഭകളിലും ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റികൾ നിയമാനുസൃതം യോഗം ചേരാറില്ലെന്ന് വിലയിരുത്തിയ സമിതി ഇതു സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ എന്ന് ആരായുകയും സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൂടിയില്ലെങ്കിൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് ചട്ടത്തിൽ വ്യവസ്ഥയില്ലായെന്നും ടി സമിതി അംഗങ്ങൾ കോ-ടെർമിനസായി തുടരുകയാണെന്നും സമിതി നിരീക്ഷിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് മീറ്റിംഗ് കൂടാനും പ്രവർത്തിക്കാനും കഴിയുന്ന തരത്തിലുള്ള സപ്പോർട്ട് സർക്കാർ നൽകിയിട്ടുള്ള സാഹചര്യത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ചട്ടപ്രകാരവും കാര്യക്ഷമവും ആക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

10. മാലിന്യ നിർമ്മാർജ്ജനം സർക്കാർ ഏറ്റെടുത്ത പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണെന്നും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവസരത്തിനൊത്ത് ഉയരുകയോ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ക്ലീനിംഗ് ഓപ്പറേഷൻ നടത്തുകയോ ചെയ്തിട്ടില്ലായെന്നും മുൻവർഷങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് 25,000 രൂപ കൊടുത്തിരുന്നത് ഇപ്പോൾ 2 ഘട്ടങ്ങളിലായി 50,000 രൂപ ഓരോ വാർഡിനും നൽകിയെങ്കിലും മാതൃകാപരമായി ചൂണ്ടിക്കാണിക്കാൻ തക്ക ഒരു പ്രവർത്തനവും നഗര തദ്ദേശസ്ഥാപനങ്ങളുടെ ഭാഗത്തു നിന്നുണ്ടായിട്ടില്ല എന്ന് സമിതി നിരീക്ഷിച്ചു. മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ഏതെങ്കിലും ഒരു വാർഡിൽ എങ്കിലും മാലിന്യ നിർമ്മാർജ്ജനത്തിൽ മാതൃകാപരമായ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പൂർണ്ണമായ അർത്ഥത്തിൽ മാതൃകാപരമായി ചൂണ്ടിക്കാണിക്കുവാൻ കഴിയുന്ന വാർഡുകൾ ഇല്ലെങ്കിലും ആലപ്പുഴ, ആറ്റിങ്ങൽ, വടക്കൻ പറവൂർ എന്നിവിടങ്ങളിൽ ഖരമാലിന്യ സംസ്കരണത്തിൽ മാതൃകയായ വാർഡുകളുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. കൂടാതെ ആലപ്പുഴ, ആറ്റിങ്ങൽ ജില്ലകളിലെ തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ ഓരോ കാര്യത്തിൽ മാതൃകയാണെന്ന് ശുചിത്വമിഷൻ ഡയറക്ടറും സമിതിയിൽ ബോധിപ്പിച്ചു. ആലപ്പുഴയിൽ ജനപങ്കാളിത്തത്തോടെ കാര്യങ്ങൾ നടന്നിരുന്ന സമയത്ത് മാലിന്യ സംസ്കരണ പ്ലാന്റുകൾ മാതൃകാപരമായി പ്രവർത്തിച്ചിരുന്നുവെന്നും എന്നാൽ ഇപ്പോൾ ആ നിലവാരമില്ലെന്നും സമിതി നിരീക്ഷിച്ചു. മാലിന്യ നിർമ്മാർജ്ജന പദ്ധതിക്കായി 163 കോടി രൂപയാണ് കേരള ശുചിത്വ മിഷന് ലഭിക്കുന്നതെന്നും ശുചീകരണ പ്രവർത്തനങ്ങൾക്ക് നഗരസഭകൾ പ്ലാൻ ഫണ്ടിന്റെ 15 ശതമാനം മാറ്റി വയ്ക്കണമെന്നുണ്ടെന്നും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ എന്നിവയ്ക്കായി സ്റ്റേറ്റ് പ്ലാൻഫണ്ടിൽ നിന്നും ഒരു വർഷം ശരാശരി 600 കോടി രൂപ മാറ്റിവയ്ക്കേണ്ടതാണെന്നും ശുചിത്വമിഷൻ ഡയറക്ടർ അറിയിച്ചു. എന്നാൽ കഴിഞ്ഞ 10 വർഷമായി 6000 കോടി രൂപ ശുചീകരണ പരിപാടികൾക്കായി ചെലവാക്കിയിട്ടും സർക്കാർ മുൻകയ്യെടുത്ത് പ്രവർത്തിച്ചിട്ടും ഇക്കാര്യത്തിൽ ഒരു വാർഡുപോലും മാതൃകയായി കാണിക്കാനില്ലായെന്ന ശുചിത്വ മിഷന്റെ മറുപടിയിൽ സമിതി അതൃപ്തി പ്രകടിപ്പിച്ചു.

11. ശുചിത്വ മിഷന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും അനുസരിച്ചുള്ള കാര്യങ്ങൾ അവർ തന്നെ പാലിക്കുന്നില്ലെന്നും ശുചിത്വ മിഷന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രേരണയും പ്രചോദനവും നൽകുന്നതിന് മോഡൽ ഉണ്ടാക്കിക്കൊടുക്കുവാനും അവർക്ക് ആവശ്യമായ ടെക്നിക്കൽ ആന്റ് മാനേജീരിയൽ സപ്പോർട്ട് നൽകേണ്ടതാണെന്നും

പറഞ്ഞിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇക്കാര്യം സമിതി ഗൗരവമായി എടുക്കുകയും ശുചിത്വമിഷന്റെ പ്രവർത്തനം നവീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

12. 2010-11 മുതൽ 2014-15 വരെയുള്ള കാലയളവിൽ ₹ 82.66 ലക്ഷം ചെലവഴിച്ച് കോഴിക്കോട്, കൊല്ലം കോർപ്പറേഷനുകളിലും, കോട്ടയം മുനിസിപ്പാലിറ്റിയിലും നിർമ്മിച്ച ഇ-ടോയ്‌ലെറ്റുകൾ കേടുപാടുകൾ മാറ്റി പ്രവർത്തനക്ഷമമാക്കി പൊതുജനത്തിന് ഉപയോഗയോഗ്യമാക്കാൻ നഗരതദ്ദേശ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പ്രസ്തുത നഗര തദ്ദേശ സ്ഥാപനങ്ങൾ സമർപ്പിച്ച മറുപടി സമിതി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷനിൽ 15 ഇ-ടോയ്‌ലെറ്റുകളിൽ 11 എണ്ണം പ്രവർത്തനക്ഷമമാണെന്നും കോട്ടയം നഗരസഭയിൽ തിരുനക്കര മൈതാനത്തിന് സമീപം പ്രവർത്തിച്ചിരുന്ന ഇ-ടോയ്‌ലെറ്റ് വാട്ടർ കണക്ഷന്റെ പ്രശ്നത്താൽ നാഗമ്പടത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്നും ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ സമിതിയെ അറിയിച്ചു. കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന സ്ഥാപിക്കപ്പെടുന്ന ഇ-ടോയ്‌ലെറ്റുകൾ വളരെ വേഗം പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തമായി ഉദ്പാദിപ്പിക്കാത്ത സാധനസാമഗ്രികൾ ടെണ്ടർ കൂടാതെ വാങ്ങരുതെന്ന് സമിതി റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. കോഴിക്കോട്ടും തൃക്കാക്കരയും ഇ-ടോയ്‌ലെറ്റുകൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നതായി ചൂണ്ടിക്കാണിച്ച സമിതി അതിന്റെ മാതൃകയിൽ ഇ-ടോയ്‌ലെറ്റുകൾ മാതൃകാപരമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

13. അറവുശാലകൾ മാതൃകാപരമായി പ്രവർത്തിക്കുന്ന ഏതെങ്കിലും മുനിസിപ്പാലിറ്റിയുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് വയനാട്ടിൽ ബ്രഹ്മഗിരി സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള അറവുശാല നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട് എന്നും കഴിഞ്ഞ വർഷം ആറ് കോർപ്പറേഷനുകളിലെ ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും പ്രസ്തുത സംവിധാനം പഠിക്കുന്നതിനായി അവിടെ അയച്ചിരുന്നുവെന്നും ഈ വർഷത്തെ പ്ലാനിൽ പ്രസ്തുത മാതൃകയിൽ ഒരു ജില്ലയിൽ നല്ല ഒരു അറവുശാലയെങ്കിലും ഉണ്ടാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതായും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. അവിടെ ഒരു സന്ദർശനം നടത്തുന്നത് നന്നായിരിക്കും എന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സമിതി അവിടെ സന്ദർശനം നടത്തുന്നതിന് തീരുമാനിച്ചു. കൊല്ലത്ത് പി.പി.പി. മാതൃകയിൽ പാർട്ട്നർ കേരള മിഷൻ പദ്ധതിയിലുൾപ്പെടുത്തി അറവുശാല നിർമ്മാണത്തിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട് എന്നും പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും കൊല്ലം കോർപ്പറേഷൻ

സെക്രട്ടറി അറിയിച്ചു. നഗര തദ്ദേശ സ്ഥാപനങ്ങൾ നിർമ്മിച്ച ആറ് അറവുശാലകൾ പ്രവർത്തിച്ചിരുന്നത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ലാതെയായിരുന്നു എന്ന ഓഡിറ്റ് നിരീക്ഷണത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. നിലവിലുള്ള നിയമപ്രകാരം പി.സി.ബി.യുടെ- Permission to establish and permission to operate എന്നീ രണ്ട് പെർമിഷനുകൾ ആവശ്യമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി വാങ്ങാതെ അറവുശാലകൾ പ്രവർത്തിപ്പിച്ചതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായാൻ സമിതി തീരുമാനിച്ചു.

14. അറവുശാലകളുടെ പരിപാലനം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ നഗര തദ്ദേശസ്ഥാപനങ്ങൾ സ്വീകരിച്ച നടപടി മാതൃകാപരമല്ലെന്ന് നിരീക്ഷിച്ച സമതി ടി വിഷയത്തിൽ അടിയന്തരമായി തുടർനടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

15. മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടുള്ള ഓഡിറ്റ് പരാമർശത്തിന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകൾ നൽകിയിരിക്കുന്ന മറുപടി തൃപ്തികരമല്ലെന്ന് നിരീക്ഷിച്ച സമിതി സർക്കാർ കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണമായി ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടതുമായ വിഷയത്തിൽ ഗുരുതരമായ അനാസ്ഥയാണ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥപനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ടു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് കോർപ്പറേഷനുകളിലും ഇപ്പോൾ മാലിന്യ സംസ്കരണത്തിനായി ചെലവഴിക്കുന്ന തുക തന്നെ ഇതിന്റെ റെക്കറിംഗ് കോസ്റ്റും, റവന്യൂ എക്സ്പെൻസുമായി മാറ്റിയാൽ മതിയെന്ന് തദ്ദേശസ്വയംഭരണ വകുപ്പു സെക്രട്ടറി അറിയിച്ചു.

16. പെണ്ണാർ തോടിലേയ്ക്ക് മാലിന്യം ഒഴുക്കി വിടുന്നത് മുഖേന കോട്ടയം മുനിസിപ്പാലിറ്റിയിൽ കൂടി ഒഴുകുന്ന മീനച്ചിലാർ മലിനമാകുന്നതിനെക്കുറിച്ച് സമിതി ചർച്ച ചെയ്തു. പല സ്ഥലങ്ങളിൽ നിന്നും വരുന്ന മാലിന്യങ്ങൾ കോട്ടയം മുനിസിപ്പാലിറ്റിയിൽ കൂടി ഒഴുകുന്ന മീനച്ചിലാറിൽ എത്തിച്ചേരുകയാണ് ചെയ്യുന്നതെന്നും മറ്റ് പഞ്ചായത്തുകളുടെ കൂടി സഹായത്തോടെ മാത്രമേ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയുള്ളൂവെന്നും നിരീക്ഷിച്ച സമിതി ഇതിനായി എന്തെങ്കിലും പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞു. തോടിന്റെ ശുചീകരണവുമായി ബന്ധപ്പെട്ട് 2016 ജനുവരിയിൽ കോട്ടയം മുനിസിപ്പാലിറ്റി ആർപ്പൂക്കര പഞ്ചായത്തിന് ഒരു കത്ത് നൽകിയിട്ടുള്ളതൊഴിച്ചാൽ മറ്റ് തുടർനടപടികൾ ഉണ്ടായതായി കാണുന്നില്ല എന്ന് ഓഡിറ്റ് ഓഫീസർ, അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ് സമിതിയെ അറിയിച്ചു. മുനിസിപ്പാലിറ്റിയെ സംബന്ധിച്ച പരാമർശം ഓഡിറ്റ് റിപ്പോർട്ടിൽ വരാത്തതുകൊണ്ടാണ്

പ്രശ്നപരിഹാരത്തിനുള്ള നീക്കം മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നുണ്ടാകാത്തത് എന്നും പ്രസ്തുത വിഷയം രണ്ട് മൂന്ന് പഞ്ചായത്തുകൾക്കുകൂടി ബാധകമാകുന്നതാകയാൽ കോട്ടയം മുനിസിപ്പാലിറ്റിയ്ക്ക് മാത്രമായി പരിഹാരം കണ്ടെത്താൻ സാധിക്കില്ല എന്നും പല സ്ഥലത്തു നിന്നുള്ള മാലിന്യങ്ങൾ കോട്ടയത്തു കൂടി ഒഴുകുന്ന മീനച്ചിലാറിൽ വന്നു ചേരുകയാണ് ചെയ്യുന്നതെന്നും ആയതിനാൽ കോട്ടയം മുനിസിപ്പാലിറ്റി ശുചീകരണം നടത്താൻ തീരുമാനിച്ചാലും വീണ്ടും മാലിന്യങ്ങൾ വന്നുകൊണ്ടിരിക്കുമെന്നും എല്ലാവരുടെയും കൂട്ടായ ശ്രമത്തിലൂടെ മാത്രമേ ഈ വിഷയത്തിൽ പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂവെന്നും എന്നാൽ ഇതു സംബന്ധിച്ച് ശുചിത്വമിഷന് യാതൊന്നും അറിയില്ലെന്നാണ് ശുചിത്വമിഷൻ പറയുന്നതെന്നും നിരീക്ഷിച്ച സമിതി ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തരമായി ഒരു യോഗം വിളിച്ചു ചേർക്കാൻ നിർദ്ദേശിച്ചു. പ്രസ്തുത വിഷയത്തിൽ മറ്റ് പഞ്ചായത്തുകൾ കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ ഒരു മീറ്റിംഗ് വിളിച്ചു കൂട്ടി മറുപടി ലഭ്യമാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയ്ക്ക് ഉറപ്പു നൽകി.

17. കോതമംഗലം മുനിസിപ്പാലിറ്റിയിലെ കുരൂർ തോടിന്റെ നിലവിലെ അവസ്ഥ സമിതി ആരാഞ്ഞു. ഓഡിറ്റ് റിപ്പോർട്ട് വന്നതിനുശേഷം പ്രസ്തുത തോടിന്റെ സമീപമുള്ള സ്ഥാപനങ്ങളിൽ നിന്നും മലിനജലം തോട്ടിലേയ്ക്ക് ഒഴുക്കി വിടുന്നവർക്കെതിരെ നോട്ടീസ് നൽകുകയും മലിനജല നിർഗ്ഗമനക്കുഴലുകൾ അടയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും ഹോട്ടലുകൾ, വർക്ക് ഷോപ്പുകൾ എന്നിവയ്ക്കുള്ള ലൈസൻസ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് വാങ്ങിയതിനു ശേഷം മാത്രമേ പുതുക്കി നൽകുന്നുള്ളൂവെന്നും അതിനു ശേഷം പ്രസ്തുത തോടിലെ ജലം പരിശോധിച്ചിട്ടില്ലെന്നും സമിതിയുടെ ചോദ്യത്തിന് കോതമംഗലം മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകി. ജലപരിശോധന നടത്തിയാൽ മാത്രമേ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ എന്ന് അറിയാൻ കഴിയുകയുള്ളൂവെന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ജലപരിശോധനയ്ക്കുള്ള നടപടിയാണ് മുനിസിപ്പാലിറ്റി സ്വീകരിക്കേണ്ടിയിരുന്നതെന്നും മലനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടുകൂടി തുടങ്ങുന്ന സ്ഥാപനങ്ങൾ ജലാശയങ്ങളും മറ്റും മലിനീകരിക്കുന്ന തിനെതിരെ മുനിസിപ്പാലിറ്റിക്ക് നടപടിയെടുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കുരൂർ തോട് മാലിന്യമുക്തമാക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായി മറുപടി പറയാൻ മുനിസിപ്പാലിറ്റിയ്ക്ക് കഴിയാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും കുരൂർ തോടിലെ ജലപരിശോധന നടത്തുന്നതിനോടൊപ്പം ജലമലിനീകരണത്തിന് ഉത്തരവാദികളായവർക്കെതിരെ മുനിസിപ്പാലിറ്റി നോട്ടീസ് നൽകുകയോ അവരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ചും ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള വിവരങ്ങൾ അടിയന്തരമായി സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

18. സ്ലോട്ടർ ഹൗസിൽ നിന്നുമുള്ള ഡിസ്ചാർജ്ജാണ് കുരുർ തോടിന്റെ മലിനീകരണത്തിനുള്ള പ്രധാന കാരണമെന്നും അവർക്കെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് നടപടിയെടുക്കുകയും പ്രസ്തുത സ്ലോട്ടർ ഹൗസിന്റെ പ്രവർത്തനം നിറുത്തിവയ്ക്കുകയും ചെയ്തുവെന്നും പെർഫെക്ടായ ട്രീറ്റ്മെന്റ് പ്ലാന്റ് വഴി ഹോസ്പിറ്റലിൽ നിന്നുള്ള മാലിന്യത്തിന് പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്നും ടൗണിലെ സ്ഥാപനങ്ങളിൽ നിന്നുള്ള ഡിസ്ചാർജ്ജാണ് മലിനീകരണത്തിനുള്ള നിലവിലെ പ്രധാന കാരണമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു. മിക്ക ഹോസ്പിറ്റലുകളിലും പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി ലാഭിക്കാനായി രാത്രിയാകുമ്പോൾ പ്ലാന്റ് പ്രവർത്തിപ്പിക്കാതെ മലിനജലം ജലാശയങ്ങളിലേയ്ക്ക് ഒഴുക്കി വിടുന്ന സ്ഥിതിയാണ് കണ്ടുവരുന്നതെന്ന് വ്യക്തമാക്കിയ സമിതി ഇക്കാര്യം മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞു. രാത്രികാല പരിശോധനയ്ക്കുള്ള സംവിധാനം നേരത്തെ ഇല്ലായിരുന്നുവെന്നും ഇപ്പോൾ വ്യവസായ കേന്ദ്രങ്ങളിൽ 24 മണിക്കൂറും മോണിറ്ററിംഗിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ടെന്നും ഇത് മറ്റ് പ്രധാന പട്ടണങ്ങളിലേയ്ക്കു കൂടി വ്യാപിപ്പിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണെന്നും കൂടാതെ ഹരിത കേരളം മിഷനുമായി ചേർന്ന് മലിനീകരണ നിയന്ത്രണ ബോർഡ്, എൽ.എസ്.ജി.ഡി, കോർപ്പറേഷൻ, ഹെൽത്ത്, പോലീസ്, ടൗൺ പ്ലാനിംഗ്, ഫയർ ആന്റ് സേഫ്റ്റി, ശുചിത്വ മിഷൻ എന്നീ വകുപ്പുകളും സ്ഥാപനങ്ങളും സംയോജിച്ച് പ്രവർത്തിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അതുപോലെ രാത്രികാല സ്ക്വാഡും ഒരുമിച്ചാണ് പ്രവർത്തിക്കുന്നതെന്നും മലിനീകരണ നിയന്ത്രണ ബോർഡ്, നഗരസഭ, പി.ഡബ്ല്യൂ.ഡി. എന്നിങ്ങനെയുള്ള എല്ലാ വകുപ്പുകളെയും സംയോജിപ്പിച്ച് രൂപീകരിച്ചിട്ടുള്ള രാത്രികാല സ്ക്വാഡിന്റെ പ്രവർത്തനം വ്യാപകമാക്കാനുള്ള പദ്ധതികൾ ആരംഭിക്കുമെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതി മുമ്പാകെ അറിയിച്ചു. കൂടാതെ പ്രസ്തുത കമ്മിറ്റി പൊതുവായ പരാതികളിൽ നേരിട്ട് ഇടപെടുകയും വകുപ്പുകൾ പരസ്പരം സഹായിച്ച് മലിനീകരണം നിയന്ത്രിക്കാനുള്ള നടപടി സ്വീകരിക്കുകയുമാണ് ചെയ്തു വരുന്നത് എന്നും ബോർഡ് ചെയർമാൻ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

19. സ്വീവേജ് മാലിന്യങ്ങൾ നദികളിലേയ്ക്ക് ഒഴുക്കി വിടുന്നത് തടയുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികളെപ്പറ്റി സമിതി ആരാഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പണിയുന്നതിന് സ്ഥലം കണ്ടെത്തി അതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിനായി പരിസ്ഥിതി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റിയും കൂടാതെ ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു കഴിഞ്ഞുവെന്നും തദ്ദേശ സ്ഥാപനങ്ങൾ അനുയോജ്യമായ സ്ഥലം കണ്ടെത്തിയാൽ അവിടെ സെപ്റ്റേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശുദ്ധീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും അതിന്റെ തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും പൊതുജനങ്ങളുടെ എതിർപ്പ് മറികടക്കുന്നതിന് മേൽ സൂചിപ്പിച്ച സമിതിയ്ക്ക് കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അനുയോജ്യമായ സ്ഥലം കണ്ടെത്തിയാൽ എന്ത് എതിർപ്പുണ്ടായാലും മുന്നോട്ട് പോകാനാണ് തീരുമാനമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയിൽ അറിയിച്ചു.

20. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് സമിതി ആരാഞ്ഞു. കാവിൽക്കടവ് തോട്ടിൽ മാലിന്യം നിക്ഷേപിക്കുന്നതും പബ്ലിക് കംഫർട്ട് സ്റ്റേഷനിലെ സെപ്റ്റിക് ടാങ്ക് സംബന്ധിച്ചുമാണ് ഓഡിറ്റ് പരാമർശം ഉണ്ടായിരിക്കുന്നതെന്നും നിർമ്മാണത്തിലുണ്ടായ അശാസ്ത്രീയത മൂലം സെപ്റ്റിക് ടാങ്ക് ഓവർഫ്ലോ ചെയ്യുതാണ് പൊതു ശൗചാലയത്തിലെ സെപ്റ്റിക് ടാങ്കുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നമെന്നും അശാസ്ത്രീയമായി നിർമ്മിച്ച സെപ്റ്റിക് ടാങ്ക് ഇപ്പോൾ പൊളിച്ചു പണിതിട്ടുണ്ടെന്നും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയ്ക്ക് മറുപടി നൽകി. സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിൽ അശാസ്ത്രീയത ഉണ്ടായതിനുള്ള കാരണവും ഇപ്രകാരം ടാങ്ക് നിർമ്മിച്ചവർക്കെതിരെ സ്വീകരിച്ച നടപടികളും സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. പൊതു ശൗചാലയത്തിലുണ്ടായിരുന്ന സെപ്റ്റിക് ടാങ്കിന് കപ്പാസിറ്റി കുറവായിരുന്നുവെന്നും നിർമ്മിച്ചവരുടെ പേരിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നും പുതിയ ടാങ്ക് നിർമ്മിച്ച് ഇപ്പോൾ പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും കാവിൽക്കടവ് തോട് പൂർണ്ണമായും വൃത്തിയാക്കിയിട്ടുണ്ടെന്നും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. പ്രസ്തുത തോട്ടിലെ ജല പരിശോധന നടത്തിയിട്ടില്ലെന്ന മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ജലപരിശോധന നടത്താതെ തോട് പൂർണ്ണമായി വൃത്തിയാക്കിയെന്ന് അവകാശപ്പെടാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി കാവിൽക്കടവ് തോട്ടിലെ ജലപരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. അപ്രകാരം റിപ്പോർട്ട് ലഭ്യമാക്കാമെന്ന് മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയ്ക്ക് ഉറപ്പു നൽകി.

21. കോഴിക്കോട് നഗരസഭയിലെ കനോലി കനാലിന്റെ നിലവിലെ അവസ്ഥയെപ്പറ്റി സമിതി ആരാഞ്ഞു. കോരപ്പുഴ മുതൽ കല്ലായിപ്പുഴ വരെ 11.2 കി.മീ. നീളമുള്ള കനോലി കനാൽ ഇപ്പോൾ വൃത്തിയാക്കിയിട്ടുണ്ടെന്നും വീടുകളിൽ നിന്നും ചെറുകിട സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ കനോലി കനാലിലേയ്ക്ക് ഒഴുക്കി വിട്ടുകൊണ്ടിരിക്കുകയായിരുന്നുവെന്നും കനാൽ ശുദ്ധീകരണത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ആശുപത്രികളിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുകയും അത് കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്തുവെന്നും വീടുകളിൽ നിന്നും മാലിന്യം

ഒഴുക്കിവിടുന്നത് തടയാൻ കനാൽ ഉൾക്കൊള്ളുന്ന 17 വാർഡുകളെ 9 സെക്ടറുകളായി തിരിച്ച് അവിടെ ശുചീകരിക്കുന്നതിന് ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൂടാതെ സന്നദ്ധ സംഘടനകളെക്കൂടി ഉൾപ്പെടുത്തി 2600 ചാക്കോളം മാലിന്യം ജെ.സി.ബി. ഉപയോഗിച്ച് കനാലിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്നും കോഴിക്കോട് നഗരസഭാ അഡീഷണൽ സെക്രട്ടറി സമിതിയിൽ മറുപടി നൽകി. കനാലിൽ നിന്നു നീക്കം ചെയ്ത മാലിന്യത്തിന്റെ സംസ്കരണത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് മാലിന്യങ്ങൾ നിറവ്, വേങ്ങേരി എന്ന സംഘടന കർണ്ണാടകയിലുള്ള അവരുടെ ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് കൊണ്ടുപോകുകയാണുണ്ടായതെന്നും ക്ലീൻ പ്ലാസ്റ്റിക് വെസ്റ്റ് ഹില്ലിലുള്ള കോർപ്പറേഷന്റെ തന്നെ പ്ലാന്റിൽ കൊണ്ടു പോയി പ്രോസസ് ചെയ്യുന്നുണ്ടെന്നും അതിന്റെ നടത്തിപ്പ് ചുമതലയും നിറവ്, വേങ്ങേരി എന്ന സംഘടനയ്ക്കാണെന്നും മാലിന്യങ്ങൾ കർണ്ണാടകത്തിലേയ്ക്ക് കൊണ്ടുപോകുന്നതിന് യാതൊരു തുകയും പ്രസ്തുത സംഘടന ഈടാക്കിയിട്ടില്ലെന്നും ഒരു സോഷ്യൽ കമ്മിറ്റ്മെന്റിന്റെ ഭാഗമായാണ് അവർ ടി പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതെന്നും ഞെളിയൻ പറമ്പിലെ പ്ലാന്റിൽ നിന്ന് വേസ്റ്റ് നീക്കം ചെയ്യുന്നതിനുള്ള കരാറിലുൾപ്പെടുത്തിയാണ് അവർ കനോലി കനാലിലെ മാലിന്യം നീക്കം ചെയ്തതെന്നും സമിതിയുടെ ചോദ്യത്തിന് നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

22. കേരളത്തിൽ നിന്ന് മാലിന്യങ്ങൾ കർണ്ണാടകത്തിലേയ്ക്ക് കൊണ്ടു പോകുന്നത് തടയണമെന്നാവശ്യപ്പെട്ട് ചീഫ് സെക്രട്ടറിയ്ക്ക് കർണ്ണാടക ചീഫ് സെക്രട്ടറി കത്തു നൽകിയിരിക്കുകയാണെന്നും മാലിന്യം അതത് സ്ഥലത്തു തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനമൊരുക്കിയാൽ നന്നായിരിക്കുമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

23. മാലിന്യ സംസ്കരണത്തെക്കുറിച്ച് ധാരാളം പരാതികൾ ഉണ്ടായതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഒരു സ്പെഷ്യൽ ഓഡിറ്റ് നടത്തിയിരുന്നുവെന്നും അതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്നും മറ്റ് മുനിസിപ്പാലിറ്റികളിലും കൂടി ഓഡിറ്റ് നടത്താനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതെന്നും പ്രളയത്തെത്തുടർന്ന് അതിന്റെ പ്രവർത്തനം താൽക്കാലികമായി നിറുത്തി വച്ചിരിക്കുകയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയിൽ അറിയിച്ചു.

24. കനോലി കനാലിൽ ജലപരിശോധന നടത്തി ശുചിത്വം ഉറപ്പു വരുത്തുവാനുള്ള സ്റ്റേജിലായിട്ടില്ലെന്നും 2018 നവംബർ ഒന്നു മുതൽ കനാലിലേയ്ക്ക് മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ഫൈൻ ചുമത്തുകയോ മാലിന്യം ഒഴുക്കി വിടുന്ന പൈപ്പുകൾ കോർപ്പറേഷന്റെ നേതൃത്വത്തിൽ അടയ്ക്കുകയോ ചെയ്യാനാണ് കൗൺസിൽ

തീരുമാനമെടുത്തിട്ടുള്ളതെന്നും കോഴിക്കോട് നഗരസഭാ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. കനോലി കനാൽ വൃത്തിയാക്കൽ, ആലപ്പുഴ വേസ്റ്റ് നിർമ്മാർജ്ജനം, ആറ്റിങ്ങൽ നഗരസഭ മോഡൽ, വയനാട്ടിലെ ബ്രഹ്മഗിരി സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള അറവുശാല തുടങ്ങിയ മാലിന്യ നിർമ്മാർജ്ജനം വിജയകരമായി നടപ്പിലാക്കിയ മോഡലുകൾ അടിസ്ഥാനമാക്കി മറ്റു സ്ഥലങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാനുള്ള ശ്രമം സർക്കാർ തലത്തിലുണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ജനങ്ങളിൽ നിന്നും പ്രതിഷേധം ഉയരുമ്പോൾ റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികളെ കൊണ്ടുപോയി മേൽപ്പറഞ്ഞ മോഡലുകൾ കാണിച്ച് ബോദ്ധ്യപ്പെടുത്തണമെന്നും മറ്റ് നഗരസഭകളിലും പഞ്ചായത്തുകളിലും ടി മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിച്ചു. വിജയകരമായി പ്രവർത്തിക്കുന്ന പദ്ധതികളെക്കുറിച്ച് പ്രചരണം കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്യാനും സമിതി തീരുമാനിച്ചു.

25. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികളെക്കുറിച്ച് സമിതി ആരാഞ്ഞു. അഷ്ടമുടിക്കായലിന്റെ ശുചീകരണത്തിനായി ദീർഘകാല പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്നും അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിന് രാത്രികാല സ്ക്വാഡുകൾ പോലുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പിഴ ഈടാക്കുന്നതാണെന്നും കൂടാതെ 'ഹരിതകേരളം മിഷൻ' പദ്ധതിയിൽ ജലാശയങ്ങൾ മുഴുവൻ ശുചീകരിച്ച് സംരക്ഷിക്കുന്നതിനായി 60 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടെന്നും കൊല്ലം നഗരസഭാ സെക്രട്ടറി മറുപടി നൽകി. കൊല്ലം ജില്ലാ ആശുപത്രിയിലെയും ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിലെയും ദ്രവമാലിന്യം സംസ്കരിക്കുന്നതിന് 'അമൃത് ' പദ്ധതിയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും വേണ്ടി ടെക്നിക്കൽ സാങ്ഷൻ ലഭിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണെന്നും അറിയിച്ചു. കൂടാതെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ജനകീയ കൂട്ടായ്മയുടെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടുകൂടി ഒരു ദിവസം അഷ്ടമുടിക്കായലിൽ നിന്ന് പ്ലാസ്റ്റിക് ശേഖരിച്ചിരുന്നുവെന്നും കൊല്ലം നഗരസഭാ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. നഗരസഭയിലെ ഓരോ വാർഡിലെയും റസിഡന്റ്സ് അസോസിയേഷനുകളെ പ്രത്യേകം വിളിച്ചു കൂട്ടി വിഷയം ചർച്ച ചെയ്യുന്നതിനും എല്ലാ വീടുകളിലും സർവ്വേ നടത്തി ലിസ്റ്റ് തയ്യാറാക്കി മാലിന്യമൊഴുക്കി വിടുന്ന വീടുകൾക്ക് നോട്ടീസ് നൽകുകയും മാലിന്യം നിക്ഷേപിക്കുന്നത് നിറുത്തലാക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്യുന്ന തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കാതെ അഷ്ടമുടിക്കായൽ പൂർണ്ണമായും മാലിന്യ വിമുക്തമാക്കാൻ സാധിക്കില്ലെന്നും ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാത്ത ഹോട്ടലുകളുടെ ലൈസൻസ് റദ്ദാക്കുമെന്ന കർശന നിലപാട് സ്വീകരിച്ചെങ്കിൽ മാത്രമേ മാലിന്യ നിർമ്മാർജ്ജനം വിജയകരമാക്കുവാൻ സാധിക്കുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു.

26. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായ സർവ്വേയുമായി ബന്ധപ്പെട്ട് റിമോട്ട് സെൻസിംഗ് ഏജൻസിയുമായി ചേർന്ന് ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ടെന്നും സർവ്വേ നടത്തുമ്പോൾ മാലിന്യക്കുഴൽ പുറത്തേയ്ക്ക് സ്ഥാപിച്ചിട്ടുള്ള വീടുകൾ കൃത്യമായി മാപ്പ് ചെയ്യാൻ സാധിക്കുമെന്നും അങ്ങനെയൊരു സർവ്വേ നടത്തിയാൽ നന്നായിരിക്കുമെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. സർവ്വേ നടത്തുമ്പോൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ പൊല്യൂഷൻ കൺട്രോൾ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

27. സംസ്കരിക്കാത്ത വ്യാവസായിക മാലിന്യങ്ങൾ കുഴിക്കണ്ടം തോടിലേയ്ക്ക് ഒഴുക്കുന്നതുമായി ബന്ധപ്പെട്ട് തോടിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് പ്രവർത്തനമാരംഭിച്ച സ്ഥാപനമായ എച്ച്.ഐ.എൽ.-ൽ നിന്നുള്ള വ്യാവസായിക മാലിന്യങ്ങളുടെ ഡെപ്പോസിറ്റാണ് മലിനീകരണമുണ്ടാക്കിയതെന്നും അത് ശുചിയാക്കുന്നതിന് 24 കോടി രൂപ ചെലവ് വരുമെന്നും ടി തുകയുടെ 40% കേന്ദ്ര ഗവൺമെന്റ് നൽകുമെന്നും ബാക്കി 60% സംസ്ഥാന ഗവൺമെന്റ് കണ്ടെത്തേണ്ടതുണ്ടെന്നും സംസ്ഥാന വിഹിതത്തിന്റെ 50% നൽകാമെന്ന് ബഹു. മുഖ്യമന്ത്രിയുമായുള്ള യോഗത്തിൽ അദ്ദേഹം അറിയിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ ടി തുക സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഇതിനായി മാറ്റിവച്ചിരിക്കുകയാണെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അറിയിച്ചു. കൂടാതെ മലിനീകരണമുണ്ടാക്കിയതായി കണ്ടെത്തിയ എഫ്.എ.സി.റ്റി., ഐ.ആർ.ഇ.എൽ., എച്ച്.ഐ.എൽ., മെർക്കം എന്നീ സ്ഥാപനങ്ങളിൽ എഫ്.എ.സി.റ്റി., ഐ.ആർ.ഇ.എൽ. എന്നിവ അവർ അടയ്ക്കണമെന്ന് നിശ്ചയിച്ച് നൽകിയ തുക കെട്ടിവച്ചിട്ടുണ്ടെന്നും എച്ച്.ഐ.എൽ. രണ്ടു തവണ അടച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന തുക അടയ്ക്കുന്നതിന് സാവകാശം ചോദിച്ചിരിക്കുകയാണെന്നും മെർക്കം എന്ന സ്വകാര്യ സ്ഥാപനം അടച്ചുപൂട്ടിയെന്നും അത് ലേലം ചെയ്യുകയോ വിൽക്കുകയോ ചെയ്യുമ്പോൾ അവർക്കായി നിശ്ചയിച്ച് നൽകിയ തുക ഈടാക്കി നൽകണമെന്ന് രജിസ്ട്രാർ ഓഫ് കമ്പനീസിനെ അറിയിച്ചിട്ടുണ്ടെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയിൽ അറിയിച്ചു. കൂടാതെ സംസ്ഥാനങ്ങളിലെ മലിനീകരിച്ച ഏര്യകൾ കണ്ടെത്തി അവ ഏറ്റെടുത്ത് മാലിന്യ നിർമ്മാർജ്ജനം ചെയ്യുക എന്ന നാഷണൽ പ്രോഗ്രാമിലേയ്ക്ക് കേരളത്തിൽ കുഴിക്കണ്ടം തോടാണ് ഏറ്റെടുത്തിട്ടുള്ളതെന്നും പെരിയാർ മലിനീകരണത്തിന്റെ മുഖ്യ ഉറവിടമായ കുഴിക്കണ്ടം തോടിന്റെ ശുചീകരണ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുക യാണെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയിൽ വ്യക്തമാക്കി.

28. മാലിന്യങ്ങൾ തോടിലേക്ക് ഒഴുക്കിവിടുന്നത് തടയാനും മലിനീകരണമുണ്ടാക്കുന്നവരെ ശിക്ഷിക്കാനും പുതിയ നിയമം നിലവിൽ വന്നിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പുതിയ നിയമം നിലവിൽ വന്നിട്ടില്ലെന്നും കുറ്റക്കാർക്കെതിരെ കോടതികൾക്കും ലോക്കൽ ബോഡികൾക്കും പെനാൽറ്റി ചുമത്താമെന്നും ഇറിഗേഷൻ ആക്ടിൽ ഭേദഗതി വരുത്തിയിട്ടുള്ളതിനാൽ നദികൾ മലിനമാക്കുന്നവർക്കെതിരെയും പെനാൽറ്റി ഈടാക്കാവുന്നതാണെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ മറുപടി നൽകി. 2009-ലാണ് നിയമത്തിന് ഭേദഗതി വന്നതെന്നും ഇതിലൂടെ ചുരുങ്ങിയത് ആറ് മാസവും പരമാവധി ഒരു വർഷം വരെയും തടവ് ശിക്ഷ നൽകാവുന്നതാണെന്നും ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. സാധാരണഗതിയിൽ കുറ്റം രാജിയാക്കൽ ചട്ടം അനുസരിച്ചാണ് ഫൈൻ ഈടാക്കുന്നതെന്നും മുനിസിപ്പാലിറ്റി നിയമത്തിലെ 340 എ നിലവിൽ വന്നപ്പോൾ അതിനനുസൃതമായി കുറ്റം രാജിയാക്കൽ ചട്ടത്തിൽ ഭേദഗതി വരുത്താത്തതു കൊണ്ടാണ് ഇപ്പോഴത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാത്തതെന്നും കോഴിക്കോട് നഗരസഭാ അഡീഷണൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

29. ആലപ്പുഴ മുനിസിപ്പാലിറ്റി മാത്രമാണ് പ്രാദേശികമായി മാലിന്യ നിർമ്മാർജ്ജനം വിജയകരമായി നടപ്പിലാക്കിയിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ ഗവൺമെന്റ് മുൻഗണന എടുക്കണമെന്നും അഭിപ്രായപ്പെട്ടു. കൂടാതെ വിജയകരമായി പ്രവർത്തിച്ചുവരുന്ന സംരംഭങ്ങളായ ആലപ്പുഴ, ആറ്റിങ്ങൽ നഗരസഭ, കനോലി കനാൽ വൃത്തിയാക്കൽ, വയനാട്ടിലെ ബ്രഹ്മഗിരി സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള അറവുശാല തുടങ്ങിയവ മാതൃകയാക്കി തെരഞ്ഞെടുത്ത് സംസ്ഥാനം മുഴുവൻ അതിന് പ്രചാരണം കൊടുക്കുകയും അപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

30. കോഴിക്കോട് മാർക്കറ്റ് പരിസരത്തെ മാലിന്യ പരിപാലനത്തിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു. ഫിഷ് മാർക്കറ്റിലുണ്ടായിരുന്ന ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനം ഇടക്കാലത്ത് നിന്നുപോയിരുന്നുവെങ്കിലും നിലവിൽ വീണ്ടും പ്രവർത്തിച്ചുവരുന്നതായും ഓരോ ദിവസവും 2000 കിലോ വരെ മാലിന്യം പ്ലാന്റിൽ നിക്ഷേപിക്കുവാൻ സാധിക്കുന്നുണ്ടെന്നും കോഴിക്കോട് നഗരസഭ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ മറുപടി നൽകി. 2009-ൽ മൂന്ന് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനു (കെയ്കോ) മായി നഗരസഭ കരാറുണ്ടാക്കിയിരുന്നുവെന്നും അതിലൊരു ബയോഗ്യാസ് പ്ലാന്റ് മത്സ്യ മാർക്കറ്റിൽ സ്ഥാപിച്ചിരുന്നുവെന്നും പ്രസ്തുത പ്ലാന്റ് കൈകാര്യം ചെയ്തിരുന്നത് അവിടെയുള്ള മത്സ്യവിൽപ്പനക്കാരായിരുന്നെന്നും, കൈകാര്യം ചെയ്തിരുന്നതിലെ കാര്യക്ഷമതക്കുറവ്

കാരണം അതിന്റെ പ്രവർത്തനം നിലയ്ക്കുകയും തുടർന്ന് 'നിറവ്, വേങ്ങേരി' എന്ന സംഘടനയുടെ സഹായത്താൽ പ്രസ്തുത പ്ലാന്റ് പ്രവർത്തനസജ്ജമാക്കുകയും അതിന്റെ പ്രവർത്തന ചുമതല അവർ ഏറ്റെടുക്കുകയും ചെയ്തതായി നഗരസഭാ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കപ്പാസിറ്റിയ്ക്കനുസൃതമായ പ്ലാന്റല്ല അവിടെ ഡിസൈൻ ചെയ്തിരിക്കുന്നതെന്നതിനാൽ കൂടുതൽ മാലിന്യങ്ങൾ നിക്ഷേപിച്ചാൽ പ്ലാന്റ് പ്രവർത്തനരഹിതമാകാൻ സാധ്യതയുണ്ടെന്നും ഡിസൈനിൽ വന്ന അപാകതയും, സമീപത്തുള്ള ടോയ്‌ലെറ്റുകളിലെ വേസ്റ്റ്, ടോയ്‌ലെറ്റ് ക്ലീനറുകൾ എന്നിവ പ്ലാന്റിലേയ്ക്ക് പോകുന്ന രീതിയിലുള്ള നിർമ്മാണവും കാരണം നിലവിൽ പ്രവർത്തനരഹിതമായ പാളയം ബസ്സ്റ്റാൻഡ്, നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത മെഫ്യൂസിൽ ബസ്സ്റ്റാൻഡ് എന്നിവിടങ്ങളിലെ പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കാൻ ശുചിത്വമിഷനെ സമീപിച്ചെങ്കിലും അവർക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് ഗ്രീൻ എൻവിറോ എന്ന സ്വകാര്യ ഏജൻസി പ്രസ്തുത പ്ലാന്റുകൾ പ്രവർത്തനസജ്ജമാക്കാമെന്ന് അറിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഈ വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്താൻ നഗരസഭ തീരുമാനിച്ചിരിക്കുന്നതായി കോഴിക്കോട് നഗരസഭാ അഡീഷണൽ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. കെയ്കോയിൽ നിന്ന് നഷ്ടം ഈടാക്കാൻ സ്വീകരിച്ച നടപടികളെപ്പറ്റി സമിതി ആരാഞ്ഞതിന്, പ്രസ്തുത സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിച്ചതായും എഗ്രിമെന്റിലെ ഡിഫോൾട്ട് ക്ലോസ് പ്രകാരം സെക്രട്ടേറിയറ്റിലെ പരാതി പരിഹാര സെല്ലിൽ പരാതി നൽകുകയും ടി സ്ഥാപനത്തെ കോർപ്പറേഷൻ കരിമ്പട്ടികയിൽപ്പെടുത്തുകയും ചെയ്തതായും ലീഗൽ നോട്ടീസ് നൽകിയിട്ടുള്ളതായും ഇതു സംബന്ധിച്ച് എത്ര തുകയാണോ കൂടുതലായി ചെലവഴിക്കേണ്ടി വരുന്നത് അതടക്കം റിസ്ക് ആന്റ് കോസ്റ്റിൽ 'കെയ്കോ'യിൽ നിന്ന് ഈടാക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതായും കോഴിക്കോട് നഗരസഭാ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ മറുപടി നൽകി. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ അപ്രകാരമൊരു ലീഗൽ സെൽ പ്രവർത്തിക്കുന്നില്ലെന്ന് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ലീഗൽ നോട്ടീസ് ഇഷ്യൂ ചെയ്ത് രണ്ട് വർഷമായിട്ടും പ്രസ്തുത സ്ഥാപനത്തിനെതിരെ നഗരസഭ തുടർ നടപടിയൊന്നും സ്വീകരിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. എഗ്രിമെന്റ് നിലനിൽക്കെത്തന്നെ 'കെയ്കോ'യ്ക്കെതിരെ മറ്റ് നിയമ നടപടികൾ സ്വീകരിക്കുവാൻ സാധ്യമാകുമോയെന്നുള്ളത് പരിശോധിച്ച് നഷ്ടം വന്ന തുക ഈടാക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കുവാൻ സമിതി നഗരസഭയോട് നിർദ്ദേശിച്ചു.

31. വടക്കൻ പറവൂർ മുനിസിപ്പാലിറ്റിയിലെ മത്സ്യ മാർക്കറ്റിലെ ദ്രവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നഗരസഭ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് സമിതി ആരാഞ്ഞു. 2013-ൽ സോക്പിറ്റ് സ്ഥാപിച്ച് ദ്രവമാലിന്യ സംസ്കരണം

നടത്തിവരുന്നതായും മാലിന്യ സംസ്കരണത്തിന് ആധുനിക രീതിയിലുള്ള ഒരു പ്രോജക്ടിന് ഡി.പി.സി.യുടെ അംഗീകാരം ലഭിക്കുകയും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അത് പര്യാപ്തമാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും പ്രോജക്ടിന്റെ വർക്ക് ആലുവയിലുള്ള ഒരു ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും സെക്രട്ടറി, നോർത്ത് പറവൂർ നഗരസഭ സമിതിയിൽ മറുപടി നൽകി. പ്രസ്തുത ഏജൻസി എവിടെയെങ്കിലും ഇപ്രകാരം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്നും നഗരസഭ പ്രസ്തുത പ്രോജക്ടുകൾ സന്ദർശിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു. തൊട്ടടുത്ത ഒന്ന് രണ്ട് പഞ്ചായത്തുകളിൽ വർക്ക് ചെയ്തിട്ടുണ്ടെന്ന് പ്രസ്തുത ഏജൻസി അറിയിച്ചിട്ടുണ്ടെന്നും നേരിട്ട് സ്ഥല പരിശോധന നടത്തിയിട്ടില്ലെന്നും ടി ഏജൻസി തയ്യാറാക്കിയ ഡി.പി.ആർ. മലിനീകരണ നിയന്ത്രണ ബോർഡ് അംഗീകരിച്ചിട്ടുണ്ടെന്നും ടെണ്ടർ നടപടികളിലൂടെയാണ് പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്തതെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. മലിനീകരണ നിയന്ത്രണ ബോർഡ് പ്രസ്തുത ഏജൻസി നടപ്പിലാക്കിയ ഏതെങ്കിലും പ്രോജക്ട് നേരിട്ട് സന്ദർശിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് സന്ദർശനം നടത്തിയിട്ടില്ലെന്നും പ്രോജക്ട് സമർപ്പിക്കുമ്പോൾ ടെക്നോളജി മാത്രമേ മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കാറുള്ളൂവെന്നും ഡി.പി.ആർ. പരിശോധിച്ച് അംഗീകാരം നൽകിയതാണെന്നും ചെയർമാൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സമിതിയെ അറിയിച്ചു.

32. മാലിന്യ സംസ്കരണത്തിൽ പ്രസ്തുത ഏജൻസിയ്ക്ക് ശരിയായ സാങ്കേതിക വൈദഗ്ധ്യം ഉണ്ടോയെന്ന് അവർ സ്ഥാപിച്ച പ്ലാന്റുകൾ നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്താതെ പ്രോജക്ട് നിർവ്വഹണം പ്രസ്തുത ഏജൻസിയെ ഏൽപ്പിച്ച നഗരസഭയുടെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ടി വിവരം റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. ടി ഏജൻസി സ്ഥാപിച്ച പ്ലാന്റുകൾ പരിശോധിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

33. കൊല്ലം കോർപ്പറേഷനിൽ 15 മാർക്കറ്റുകളാണുള്ളതെന്നും കെ.എസ്.യു.ഡി.പി. യുടെ ഭാഗമായി സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനരഹിതമായിരുന്നുവെന്നും പ്രസ്തുത പ്ലാന്റുകൾ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി മൂന്ന് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവയുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുക യാണെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. മാർക്കറ്റുകൾ എല്ലാ ദിവസവും ശുചീകരിക്കുകയും ആഴ്ചയിലൊരിക്കൽ മാസ് ക്ലീനിംഗ് നടത്തി മാർക്കറ്റിന്റെ ശുചീകരണം ഉറപ്പുവരുത്തുന്നതായും കേടായിക്കിടക്കുന്ന ഡ്രെയിനേജുകൾ നന്നാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായും ബയോഗ്യാസ് പ്ലാന്റിനകത്ത് സെഡിമെന്റ് ഫോർമേഷൻ ഉണ്ടാകുന്നതായും നിർമ്മാണ സമയത്ത് ഇത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും സ്ലറി കൂടാതെ

സെഡിമെന്റ് ഉണ്ടാകുന്നതിന്റെ ഫലമായി കുറേക്കാലം കഴിയുമ്പോൾ പ്ലാന്റിന്റെ സ്പേസ് കുറഞ്ഞുപോകുന്ന സ്ഥിതിയുണ്ടാകുകയും അത് പ്രവർത്തനരഹിതമാകുകയും ചെയ്യുന്നതായി നഗരസഭാ സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

34. ആയതിന്റെ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞു. നിർമ്മാതാക്കളുമായി സംസാരിച്ച അവസരത്തിൽ അതിനായി പ്രത്യേക ഔട്ട്ലെറ്റ് തയ്യാറാക്കുകയാണെങ്കിൽ പ്രശ്നം പരിഹരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും നഗരസഭയുടെ പ്ലാന്റിന്റെ റെക്റ്റിഫിക്കേഷൻ രണ്ടുമാസത്തിനകം പൂർത്തിയാകുമെന്നും കാര്യക്ഷമമായി പ്രസ്തുത പ്ലാന്റ് പരിപാലിക്കുന്നതായിരിക്കുമെന്നും കൊല്ലം നഗരസഭയിലെ പ്രവർത്തനരഹിതമായ പ്ലാന്റിന്റെ നവീകരണത്തിനായി തുക വകയിരുത്തിയിട്ടുണ്ടെന്നും കൊല്ലം നഗരസഭാ സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകി.

35. ആറ്റിങ്ങലിലെ ബയോഗ്യാസ് പ്ലാന്റിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു. ചുടുകാട് എന്ന സ്ഥലത്ത് മാലിന്യ സംസ്കരണ പ്ലാന്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നതായും നിലവിൽ പ്ലാന്റിനെക്കുറിച്ച് പരാതിയൊന്നുമില്ലെന്നും പരാതിയുണ്ടാകുമ്പോൾ അത് പരിഹരിക്കാറുണ്ടെന്നും ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറി സമിതിയിൽ മറുപടി നൽകി. പ്രസ്തുത പ്ലാന്റ് ബയോഗ്യാസ് പ്ലാന്റാണോ എന്ന സമിതിയുടെ ചോദ്യത്തിന് അത് വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റാണെന്നും അതിനോടൊപ്പം ബയോഗ്യാസ് പ്ലാന്റും പ്രവർത്തിക്കുന്നുണ്ടെന്നും പ്ലാന്റിൽ നിന്ന് ലഭിക്കുന്ന വേസ്റ്റ് കൃഷിഭവൻ മുഖേന വളമായി വിൽക്കുന്നുണ്ടെന്നും നഗരസഭാ സെക്രട്ടറി മറുപടി നൽകി.

36. ടി വിഷയം സംബന്ധിച്ച അടൂർ മുനിസിപ്പാലിറ്റിയുടെ മറുപടി പരിശോധിച്ച സമിതി, മാർക്കറ്റ് ആധുനികവൽക്കരണത്തിനുള്ള നിർദ്ദേശം സംസ്ഥാന ഫിഷറീസ് ഡിപ്പാർട്ട്മെന്റിനു മുമ്പാകെ സമർപ്പിച്ചതാരാണെന്നും മുനിസിപ്പാലിറ്റിയ്ക്ക് ഈ വിഷയത്തിൽ യാതൊരു ഉത്തരവാദിത്വവുമില്ലേയെന്നും ആരാഞ്ഞു. ഫിഷറീസ് വകുപ്പാണ് അത് ചെയ്യേണ്ടതെന്നും പ്രസ്തുത മാർക്കറ്റിൽ തന്നെ 25 ലക്ഷം രൂപയുടെ ആധുനിക മത്സ്യ മാർക്കറ്റിനുള്ള ഒരു പദ്ധതി മുനിസിപ്പാലിറ്റി തയ്യാറാക്കിയിട്ടുണ്ടെന്നും ഒരു സ്റ്റാൾ ആണ് ഇപ്പോൾ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ് എന്നും അടൂർ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മാർക്കറ്റിലെ മാലിന്യ സംസ്കരണ സംവിധാനത്തെപ്പറ്റി സമിതി ആരാഞ്ഞു. തീരദേശ വികസന കോർപ്പറേഷൻ മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള സംവിധാനമുണ്ടാക്കിത്തരാമെന്നാണ് പറഞ്ഞിട്ടുള്ളതെന്നും അതനുസരിച്ച് മത്സ്യ മാർക്കറ്റിൽ വരുന്ന വേസ്റ്റ് അതിനകത്തുതന്നെ സംസ്കരിക്കാൻ സാധിക്കുമെന്നും മത്സ്യമാർക്കറ്റ് നിലവിൽ വന്നാൽ മാത്രമേ മാലിന്യ സംസ്കരണം പൂർത്തിയാക്കുകയുള്ളൂവെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

37. മുനിസിപ്പാലിറ്റിയിലെ നിലവിലുള്ള മാലിന്യസംസ്കരണത്തെപ്പറ്റി വ്യക്തമാക്കുവാൻ സമിതി ആവശ്യപ്പെട്ടു. മുനിസിപ്പാലിറ്റിയുടെ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റിലേയ്ക്കാണ് മാലിന്യങ്ങൾ എത്തിക്കുന്നതെന്നും മുനിസിപ്പാലിറ്റി ജീവനക്കാർ പ്ലാസ്റ്റിക് വേർതിരിച്ച ശേഷം മാലിന്യങ്ങൾ ചെറിയ കൂന കൂട്ടി റൊട്ടേറ്റ് ചെയ്ത് കമ്പോസ്റ്റിംഗ് നടത്തി വളം ഉത്പാദിപ്പിക്കുകയും മാർക്കറ്റിൽ വിൽപ്പന നടത്തുകയുമാണ് ചെയ്യുന്നതെന്ന് സെക്രട്ടറി മറുപടി നൽകി. നിലവിലെ എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റിന്റെ പ്രവർത്തനക്ഷമത സംബന്ധിച്ചും പുതിയ മാലിന്യനിർമ്മാർജ്ജന പ്ലാന്റ് നിർമ്മിക്കാൻ മുനിസിപ്പാലിറ്റി ആലോചിക്കുന്നുണ്ടോയെന്നും ആരാഞ്ഞ സമിതി എയ്റോബിക് കമ്പോസ്റ്റിംഗ് രീതി കുറ്റമറ്റ ഒരു രീതിയല്ലെന്നും ആയതിനാൽ ആലപ്പുഴ മോഡൽ സംവിധാനം അടൂരും നടപ്പാക്കുന്നതാണ് ഉചിതമെന്നും അഭിപ്രായപ്പെട്ടു.

38. എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാണെന്നും എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തു തന്നെ സ്ഥലം ഏറ്റെടുത്ത് പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും ഫിഷ് മാർക്കറ്റിൽ ഒരു പുതിയ പ്ലാന്റ് സ്ഥാപിക്കുന്നതു കൂടാതെ തുമ്പൂർമൂഴി മോഡലിൽ മറ്റൊരു പ്ലാന്റ് സ്ഥാപിക്കുന്നതിനായി 13 ലക്ഷം രൂപയുടെ ടെണ്ടർ നൽകിയിട്ടുണ്ടെന്നും അവ രണ്ടും കൂടാതെ എയ്റോബിക് പ്ലാന്റ് സ്ഥിതി ചെയ്യുന്നിടത്ത് മറ്റൊരു പ്ലാന്റിനായി സ്ഥലം അക്വയർ ചെയ്യുന്നുണ്ടെന്നും അടൂർ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. അവ സ്ഥാപിക്കപ്പെടുന്നതോടെ മുനിസിപ്പാലിറ്റിയിലെ മാലിന്യ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി മുനിസിപ്പാലിറ്റി സെക്രട്ടറി ഉറപ്പ് നൽകി. പ്രസ്തുത വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സമിതി തീരുമാനിച്ചു. കൂടാതെ വിജയകരമായി മാലിന്യ സംസ്കരണം നടപ്പിലാക്കുന്ന ആറ്റിങ്ങലിലെയും ആലപ്പുഴയിലെയും പ്ലാന്റുകൾ സന്ദർശിക്കാൻ സമിതി തീരുമാനിച്ചു.

39. ബ്രഹ്മപുരത്തെ വിസർജ്ജ്യ മാലിന്യ സംസ്കരണത്തിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു. ബ്രഹ്മപുരത്ത് സെപ്റ്റേജ് ട്രീറ്റ് ചെയ്യാനുള്ള സംവിധാനമാണുള്ളതെന്നും ഇപ്പോൾ അവിടെ 'വേസ്റ്റ് ടു എനർജി' പ്ലാന്റ് നടപ്പാക്കാനുള്ള പദ്ധതിയുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതി മുമ്പാകെ മറുപടി നൽകി. 'വേസ്റ്റ് ടു എനർജി' പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാൻ സമിതി ആവശ്യപ്പെട്ടു. സർക്കാരിന്റെ വേസ്റ്റ് മാനേജ്മെന്റ് പോളിസി പ്രകാരം ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങളിൽ കമ്മ്യൂണിറ്റി വേസ്റ്റ് മാനേജ്മെന്റ് കൂടാതെ സംസ്ഥാനത്തെ ഏഴ് സ്ഥലങ്ങളിൽ പൊതുവായി നടപ്പാക്കുന്ന പദ്ധതിയാണ് 'വേസ്റ്റ് ടു എനർജി' പദ്ധതി എന്നും ഉറവിടത്തിൽത്തന്നെയോ കമ്മ്യൂണിറ്റി വേസ്റ്റായോ സംസ്കരിക്കാൻ സാധിക്കാതെ

ബാക്കിവരുന്ന വേസ്റ്റ് ഭൂരിഭാഗവും നോൺ ബയോഡീഗ്രെയ്ഡബിൾ ആയവ, സംസ്ഥാനത്ത് ഏഴ് സ്ഥലങ്ങളിൽ പ്ലാന്റ് സ്ഥാപിച്ച് അവിടേയ്ക്ക് കൊണ്ടുപോകുകയും ഭൂരിഭാഗവും നോൺ ബയോഡീഗ്രെയ്ഡബിൾ ആയതിനാൽ ടി വേസ്റ്റിൽ കലോറി വാല്യൂ കൂടുതലായതുകൊണ്ട് അത് കൺവെർട്ട് ചെയ്തെടുക്കുന്ന പദ്ധതിയാണിതെന്നും അതിന്റെ ഒരു മോഡലാണ് ഇപ്പോൾ ബ്രഹ്മപുരത്ത് 'വേസ്റ്റ് ടു എനർജി' എന്ന രീതിയിൽ ആരംഭിക്കാൻ പോകുന്നതെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതി മുമ്പാകെ വ്യക്തമാക്കി. പ്രസ്തുത പദ്ധതി ആരംഭിക്കാൻ പോകുന്നതേയുള്ളൂവെന്നും ബ്രഹ്മപുരത്ത് നിലവിൽ ഡംബിംഗ് മാത്രമാണ് നടക്കുന്നതെന്നും ആദ്യമായി ടി പദ്ധതി നടപ്പിലാക്കുന്ന ബ്രഹ്മപുരത്ത് പ്രസ്തുത പദ്ധതി വിജയകരമാകുമോയെന്ന് പരിശോധിച്ച ശേഷം ബാക്കി സ്ഥലങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കണമെന്നും കൂടാതെ ബത്തേരിയിൽ ഒരു വലിയ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതാണെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അറിയിച്ചു.

40. വെല്ലിംഗ്ടൻ ഐലന്റിലെ മാലിന്യ സംസ്കരണത്തെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ വെല്ലിംഗ്ടൻ ഐലന്റിൽ 'വേസ്റ്റ് ടു എനർജി' പ്രോഗ്രാമിനു തുടക്കമിട്ടെങ്കിലും അത് വിജയകരമായി മുന്നോട്ട് കൊണ്ട് പോകാൻ സാധിച്ചില്ലെന്നും ഹോട്ടലുകളും പോർട്ടും സംയോജിച്ച് ഒരു വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റ് അവിടെ സ്ഥാപിക്കുകയാണുണ്ടായതെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ വ്യക്തമാക്കി.

41. തൃക്കാക്കര നഗരസഭയിൽ നിലവിൽ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പ്ലാന്റ് സ്ഥാപിച്ചിട്ടില്ലെന്നും നഗരസഭയിലെ വേസ്റ്റ് ബ്രഹ്മപുരത്തെ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്കാണ് കൊണ്ടുപോകുന്നതെന്നും സമീപ നഗരസഭകളുമായി സംയോജിച്ച് മാലിന്യ സംസ്കരണം നടത്തുന്നതിന് കൗൺസിൽ തീരുമാനമെടുത്ത് സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും തൃക്കാക്കര നഗരസഭാ സെക്രട്ടറി മറുപടി നൽകി. മാലിന്യ സംസ്കരണത്തിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു സെപ്റ്റേജ് കൊണ്ടു പോകുന്നതിനായി പ്രത്യേകം രജിസ്റ്റർ ചെയ്ത കവചിത വാഹനങ്ങളിൽ നഗരസഭയുടെ സെപ്റ്റേജും അതു കൂടാതെ മുഴുവൻ ഫുഡ് വേസ്റ്റും ബ്രഹ്മപുരത്തെ ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് കൊണ്ട് പോകുകയാണ് എന്നും കൊച്ചിൻ കോർപ്പറേഷന്റെ അധീനതയിലുള്ള ബ്രഹ്മപുരത്തേയ്ക്കാണ് സമീപത്തെ ഒൻപത് മുനിസിപ്പാലിറ്റികളിലെയും സെപ്റ്റേജ് കൊണ്ടുപോകുന്നതെന്നും തൃക്കാക്കര നഗരസഭാ സെക്രട്ടറി അറിയിച്ചു.

42. തൃക്കാക്കര നഗരസഭയ്ക്ക് സ്വന്തമായി ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കാൻ പദ്ധതിയുണ്ടോ എന്നതു സംബന്ധിച്ചും ബ്രഹ്മപുരത്തേയ്ക്ക് സെപ്റ്റേജ് കൊണ്ടുപോകുന്നതിന്

കൊച്ചിൻ കോർപ്പറേഷനുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ചും സമിതി ആരാഞ്ഞു. നഗരസഭയ്ക്ക് മാലിന്യങ്ങൾ ഡമ്പ് ചെയ്യാൻ സ്വന്തമായി സ്ഥലമില്ലാത്തതാണ് പ്രധാന പ്രശ്നമെന്നും ഫുഡ് വേസ്റ്റ് നിക്ഷേപിക്കുന്നതിന് കൊച്ചിൻ കോർപ്പറേഷനുമായി എഗ്രിമെന്റ് ഉണ്ടെന്നും മറ്റ് വേസ്റ്റുകൾ പ്രൈവറ്റ് പാർട്ടികൾ ബ്രഹ്മപുരത്തെ പ്ലാന്റിലേയ്ക്കാണ് കൊണ്ടു പോകുന്നതെന്നും കൊച്ചിൻ കോർപ്പറേഷൻ അംഗീകരിച്ച ലിസ്റ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് മാത്രമേ സെപ്റ്റേജ് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂവെന്നും തൃക്കാക്കര നഗരസഭാ സെക്രട്ടറി അറിയിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിനും സെപ്റ്റേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും തൃക്കാക്കര നഗരസഭയ്ക്ക് പ്രത്യേകിച്ചൊരു പദ്ധതിയുമില്ലെന്നും എല്ലാം ഒഴിവാക്കി വിടുക മാത്രമാണ് ചെയ്യുന്നതെന്നും സമിതി നിരീക്ഷിച്ചു.

43. കോഴിക്കോട് മെഡിക്കൽ കോളേജിലെ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളേജിന് 2 എം.എൽ.ഡി. പ്ലാന്റാണുള്ളതെന്നും അത് അപര്യാപ്തമായതിനാൽ 'അമൃത് പദ്ധതി'യുൾപ്പെടുത്തി 3 എം.എൽ.ഡി. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ടെക്നിക്കൽ സാങ്ഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും കോഴിക്കോട് നഗരസഭാ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. മെഡിക്കൽ കോളേജ് ആയിരുന്നില്ലേ പ്ലാന്റ് സ്ഥാപിക്കേണ്ടിയിരുന്നതെന്ന സമിതിയുടെ ചോദ്യത്തിന് മെഡിക്കൽ കോളേജ് ആയിരുന്നു പ്ലാന്റ് നിർമ്മിക്കേണ്ടിരുന്നതെങ്കിലും അപ്രകാരം ചെയ്യാതെ നഗരസഭയുടെ ഒരു വാർഡിലേയ്ക്ക് ആശുപത്രി മാലിന്യം ഒഴുക്കിവിടുകയും മാലിന്യ നിർമ്മാർജ്ജനം നഗരസഭയുടെ ബാധ്യതയായി വരികയും ചെയ്തപ്പോൾ പ്ലാന്റ് നിർമ്മിക്കാൻ നഗരസഭ തീരുമാനിക്കുകയാണുണ്ടായതെന്നും കൂടാതെ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് മാലിന്യം ഒഴുക്കി വിടുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശങ്ങളുണ്ടായതുകൊണ്ടാണ് നഗരസഭ ഇടപ്പെട്ടതെന്നും മായനാട് എന്ന വാർഡിലേയ്ക്കാണ് ദ്രവമാലിന്യം മുഴുവൻ ഒഴുക്കിവിട്ടുകൊണ്ടിരുന്നത് എന്നും കോഴിക്കോട് നഗരസഭ അഡീഷണൽ സെക്രട്ടറി അറിയിച്ചു.

44. 'അമൃത് പദ്ധതി' പ്രകാരം മുനിസിപ്പാലിറ്റിയുടേയോ കോർപ്പറേഷന്റേയോ അധികാരപരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാവുന്നതാണെന്നും അമൃത് പദ്ധതിയിലുൾപ്പെടുത്തി 3 എം.എൽ.ഡി. പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും ടി പ്രോജക്ട് സ്ഥാപിക്കപ്പെടുമ്പോൾ മാലിന്യ പ്രശ്നം പരിഹരിക്കപ്പെടുമെന്നും അഡീഷണൽ സെക്രട്ടറി, കോഴിക്കോട് നഗരസഭ സമിതിയിൽ ബോധിപ്പിച്ചു. എന്നാൽ പ്രസ്തുത പ്രോജക്ട് വെറ്റ് ചെയ്യുന്നതിനായി ഇതുവരെ മലിനീകരണ നിയന്ത്രണ ബോർഡിൽ

സമർപ്പിച്ചിട്ടില്ലെന്നും നഗരസഭ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരം വാങ്ങാതെ മുമ്പും പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും നിലവിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റിലെ ശുദ്ധീകരിച്ച ജലം ഒഴുക്കി വിടുന്നത് സംബന്ധിച്ച തർക്കങ്ങൾക്കൊടുവിൽ 7 കോടി രൂപ അധികമായി ചെലവഴിച്ച് കനോലി കനാലിലേയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിച്ചുവെങ്കിലും നാട്ടുകാരുടെ എതിർപ്പിനെത്തുടർന്ന് ഇതുവരെ ടി പൈപ്പ് ലൈൻ വഴി ജലമൊഴുക്കി വിടാൻ സാധിച്ചിട്ടില്ലെന്നും പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിന് പ്രൊപ്പോസലുണ്ടെങ്കിൽ അത് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ സമർപ്പിച്ച് വെറ്റ് ചെയ്യുന്നതിനുള്ള ബാധ്യത നഗരസഭയ്ക്കുണ്ടെന്നും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ആശുപത്രി രേഖകൾ പ്രകാരം 3.2 എം.എൽ.ഡി. മാലിന്യമാണ് ഉല്പാദിപ്പിക്കപ്പെടുന്നതെന്നും 3 എം.എൽ.ഡി. പ്ലാന്റ് നിർമ്മിച്ചാൽ ഭാവിയിൽ മാലിന്യത്തിന്റെ അളവ് വർദ്ധിക്കുമ്പോൾ ടി പ്ലാന്റിന് അത് ഉൾക്കൊള്ളുവാൻ കഴിയുമോ എന്നും ഓഡിറ്റ് ഓഫീസർ, അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ് സംശയം പ്രകടിപ്പിച്ചു. നിലവിലുള്ള പ്ലാന്റ് അപ്ഗ്രേഡ് ചെയ്യുകയല്ല പകരം 2 എം.എൽ.ഡി. പ്ലാന്റിനുപുറമേ 3 എം.എൽ.ഡി. പ്ലാന്റ് അഡീഷണലായി നിർമ്മിക്കുകയാണ് ചെയ്യുന്നതെന്ന് അഡീഷണൽ സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ സമിതിയിൽ ബോധിപ്പിച്ചു. അതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി വാങ്ങണ്ടേയെന്ന സമിതിയുടെ ചോദ്യത്തിന് 'അമൃത് പദ്ധതി'യിലുൾപ്പെടുത്തിയാണ് പ്ലാന്റ് നിർമ്മിക്കുന്നതെന്നും 'അമൃത് പദ്ധതി'കൾക്ക് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അഡീഷണൽ സെക്രട്ടറി, കോഴിക്കോട് നഗരസഭ അറിയിച്ചു.

45. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സി'ന്റെ ഭാഗമായി ചെയ്യുന്ന പ്രോജക്ടുകൾക്ക് 7 വകുപ്പുകൾ കൂടിച്ചേർന്നുള്ള കമ്മിറ്റി പരിശോധിച്ചാൽ മറ്റ് പരിശോധനകളൊന്നും ആവശ്യമില്ലെന്നും എന്നാൽ മറ്റ് പ്രോജക്ടുകൾക്ക് consent to 'establish', consent to 'operate' എന്നിവ ഒഴിവാക്കാൻ സാധിക്കില്ലെന്നും പ്ലാന്റ് നിർമ്മിക്കുന്ന സ്ഥലം അനുയോജ്യമാണോയെന്നും, ജലം എങ്ങോട്ടാണ് ഒഴുക്കി വിടുന്നത് എന്നുമുള്ള കാര്യങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കണമെന്നും ഏത് പദ്ധതിയാണെങ്കിലും ഈ നടപടിക്രമങ്ങൾ പാലിച്ചിരിക്കണമെന്നും മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അറിയിച്ചു. ഒരു പ്രോജക്ട് നടപ്പിലാക്കാനുള്ള അനുമതിയാണ് ഹൈപവർ കമ്മിറ്റി നൽകുന്നതെന്നും ബാക്കിയുള്ള നടപടിക്രമങ്ങൾ പാലിക്കണമെന്നും അഡീഷണൽ സെക്രട്ടറി ആന്റ് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിയിൽ ബോധിപ്പിച്ചു. പ്രസ്തുത പ്രോജക്ട് നഗരസഭ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ സമർപ്പിച്ച് അംഗീകാരത്തിനായുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

46. ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങളിൽ പരിഹാരം കാണുന്നതിനായി ചില നല്ല മാതൃകകൾ സംസ്ഥാനത്തുണ്ടെന്നും അത് സംസ്ഥാനം മുഴുവൻ നടപ്പിലാക്കാനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഉണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു. നന്നായി പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ നഗര തദ്ദേശസ്ഥാപനങ്ങളിലെ ബന്ധപ്പെട്ടവർ സന്ദർശിച്ച് ഏറ്റവും നല്ല മാതൃകകൾ നടപ്പിലാക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. ആലപ്പുഴ ജില്ലയിലെ ജനവാസ കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് പരാതികളൊന്നുമില്ലാതെ പ്രവർത്തിക്കുന്നതായി സമിതി മനസ്സിലാക്കുകയും മറ്റ് സ്ഥലങ്ങളിലും പ്രസ്തുത പ്ലാന്റിന്റെ മാതൃകയിൽ മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും അതിനുള്ള പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

47. സമിതിയുടെ 3-10-2018-ലെ യോഗതീരുമാന പ്രകാരം ആലപ്പുഴ ജില്ലയിലെ തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് സമിതി 29-8-2019-ന് സന്ദർശിച്ച് പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് വിലയിരുത്തി.

48. വയനാട് ജില്ലയിലെ ബ്രഹ്മഗിരി സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്ഥാപിച്ചിരിക്കുന്ന അറവുശാല, ആറ്റിങ്ങൽ ജില്ലയിൽ സ്ഥാപിച്ചിരിക്കുന്ന തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവയുടെ സന്ദർശനം സമിതി ഒഴിവാക്കി.

## നിഗമനങ്ങൾ/ശിപാർശകൾ

**49. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ നിയമാനുസൃതം യോഗം ചേരുന്നതിൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും നിരന്തരമായി വീഴ്ച വരുത്തുന്നതായും ഭരണ വകുപ്പ് ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാതിരിക്കുന്നതായും നിരീക്ഷിക്കുന്ന സമിതി ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ചട്ടപ്രകാരവും കാര്യക്ഷമവുമാക്കുന്നതിന് ബന്ധപ്പെട്ട നഗരതദ്ദേശ സ്ഥാപന സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം ഭരണവകുപ്പ് ഈ വിഷയത്തിൽ ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**50. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗം മാസത്തിലൊരിക്കൽ കൃത്യമായും വിളിച്ചുചേർക്കേണ്ടത് ചെയർമാന്റെ നിയമപരമായ ഉത്തരവാദിത്തമായും അപ്രകാരം അടുത്തടുത്ത മൂന്ന് യോഗങ്ങൾ വിളിച്ചു ചേർക്കാത്തപക്ഷം ഭരണസമിതിയുടെ ശേഷിച്ച കാലയളവിൽ സ്റ്റാന്റിംഗ്**

കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനത്തേക്ക് അദ്ദേഹത്തിന് അയോഗ്യത ഉണ്ടാകുമെന്നുമുള്ള വ്യവസ്ഥചെയ്യുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ചെയർമാൻ സ്ഥാനത്തിന് അയോഗ്യത ഉണ്ടാകുന്ന സാഹചര്യത്തിൽ കമ്മിറ്റിയിലെ മുതിർന്ന അംഗത്തിന് യോഗം വിളിച്ച് ചേർക്കുന്നതിന് അധികാരം നൽകുന്ന വ്യവസ്ഥകളും നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51. ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ രൂപീകരിക്കുവാനും അമിതമായി മാലിന്യം പെരുകി സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാൻ സാധ്യതയുള്ള മേഖലകളിൽ ശുചിത്വ സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനും ആവശ്യമായ കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും നടപ്പിലാക്കാനും നടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

52. കോഴിക്കോട് നഗരസഭയിൽ വാർഡ് സാനിട്ടേഷൻ കമ്മിറ്റി കൺവീനർമാർക്ക് അഡ്വാൻസായി നൽകിയിരുന്നതും ക്രമവൽക്കരിക്കപ്പെടാതിരുന്നതുമായ ₹1.85 കോടി ക്രമീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ അക്കൗണ്ടന്റ് ജനറലിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

53. മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി സർക്കാർ ശുചിത്വ മിഷന് വൻ തുക അനുവദിച്ചിട്ടും മാലിന്യസംസ്കരണത്തിൽ മാതൃകയായി ചൂണ്ടിക്കാണിക്കാവുന്ന ഒരു വാർഡ് പോലും സംസ്ഥാനത്ത് ഇല്ലായെന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ശുചിത്വമിഷന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും അവർ പാലിക്കുന്നില്ലെന്നും ശുചിത്വ മിഷന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രേരണയും പ്രചോദനവും നൽകുന്നതിന് മോഡൽ ഉണ്ടാക്കിക്കൊടുക്കുവാനും ടെക്നിക്കൽ ആന്റ് മേനേജീരിയൽ സപ്പോർട്ട് നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി സർക്കാർ ഈ വിഷയം ഗൗരവമായി എടുത്ത് ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു.

54. പൊതുശൗചാലയങ്ങളുടെ പരിപാലനം സംബന്ധിച്ച് നഗരതദ്ദേശസ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ തൃപ്തികരമല്ലായെന്ന് അഭിപ്രായപ്പെട്ട സമിതി പൊതുശൗചാലയങ്ങൾ വൃത്തിയായി പരിപാലിക്കുന്നതിനും അവ ശരിയായ രീതിയിൽ നിലനിറുത്തുന്നതിനും ശരിയായ പരിശോധനാസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനും നഗരതദ്ദേശ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു.

55. ഇ-ടോയ്‌ലെറ്റുകൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിനും സംവിധാനമേർപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന സ്ഥാപിക്കപ്പെടുന്ന ഇ-ടോയ്‌ലറ്റുകൾ വളരെ വേഗം പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തമായി ഉത്പാദിപ്പിക്കാത്ത സാധനസാമഗ്രികൾ ടെണ്ടർ മുഖേനയല്ലാതെ നേരിട്ട് വാങ്ങരുതെന്നും നിർദ്ദേശിക്കുന്നു.

56. അറവുശാലകളുടെ പരിപാലനം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ ബന്ധപ്പെട്ട നഗരതദ്ദേശ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടി മാതൃകാപരമല്ലെന്ന് നിരീക്ഷിച്ച സമിതി അറവുശാലകളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അറവുശാലകളുടെ പ്രവർത്തനം നവീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു.

57. അറവുശാലകൾ പ്രവർത്തിപ്പിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണെന്നിരിക്കെ കൊല്ലം, നെടുമങ്ങാട്, കോട്ടയം, തൃപ്പൂണിത്തുറ, ആറ്റിങ്ങൽ, വടക്കൻ പറവൂർ നഗരസഭകൾ നിർമ്മിച്ച അറവുശാലകൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി വാങ്ങാതിരുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി വിശദീകരണം ആവശ്യപ്പെടുന്നു.

58. മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിവിധ നഗരതദ്ദേശസ്ഥാപനങ്ങൾ സ്വീകരിച്ചിരിക്കുന്ന നടപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി സർക്കാർ വളരെ പ്രാധാന്യം നൽകിയിരിക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണമായി ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടതുമായ ഒരു വിഷയത്തിൽ ഗുരുതരമായ അനാസ്ഥയാണ് ബന്ധപ്പെട്ട നഗരതദ്ദേശ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ആയതിനാൽ ഈ വിഷയത്തിൽ നഗരതദ്ദേശ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും മാതൃകാപരമായ സമീപനം ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു.

59. പെണ്ണാർ തോടിലൂടെ മാലിന്യങ്ങൾ ഒഴുക്കിവിടുന്നത് തടയുന്നതിനും തോട് ശുചീകരിക്കുന്നതിനും ഭരണവകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

60. കോതമംഗലം മുനിസിപ്പാലിറ്റി പരിധിയിൽ കൂടി ഒഴുകുന്ന കുരൂർ തോട് മാലിന്യമുക്തമാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി ആരാഞ്ഞ വിശദാംശങ്ങൾക്ക് വ്യക്തമായ മറുപടി നൽകാൻ മുനിസിപ്പാലിറ്റിയ്ക്ക് സാധിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കുരൂർ തോടിലെ ജലപരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ജലമലിനീകരണത്തിന് ഉത്തരവാദികളായവർക്കെതിരെ ചട്ടപ്രകാരം കൈക്കൊണ്ട നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെടുന്നു.

61. കാവിൽക്കടവ് തോട് പൂർണ്ണമായും മാലിന്യമുക്തമാക്കിയിട്ടുണ്ടെന്ന് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി അവകാശപ്പെടുന്നുണ്ടെങ്കിലും ജലപരിശോധന നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ തോട് പൂർണ്ണമായും മാലിന്യമുക്തമാക്കിയിട്ടുണ്ടെന്ന് മുനിസിപ്പാലിറ്റിയ്ക്ക് അവകാശപ്പെടാൻ കഴിയില്ലെന്ന് വിലയിരുത്തുന്ന സമിതി കാവിൽക്കടവ് തോട്ടിലെ ജലപരിശോധന നടത്തി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ ആവശ്യപ്പെടുന്നു.

62. അഷ്ടമുടിക്കായലിന്റെ നവീകരണത്തിനായി കൊല്ലം നഗരസഭയുടെ നേതൃത്വത്തിൽ നഗരസഭയിലെ ഓരോ വാർഡിലെയും റസിഡന്റ്സ് അസോസിയേഷനുകളെ പ്രത്യേകം വിളിച്ചുകൂട്ടി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനും വീടുകളിൽ നിന്നും ഹോട്ടലുകളിൽനിന്നും കായലിലേയ്ക്ക് മാലിന്യം നിക്ഷേപിക്കുന്നത് നിറുത്തലാക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിന് ഹോട്ടലുകളിൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കർശന നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് അഭികാമ്യമാകുമെന്നും അഭിപ്രായപ്പെടുന്നു.

63. കോഴിക്കോട് നഗരസഭയിൽ കെയ്കോ (കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ) സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനരഹിതമായ സാഹചര്യത്തിൽ നോട്ടീസ് നൽകി രണ്ട് വർഷമായിട്ടും പ്രസ്തുത സ്ഥാപനത്തിനെതിരെ നഗരസഭ തുടർനടപടി സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. എഗ്രിമെന്റ് നിലനിൽക്കെത്തന്നെ കെയ്കോക്കെതിരെ മറ്റ് നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമാകുമോയെന്ന് പരിശോധിച്ച് നഷ്ടത്തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

**64. വടക്കൻ പറവൂർ മുനിസിപ്പാലിറ്റി മത്സ്യ മാർക്കറ്റിലെ ദ്രവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ നിർമ്മാണം ഒരു ഏജൻസിയെ ഏൽപ്പിച്ചത് പ്രസ്തുത ഏജൻസിയ്ക്ക് ടി പ്രോജക്ടുമായി ബന്ധപ്പെട്ട ശരിയായ സാങ്കേതിക വൈദഗ്ദ്ധ്യം ഉണ്ടോയെന്ന് പരിശോധിക്കാതെയും പ്രസ്തുത ഏജൻസി സ്ഥാപിച്ച ഒരു പ്ലാന്റ് എങ്കിലും നേരിൽ സന്ദർശിച്ച് ബോധ്യപ്പെടാതെയുമാണെന്ന് നിരീക്ഷിച്ച സമിതി മുനിസിപ്പാലിറ്റിയുടെ നിരുത്തരവാദപരമായ നടപടിയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം പ്രസ്തുത ഏജൻസി സ്ഥാപിച്ച പ്ലാന്റ് നേരിൽ പരിശോധിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ മുനിസിപ്പാലിറ്റി അധികൃതരോട് നിർദ്ദേശിക്കുന്നു.**

**65. കോഴിക്കോട് നഗരസഭ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം വാങ്ങാതെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതായി നിരീക്ഷിച്ച സമിതി നഗരസഭയിൽ അമൃത് പദ്ധതിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രോജക്ട് മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിച്ച് അനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.**

**66. ആറ്റിങ്ങൽ നഗരസഭ, ആലപ്പുഴ ജില്ലയിലെ ജനവാസമേഖലയിൽ സ്ഥാപിച്ചിരിക്കുന്ന തുമ്പൂർമൂഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ, വയനാട്ടിൽ ബ്രഹ്മഗിരി സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന അറവുശാല, കോഴിക്കോട് നഗരസഭയിലെ കനോലി കനാൽ ശുചീകരണം തുടങ്ങിയ മാലിന്യസംസ്കരണം വിജയകരമായി നടപ്പിലാക്കിയ മാതൃകകൾ സംസ്ഥാനത്തെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുവാനുള്ള ശ്രമം സർക്കാർ തലത്തിൽ ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രസ്തുത മാലിന്യ സംസ്കരണ പദ്ധതികളുടെ മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കണമെന്നും പൊതുജനങ്ങളിൽ നിന്നും പ്രതിഷേധം ഉയരുന്ന വേളയിൽ മേൽ പ്രസ്താവിച്ച മാതൃകകൾ റസിഡൻസ് അസോസിയേഷൻ പ്രതിനിധികളെയും മറ്റും നേരിൽ കാണിച്ച് ബോധ്യപ്പെടുത്തണമെന്നും വിജയകരമായി പ്രവർത്തിക്കുന്ന പദ്ധതികളെക്കുറിച്ച് പ്രചാരണം നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

കെ.സുരേഷ് കുറുപ്പ്,

തിരുവനന്തപുരം, *അദ്ധ്യക്ഷൻ,*

2021, ജനുവരി 21. *ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

## അനുബന്ധം I
## പ്രധാനപ്പെട്ട നിഗമനങ്ങൾ /ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 49 | തദ്ദേശ സ്വയംഭരണം | ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ നിയമാനുസൃതം യോഗം ചേരുന്നതിൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും നിരന്തരമായി വീഴ്ച വരുത്തുന്നതായും ഭരണ വകുപ്പ് ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാതിരിക്കുന്നതായും നിരീക്ഷിക്കുന്ന സമിതി ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ചട്ടപ്രകാരവും കാര്യക്ഷമവുമാക്കുന്നതിന് ബന്ധപ്പെട്ട നഗരതദ്ദേശ സ്ഥാപന സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം ഭരണവകുപ്പ് ഈ വിഷയത്തിൽ ജാഗ്രത പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 2 | 50 | തദ്ദേശ സ്വയംഭരണം | ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗം മാസത്തിലൊരിക്കൽ കൃത്യമായും വിളിച്ചുചേർക്കേണ്ടത് ചെയർമാന്റെ നിയമപരമായ ഉത്തരവാദിത്തമായും അപ്രകാരം അടുത്തടുത്ത മൂന്ന് യോഗങ്ങൾ വിളിച്ചു ചേർക്കാത്തപക്ഷം ഭരണസമിതിയുടെ ശേഷിച്ച കാലയളവിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനത്തേക്ക് അദ്ദേഹത്തിന് അയോഗ്യത ഉണ്ടാകുമെന്നുമുള്ള വ്യവസ്ഥ ചെയ്യുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ചെയർമാൻ സ്ഥാനത്തിന് അയോഗ്യത ഉണ്ടാകുന്ന സാഹചര്യത്തിൽ കമ്മിറ്റിയിലെ മുതിർന്ന അംഗത്തിന് യോഗം വിളിച്ചു ചേർക്കുന്നതിന് അധികാരം നൽകുന്ന വ്യവസ്ഥകളും നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 3 | 51 | തദ്ദേശ സ്വയംഭരണം | ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റികൾ രൂപീകരിക്കുവാനും അമിതമായി മാലിന്യം പെരുകി സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാൻ സാധ്യതയുള്ള മേഖലകളിൽ ശുചിത്വ സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനും ആവശ്യമായ കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും നടപ്പിലാക്കാനും നടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 52 | തദ്ദേശ സ്വയംഭരണം | കോഴിക്കോട് നഗരസഭയിൽ വാർഡ് സാനിട്ടേഷൻ കമ്മിറ്റി കൺവീനർമാർക്ക് അഡ്വാൻസായി നൽകിയിരുന്നതും ക്രമവൽക്കരിക്കപ്പെടാതിരുന്നതുമായ ₹1.85 കോടി ക്രമീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ അക്കൗണ്ടന്റ് ജനറലിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 53 | തദ്ദേശ സ്വയംഭരണം | മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി സർക്കാർ ശുചിത്വമിഷന് വൻ തുക അനുവദിച്ചിട്ടും മാലിന്യ സംസ്കരണത്തിൽ മാതൃകയായി ചൂണ്ടിക്കാണിക്കാവുന്ന ഒരു വാർഡ് പോലും സംസ്ഥാനത്ത് ഇല്ലായെന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ശുചിത്വമിഷന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും മെമ്മോറാണ്ടം ഓഫ് അസോസിയേഷനും അവർ പാലിക്കുന്നില്ലെന്നും ശുചിത്വ മിഷന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രേരണയും പ്രചോദനവും നൽകുന്നതിന് മോഡൽ ഉണ്ടാക്കിക്കൊടുക്കുവാനും ടെക്നിക്കൽ ആന്റ് മേനേജീരിയൽ സപ്പോർട്ട് നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ടെന്ന് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നിരീക്ഷിച്ച സമിതി സർക്കാർ ഈ വിഷയം ഗൗരവമായി എടുത്ത് ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു. |
| 6 | 54 | തദ്ദേശ സ്വയംഭരണം | പൊതുശൗചാലയങ്ങളുടെ പരിപാലനം സംബന്ധിച്ച് നഗരതദ്ദേശസ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ തൃപ്തികരമല്ലായെന്ന് അഭിപ്രായപ്പെട്ട സമിതി പൊതുശൗചാലയങ്ങൾ വൃത്തിയായി പരിപാലിക്കുന്നതിനും അവ ശരിയായ രീതിയിൽ നിലനിറുത്തുന്നതിനും ശരിയായ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനും നഗരതദ്ദേശ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. |
| 7 | 55 | തദ്ദേശ സ്വയംഭരണം | ഇ-ടോയ്‌ലെറ്റുകൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിനും സംവിധാനമേർപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾമുഖേന സ്ഥാപിക്കപ്പെടുന്ന ഇ-ടോയ്‌ലെറ്റുകൾ വളരെവേഗം പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തമായി ഉത്പാദിപ്പിക്കാത്ത സാധനസാമഗ്രികൾ ടെണ്ടർ മുഖേനയല്ലാതെ നേരിട്ട് വാങ്ങരുതെന്നും നിർദ്ദേശിക്കുന്നു. |
| 8 | 56 | തദ്ദേശ സ്വയംഭരണം | അറവുശാലകളുടെ പരിപാലനം സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ ബന്ധപ്പെട്ട നഗര തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടി മാതൃകാപരമല്ലെന്ന് നിരീക്ഷിച്ച സമിതി അറവുശാലകളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അറവുശാലകളുടെ പ്രവർത്തനം നവീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | 57 | തദ്ദേശ സ്വയംഭരണം | അറവുശാലകൾ പ്രവർത്തിപ്പിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണെന്നിരിക്കെ കൊല്ലം, നെടുമങ്ങാട്, കോട്ടയം, തൃപ്പൂണിത്തുറ, ആറ്റിങ്ങൽ, വടക്കൻ പറവൂർ നഗരസഭകൾ നിർമ്മിച്ച അറവുശാലകൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി വാങ്ങാതിരുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും സമിതി വിശദീകരണം ആവശ്യപ്പെടുന്നു. |
| 10 | 58 | തദ്ദേശ സ്വയംഭരണം | മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിവിധ നഗരതദ്ദേശ സ്ഥാപനങ്ങൾ സ്വീകരിച്ചിരിക്കുന്ന നടപടി തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി സർക്കാർ വളരെ പ്രാധാന്യം നൽകിയിരിക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണമായി ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടതുമായ ഒരു വിഷയത്തിൽ ഗുരുതരമായ അനാസ്ഥയാണ് ബന്ധപ്പെട്ട നഗരതദ്ദേശ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ആയതിനാൽ ഈ വിഷയത്തിൽ നഗരതദ്ദേശ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും മാതൃകാപരമായ സമീപനം ഉണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു. |
| 11 | 59 | തദ്ദേശ സ്വയംഭരണം | പെണ്ണാർ തോടിലൂടെ മാലിന്യങ്ങൾ ഒഴുക്കിവിടുന്നത് തടയുന്നതിനും തോട് ശുചീകരിക്കുന്നതിനും ഭരണവകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 12 | 60 | തദ്ദേശ സ്വയംഭരണം | കോതമംഗലം മുനിസിപ്പാലിറ്റി പരിധിയിൽ കൂടി ഒഴുകുന്ന കുരൂർ തോട് മാലിന്യമുക്തമാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് സമിതി ആരാഞ്ഞ വിശദാംശങ്ങൾക്ക് വ്യക്തമായ മറുപടി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | തദ്ദേശ സ്വയംഭരണം | നൽകാൻ മുനിസിപ്പാലിറ്റിയ്ക്ക് സാധിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കുരൂർ തോടിലെ ജലപരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ജലമലിനീകരണത്തിന് ഉത്തരവാദികളായവർക്കെതിരെ ചട്ടപ്രകാരം കൈക്കൊണ്ട നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെടുന്നു. |
| 13 | 61 | തദ്ദേശ സ്വയംഭരണം | കാവിൽക്കടവ് തോട് പൂർണ്ണമായും മാലിന്യമുക്ത മാക്കിയിട്ടുണ്ടെന്ന് കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി അവകാശപ്പെടുന്നുണ്ടെങ്കിലും ജലപരിശോധന നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ തോട് പൂർണ്ണമായും മാലിന്യമുക്തമാക്കിയിട്ടുണ്ടെന്ന് മുനിസിപ്പാലിറ്റിയ്ക്ക് അവകാശപ്പെടാൻ കഴിയില്ലെന്ന് വിലയിരുത്തുന്ന സമിതി കാവിൽക്കടവ് തോട്ടിലെ ജലപരിശോധന നടത്തി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ ആവശ്യപ്പെടുന്നു. |
| 14 | 62 | തദ്ദേശ സ്വയംഭരണം | അഷ്ടമുടിക്കായലിന്റെ നവീകരണത്തിനായി കൊല്ലം നഗരസഭയുടെ നേതൃത്വത്തിൽ നഗരസഭയിലെ ഓരോ വാർഡിലെയും റസിഡന്റ്സ് അസോസിയേഷനുകളെ പ്രത്യേകം വിളിച്ചുകൂട്ടി മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനും വീടുകളിൽനിന്നും ഹോട്ടലുകളിൽനിന്നും കായലിലേയ്ക്ക് മാലിന്യം നിക്ഷേപിക്കുന്നത് നിറുത്തലാക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിന് ഹോട്ടലുകളിൽ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കർശന നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നതോടൊപ്പം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് അഭികാമ്യമാകുമെന്നും അഭിപ്രായപ്പെടുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 15 | 63 | തദ്ദേശ സ്വയംഭരണ | കോഴിക്കോട് നഗരസഭയിൽ കെയ്കോ (കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ) സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനരഹിതമായ സാഹചര്യത്തിൽ നോട്ടീസ് നൽകി രണ്ട് വർഷമായിട്ടും പ്രസ്തുത സ്ഥാപനത്തിനെതിരെ നഗരസഭ തുടർനടപടി സ്വീകരിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. എഗ്രിമെന്റ് നിലനിൽക്കെത്തന്നെ കെയ്കോക്കെതിരെ മറ്റ് നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യ മാകുമോയെന്ന് പരിശോധിച്ച് നഷ്ടത്തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 16 | 64 | തദ്ദേശ സ്വയംഭരണം | വടക്കൻ പറവൂർ മുനിസിപ്പാലിറ്റി മത്സ്യ മാർക്കറ്റിലെ ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ നിർമ്മാണം ഒരു ഏജൻസിയെ ഏൽപ്പിച്ചത് പ്രസ്തുത ഏജൻസിയ്ക്ക് ടി പ്രോജക്ടുമായി ബന്ധപ്പെട്ട ശരിയായ സാങ്കേതിക വൈദഗ്ദ്ധ്യം ഉണ്ടോയെന്ന് പരിശോധിക്കാതെയും പ്രസ്തുത ഏജൻസി സ്ഥാപിച്ച ഒരു പ്ലാന്റ് എങ്കിലും നേരിൽ സന്ദർശിച്ച് ബോധ്യപ്പെടാതെയുമാണെന്ന് നിരീക്ഷിച്ച സമിതി മുനിസിപ്പാലിറ്റിയുടെ നിരുത്തരവാദപരമായ നടപടിയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്ന തോടൊപ്പം പ്രസ്തുത ഏജൻസി സ്ഥാപിച്ച പ്ലാന്റ് നേരിൽ പരിശോധിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ മുനിസിപ്പാലിറ്റി അധികൃരോട് നിർദ്ദേശിക്കുന്നു. |
| 17 | 65 | തദ്ദേശ സ്വയംഭരണ | കോഴിക്കോട് നഗരസഭ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം വാങ്ങാതെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതായി നിരീക്ഷിച്ച സമിതി നഗരസഭയിൽ അമൃത് പദ്ധതിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രോജക്ട് മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിച്ച് അനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 18 | 66 | തദ്ദേശ സ്വയംഭരണം | ആറ്റിങ്ങൽ നഗരസഭ, ആലപ്പുഴ ജില്ലയിലെ ജനവാസമേഖലയിൽ സ്ഥാപിച്ചിരിക്കുന്ന തുമ്പൂർമൂഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റുകൾ, വയനാട്ടിൽ ബ്രഹ്മഗിരി സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന അറവുശാല, കോഴിക്കോട് നഗരസഭയിലെ കനോലി കനാൽ ശുചീകരണം തുടങ്ങിയ മാലിന്യസംസ്കരണം വിജയകരമായി നടപ്പിലാക്കിയ മാതൃകകൾ സംസ്ഥാനത്തെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുവാനുള്ള ശ്രമം സർക്കാർ തലത്തിൽ ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രസ്തുത മാലിന്യ സംസ്കരണ പദ്ധതികളുടെ മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കണമെന്നും പൊതുജനങ്ങളിൽ നിന്നും പ്രതിഷേധം ഉയരുന്ന വേളയിൽ മേൽ പ്രസ്താവിച്ച മാതൃകകൾ റസിഡൻസ് അസോസിയേഷൻ പ്രതിനിധികളെയും മറ്റും നേരിൽ കാണിച്ച് ബോധ്യപ്പെടുത്തണമെന്നും വിജയകരമായി പ്രവർത്തിക്കുന്ന പദ്ധതികളെക്കുറിച്ച് പ്രചാരണം നടത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |